# മലയാളം

സ്റ്റാൻഡേർഡ്

X

# ചോദ്യശേഖരം

കേരളസർക്കാർ

വിദ്യാഭ്യാസവകുപ്പ്

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി** (SCERT)

വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

Phone: 0471 - 2341883, 2340323, e-mail: scertkerala@gmail.com

*Prepared by:*
State Council of Educational
Research & Training (SCERT)
Poojappura, Thiruvananthapuram -12,
Kerala. E-mail:scertkerala@gmail.com

*Type setting by:*
SCERT Computer Lab.

©
Government of Kerala
Education Department
2016

# ആമുഖം

പഠനപുരോഗതി മനസ്സിലാക്കാനും മെച്ചപ്പെടുത്താനും പഠനത്തോടൊപ്പം വിലയിരുത്തലും നടക്കേണ്ടതുണ്ട്. ആശയരൂപീകരണത്തിൽ എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്നും വിവിധ നൈപുണികൾ എത്രത്തോളം നേടാൻ കഴിഞ്ഞിട്ടുണ്ടെന്നും ഏതൊക്കെ മേഖലകളിലാണ് പ്രത്യേക അഭിരുചിയുള്ളതെന്നും തിരിച്ചറിയാൻ ഇത് സഹായകമാകുന്നു. പഠനപ്രവർത്തനങ്ങളോടൊപ്പം നടത്തുന്ന നിരന്തര വിലയിരുത്തൽ ഇതിൽ വളരെ പ്രധാനപ്പെട്ടതാണ്. ഓരോ ഘട്ടത്തിലും കൈവരിച്ച പഠനനേട്ടങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ ടേം മൂല്യനിർണയം സഹായിക്കുന്നു. അതിലേക്കുള്ള വഴികാട്ടിയായാണ് ഈ പുസ്തകം രൂപപ്പെടുത്തിയിട്ടുള്ളത്.

പത്താം ക്ലാസിലെ ഓരോ യൂണിറ്റിലെയും പാഠങ്ങളെ ജ്ഞാന നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള പഠനപ്രവർത്തനങ്ങളായി ചോദ്യ മാതൃകയിൽ ചേർത്തിരിക്കുന്നു. ഓരോ ഘട്ടത്തിലും കുട്ടി നേടുന്ന ശേഷികളെ മൂല്യനിർണയം ചെയ്യാൻ മൂല്യനിർണയസൂചകങ്ങളും സ്കോറും നൽകിയിട്ടുണ്ട്. ഇവ കൂടാതെ കൂടുതൽ പഠനപ്രവർത്തനങ്ങൾ ക്ലാസിൽ അവതരിപ്പിച്ച് കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കാൻ അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്.

ഫലപ്രദമായ ഭാഷാപഠനത്തിന് ഈ പുസ്തകം വഴികാട്ടിയാകട്ടെ.

ആശംസകളോടെ,

**ഡോ.ജെ.പ്രസാദ്**

**ഡയറക്ടർ**

# ഉള്ളടക്കം


**പാർട്ട് എ**

ചോദ്യശേഖരം

**കേരളപാഠാവലി**

1. കാലാതീതം കാവ്യവിസ്മയം
2. അനുഭൂതികൾ ആവിഷ്കാരങ്ങൾ
3. സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ
4. വാക്കുകൾ സർഗതാളങ്ങൾ
5. കലകൾ കാവ്യങ്ങൾ

**അടിസ്ഥാനപാഠാവലി**

1. ജീവിതം പടർത്തുന്ന വേരുകൾ
2. നിലാവുപെയ്യുന്ന നാട്ടുവഴികൾ
3. വാക്കുകൾ വിടരുന്ന പുലരികൾ

**പാർട്ട് ബി**

മൂല്യനിർണയസൂചകങ്ങൾ

**പാർട്ട് സി**

മാതൃകാ ചോദ്യപേപ്പറുകൾ

# കേരളപാഠാവലി

## 1

# കാലാതീതം കാവ്യവിസ്മയം

1. പഠനനേട്ടം

- കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ ആവിഷ്കാരസവിശേഷതകൾ തിരിച്ചറിഞ്ഞ് വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.

❓ വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പൊഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും....

- കോപാന്ധനായ ലക്ഷ്മണനെ സമചിത്തനാക്കുന്നതിന് അങ്ങേയറ്റം മനശ്ശാസ്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്തു സ്വാഭിപ്രായം സമർഥിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

| | |
|---|---|
| - കാവ്യസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. | (1) |
| - മനശ്ശാസ്ത്രപരമായ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട് | (2) |
| - പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട് | (1) |

2. പഠനനേട്ടം

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.
- കാവ്യഭാഗങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

❓ നീർപ്പോളപോലെയുള്ളൊരു ദേഹത്തിൽ
വീർപ്പു മാത്രമുണ്ടിങ്ങനെ കാണുന്നു
ഓർത്തിരിയാതെ പാടുപെടുന്നേരം
നേർത്തുപോകുമതെന്നേ പറയാവൂ.

(ജ്ഞാനപ്പാന-പൂന്താനം)

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം

(അധ്യാത്മരാമായണം കിളിപ്പാട്ട്- എഴുത്തച്ഛൻ)

ഇരുകാവ്യഭാഗങ്ങളിലെയും ജീവിതദർശനം താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗങ്ങളിലെ ജിവിതദർശനം കണ്ടെത്തിയിട്ടുണ്ട്. (1)
- താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

## 3. പഠനനേട്ടം

- രചനകൾ വിശകലനം ചെയ്ത് ലേഖനം തയാറാക്കുന്നതിന്.

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

(ജ്ഞാനപ്പാന-പൂന്താനം)

- കുട്ടിയിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം. (ഗാന്ധിജി)
- സംസാരകാരിണിയായതവിദ്യയും
- സംസാരനാശിനിയായതു വിദ്യയും.

(അധ്യാത്മരാമായണം കിളിപ്പാട്ട്-എഴുത്തച്ഛൻ )

- വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെക്കുറിച്ചുള്ള മഹാത്മാക്കളുടെ ചിന്തകളാണല്ലോ മുകളിൽ നൽകിയിരിക്കുന്നത്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ മേൽകൊടുത്തിരിക്കുന്ന ചിന്തകളുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്ത് 'വിദ്യാഭ്യാസം ലക്ഷ്യവും മാർഗവും' എന്ന ശീർഷകത്തിൽ ലഘൂപന്യാസം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സൂചനകളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വിദ്യാഭ്യാസരംഗത്തെ ആനുകാലികസ്ഥിതി കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിഗമനങ്ങൾ രൂപീകരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

## 4. പഠനനേട്ടം

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്

ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണത.

- ഈ വരിയിലെ ആശയവുമായി ഏറ്റവും യോജിക്കുന്ന വരികൾ ചുവടെനിന്ന് കണ്ടെത്തി എഴുതുക.

- സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ
  സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം
- സ്നേഹമാണഖിലസാരമൂഴിയിൽ
- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും
- സ്നേഹിക്കയുണ്ണീ നീ നിന്നെ
  ദ്രോഹിക്കുന്ന ജനത്തെയും

*(സ്കോർ-2 സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- യോജിച്ച വരികൾ കണ്ടെത്തിയിട്ടുണ്ട്. (2)

**5. പഠനനേട്ടം**

- ലേഖനം, നിരൂപണം എന്നിവ വായിച്ച് ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തി വിശകലനക്കുറിപ്പ് തയാറാക്കുന്നതിന്.

- പരത്തിപ്പറയലല്ല; ഒതുക്കിപ്പറയലാണ് കവിത്വം.
- 'മൂന്നോ നാലോ ചതുരയടി കാൻവാസ് മതിയല്ലോ മഹാനായ ഒരു ചിത്രകാരന്നു വിശ്വോത്തരമായ ഒരു ചിത്രം നിർമ്മിക്കുവാൻ.'

(കാളിദാസൻ - എൻ .വി. കൃഷ്ണവാരിയർ)

- മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ അടിസ്ഥാനമാക്കി ഏതെങ്കിലും ഒരു കാളിദാസകൃതിയെക്കുറിച്ച് ലഘുനിരൂപണം തയാറാക്കുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- എൻ.വി. കൃഷ്ണവാരിയരുടെ നിരീക്ഷണത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പ്രസ്താവനയുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്തിട്ടുണ്ട്. (2)

**6. പഠനനേട്ടം**

- വിവിധ കാലഘട്ടങ്ങളിലെ സാഹിത്യരചനകൾ വായിച്ച് അവയുടെ ആഖ്യാന പരമായ സവിശേഷതകൾ തിരിച്ചറിഞ്ഞു വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നതിന്.

- ഗ്രീഷ്മം മുതൽ ആറ് ഋതുക്കളെയും ക്രമമായി വർണിച്ച് അഗാധമായ പ്രകൃതിസ്നേഹം വെളിപ്പെടുത്തുന്നു 'ഋതുസംഹാരം.'
- സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമല്ലെന്നും ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും വ്യക്തമാക്കുന്ന കുമാരസംഭവവും അഭിജ്ഞാനശാകുന്തളവും.
- കാളിദാസൻ മനുഷ്യകഥാനുഗായിയാണ്.

തന്നിട്ടുള്ള സൂചനകൾ പ്രയോജനപ്പെടുത്തി 'വിശ്വമഹാകവി കാളിദാസൻ' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

*(സ്കോർ 6 സമയം 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സൂചനയുമായി ബന്ധപ്പെടുത്തി ആവശ്യമായ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- കാളിദാസനെക്കുറിച്ചുള്ള കൂടുതൽ വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമമായി പ്രഭാഷണരൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. (2)

**7. പഠനനേട്ടം**

- വിശകലനം ചെയ്തു ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തുന്നതിന്.

- ചളുക്കോ പിളുക്കോന്ന്
- പളുങ്കൂസൻ വ്യാകരണം!
- ഡും! പാത്തുമ്മായുടെ ആടു പെറ്റു!
- മ്മിണി ബല്യ ഒന്ന്
- മസിലിനു ബലമില്ല. പിളുപിളിപ്പ്!

(ബഷീർകൃതികളിൽ നിന്ന്)

മുകളിൽ കൊടുത്തിരിക്കുന്ന പ്രയോഗങ്ങൾ വിശകലനം ചെയ്തു ബഷീർകൃതികളിലെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രയോഗങ്ങളുടെ അർഥവ്യാപ്തി തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ബഷീറിന്റെ ഭാഷയുടെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

**8. പഠനനേട്ടം**

- കഥകൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്.

- ‘‘എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു.”
- “അടിമത്തശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടനെത്തന്നെ ഞാൻ അറസ്റ്റുവരിക്കും!”
- കഥാകാരൻ എന്നതിലുപരി വൈക്കം മുഹമ്മദ് ബഷീർ ധീരനായ ഒരു സ്വാതന്ത്ര്യസമരസേനാനി കൂടിയാണ്.

തന്നിരിക്കുന്ന സൂചനകളും അമ്മ എന്ന ഭാഗവും വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സൂചന തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- അവ പ്രയോജനപ്പെടുത്തി പ്രസ്താവന വിലയിരുത്തിയിട്ടുണ്ട്. (2)

**9. പഠനനേട്ടം**

- കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ ജീവിതവീക്ഷണം, തത്ത്വചിന്ത മുതലായവ കണ്ടെത്തി പ്രഭാഷണം തയാറാക്കുന്നതിന്.

- ഇഷ്ടം പറയുന്ന ബന്ധുക്കളാരുമേ.
- കഷ്ടകാലത്തിങ്കലില്ലെന്നു നിർണയം.
- പാദപഫലം പഴുക്കുംമുമ്പേ ഭുജിച്ചീടിൽ.

  സ്വാദുമില്ലല്ലോ പിന്നെ വിത്തുമില്ലാതെ വരും.

- സുഖദുഃഖങ്ങളിടതുടരെക്കൂടെക്കൂടെ

  സകല ജന്തുക്കൾക്കുമുണ്ടെന്നു ധരിച്ചാലും. *(എഴുത്തച്ഛൻ)*

- ഈ വരികളും 'ലക്ഷ്മണസാന്ത്വന'ത്തിലെ ആശയങ്ങളും പരിഗണിച്ച് 'എഴുത്തച്ഛൻ കവിതയിലെ തത്ത്വചിന്ത' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

*(സ്കോർ-6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളിലെ തത്ത്വചിന്ത ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പാഠഭാഗത്തുനിന്നു കൂടുതൽ ആശയം ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

## 10 പഠനനേട്ടം

- കഥകളിലെ ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തുന്നതിന്.

"എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

ഈ വാക്യത്തിലെ ഭാഷാപരമായ രണ്ടു സവിശേഷതകൾ കുറിക്കുക.

*(സ്കോർ-2 സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഭാഷാപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

## 11. പഠനനേട്ടം

- ഘടകപദങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തി എഴുതുന്നതിന്.

മേഘസന്ദേശത്തിലെ പ്രതിപാദ്യം <u>പ്രിയജനവിരഹം</u>കൊണ്ട് മനുഷ്യന്റെ മനസ്സിൽ ഉണ്ടാകുന്ന വെമ്പലും വേദനയുമാണ്.

അടിവരയിട്ട പദം വിഗ്രഹിച്ചെഴുതിയാൽ?

പ്രിയജനംകൊണ്ടുള്ള വിരഹം
പ്രിയജനങ്ങളെക്കുറിച്ചുള്ള വിരഹം
പ്രിയജനങ്ങളാലുള്ള വിരഹം
പ്രിയജനങ്ങളുടെ വിരഹം

*(സ്കോർ: 1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായി വിഗ്രഹിച്ചെഴുതിയ പദം കണ്ടെത്തിയിട്ടുണ്ട്. (പ്രിയജനങ്ങളുടെ വിരഹം)(1)

## 12. പഠനനേട്ടം

- ശൈലിയുടെ ആശയം കണ്ടെത്തുന്നതിനും പുതിയസന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനും.

<u>എല്ലാം മറന്ന്</u> ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു.
അടിവരയിട്ട പ്രയോഗം ശൈലിയായി ഉപയോഗിച്ചിരിക്കുന്ന വാക്യമേത്?

- സ്വാതന്ത്ര്യസമരകഥകൾ എല്ലാം മറന്നുപോയവരാണ് ഇന്നത്തെ പുതുതലമുറ.
- ഇന്നലെ ക്ലാസിൽ പാടിയ കവിതകൾ എല്ലാം മറന്നു.
- എല്ലാം മറക്കുന്നവർക്കു മാത്രമേ പൊറുക്കാനും കഴിയുകയുള്ളൂ.
- ആ മനോഹരമായ പാട്ട് ഞാൻ എല്ലാം മറന്നു കേട്ടുനിന്നു.

*(സ്കോർ: 1, സമയം: 2 മിനിറ്റ്)*

**13. പഠനനേട്ടം**

- ഭാഷാപ്രയോഗങ്ങൾ മൂലമുണ്ടാകുന്ന ഭാവം കണ്ടെത്തുന്നതിന്.

? 'കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പുഷ്ക്കടിമുണ്ട്?' ഈ വാക്യത്തിൽ തെളിയുന്ന ഭാവം?

(ആകാംക്ഷ, സന്തോഷം, പരിഹാസം, കോപം)

*(സ്കോർ: 1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായ ഭാവം തിരിച്ചറിഞ്ഞിട്ടുണ്ട് (പരിഹാസം).

**14. പഠനനേട്ടം**

- പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തുന്നതിന്.

?
- ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവണ്മെന്റ് <u>കരം</u> ചുമത്തിയിരുന്നു.
- അതിഥിയെ ഗൃഹനാഥൻ <u>കരം</u> കൊടുത്തു സ്വീകരിച്ചു.

അടിവരയിട്ട പദങ്ങൾ സമാനാർഥമാണോ നൽകുന്നത്? കണ്ടെത്തുക.

*(സ്കോർ: 2 ,സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദം നൽകുന്ന അർഥവ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

**15. പഠനനേട്ടം**

- കവിത വിശകലനം ചെയ്ത് ഭാഷാപരമായ പ്രത്യേകതകൾ കണ്ടെത്തുന്നു.

? 'ക്രോധമൂലം മനസ്താപമുണ്ടായ് വരും'

താഴെ തന്നിരിക്കുന്നവയിൽ ഈ വരികളുടെ ആശയവുമായി ബന്ധമില്ലാത്തതേത്?

- കോപത്തിൽ തുടങ്ങിയാൽ താപത്തിൽ തീരും.
- കോപം വരുമ്പോൾ നാമം ജപിക്കുക.
- ഒരു കോപം കൊണ്ട് അങ്ങോട്ടു ചാടിയാൽ ഇരുകോപം കൊണ്ടിങ്ങോട്ടു പോരാമോ?
- കോപമാകുന്നത് വിത്തെന്നറിയണം

  പാപമാകുന്ന മരാമരത്തിന്നെടോ.

*(സ്കോർ :1 സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ആശയവുമായി ബന്ധമില്ലാത്തതു കണ്ടെത്തിയിട്ടുണ്ട് (കോപം വരുമ്പോൾ നാമം ജപിക്കുക).

## 2

# അനുഭൂതികൾ ആവിഷ്കാരങ്ങൾ

1. പഠനനേട്ടം

- കഥകൾ വായിച്ച് കഥാപാത്രനിരൂപണം തയാറാക്കുന്നതിന്.

- "ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ."
- "നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."
- "വീട്ടിനെപ്പറ്റി ഓർക്കുന്നത് ഡോക്ടർ തലത്തിന് ഒരു ലഹരിയായിരുന്നു. തന്റെ അമ്മ... തന്റെ അമ്മൂമ്മ... എന്നൊക്കെ വെച്ചാൽ....."

*(വിശ്വരൂപം)*

തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് മിസ്റ്റർ തലത്ത് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. *(സ്കോർ-6 സമയം: 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചനകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കൂടുതൽ സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സവിശേഷതകൾ തിരിച്ചറിഞ്ഞ് കഥാപാത്രനിരൂപണം തയാറാക്കിയിട്ടുണ്ട്. (2)

2. പഠനനേട്ടം.

- കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നതിന്.

- 'മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞിക്കുട്ടിയമ്മ."
- മിസ്സിസ് തലത്ത് മാറി കുഞ്ഞുക്കുട്ടിയമ്മയാവുന്നു.

ഈ വാക്കുകൾ അവരുടെ ജീവിതത്തെക്കുറിച്ച് നൽകുന്ന സൂചനകളെന്തെല്ലാം? വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വാക്യം വിശകലനം ചെയ്തിട്ടുണ്ട്. (1)
- മിസ്സിസ് തലത്തിന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവ പ്രയോജനപ്പെടുത്തി കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (1)

3. പഠനനേട്ടം

- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് മുഖപ്രസംഗം തയാറാക്കുന്നതിന്.

- 'നിങ്ങളുടെ വരാൻപോകുന്ന ഭാര്യയോടു പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ.'

മിസ്സിസ് തലത്തിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം സമർഥിച്ചുകൊണ്ട് ആനുകാലികസംഭവങ്ങൾ കൂടി പരിഗണിച്ച്

'മക്കളെ വളർത്തുമ്പോൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക. *(സ്കോർ- 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ആനുകാലികസംഭവങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (2)
- ആശയം ക്രമപ്പെടുത്തി മുഖപ്രസംഗം തയാറാക്കിയിട്ടുണ്ട്. (2)

### 4. പഠനനേട്ടം

- കാവ്യഭാഗങ്ങളിലെ പ്രയോഗസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുന്നതിന്.

'കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ സപദി വല്ലിയായി നീ'

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

### 5. പഠനനേട്ടം

- കവിതയിലെ ആശയം സമകാലികാവസ്ഥകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നതിന്.

- 'അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ! വിവേകികൾ.' (നളിനി)
- അവനവനാത്മസുഖത്തിനാചരിക്കുന്നവ-
  യപരന്ന് സുഖത്തിനായ് വരേണം (ശ്രീനാരായണഗുരു)

തന്നിരിക്കുന്ന വരികളിലെ ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6 സമയം : 15 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ജീവിതദർശനം കണ്ടെത്തിയിട്ടുണ്ട്. (2)
- താരതമ്യം ചെയ്ത് സ്വന്തം നിരീക്ഷണം ചിട്ടപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. (2)

### 6. പഠനനേട്ടം

കഥയുടെ രചനാപരമായ സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.

- യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല.
- കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കഥയുടെ വൈകാരികതലം വർധിപ്പിക്കുന്നതിൽ ഭാഷ പ്രധാന പങ്കുവഹിക്കുന്നു.

തന്നിരിക്കുന്ന സൂചനകളും കഥയും പരിഗണിച്ച് പ്രസ്താവനയോട് പ്രതികരിച്ച് നിരൂപണം തയാറാക്കുക. *(സ്കോർ-6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സൂചനകളിലെ ഭാഷാപരമായ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- പ്രസ്താവനയോട് യുക്തിപൂർവം പ്രതികരിച്ചിട്ടുണ്ട്. (2)

**7. പഠനനേട്ടം.**

- കഥകളുടെ ഭാവതലം കണ്ടെത്തുന്നതിന്.

‘ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?” പാറാവുകാരൻ പരുക്കനായി പറഞ്ഞു.

“ആപ്പീസ് തൊറക്കട്ടെ.”

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

- പാറാവുകാരന്റെ ഈ മനോഭാവമാറ്റത്തിന്റെ കാരണം സന്ദർഭം വിശകലനം ചെയ്ത് കണ്ടെത്തുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- മനോഭാവമാറ്റത്തിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ട്. (2)

**8. പഠനനേട്ടം**

- കൃതികളിലെ ആശയങ്ങൾ താരതമ്യം ചെയ്യുന്നു. സ്വന്തം നിലപാടുകൾ യുക്തിപൂർവം അവതരിപ്പിക്കുന്നു.

“ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?”

ഓ, ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും.”

*(അമ്മ - ബഷീർ)*

“അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിൽ മാത്രമേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ.”

*(വിശ്വരൂപം-ലളിതാംബിക അന്തർജനം)*

രണ്ടു സന്ദർഭങ്ങളിലെയും അമ്മമാരുടെ വാക്കുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ സമയം 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സംഭാഷണങ്ങളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- അവയിലെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- താരതമ്യക്കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (1)

**9. പഠനനേട്ടം**

- വരികൾ വ്യാഖ്യാനിച്ച് ഉചിതമായ രീതിയിൽ അവതരിപ്പിക്കുന്നതിന്.

"പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ"
"ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കിലുമോർത്തിയടായ്കിലും"

*(നളിനി-കുമാരനാശാൻ)*

സ്നേഹഗായകനായ ആശാനെയാണോ വരികളിൽ കാണാനാവുന്നത്?

വരികൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

*(സ്കോർ- 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സ്നേഹഗായകൻ എന്ന വിശേഷണത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വിശേഷണവുമായി ബന്ധപ്പെടുത്തി വരികൾ വ്യാഖ്യാനിച്ചിട്ടുണ്ട്. (2)

**10. പഠനനേട്ടം**

- സന്ദർഭങ്ങൾ വ്യാഖ്യാനിക്കുന്നതിന്.

- തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി.
- ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ.
- കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ് . വെള്ളായിയപ്പൻ പൊതിയഴിച്ചു.

പൊതിച്ചോറിന് കഥയിൽ ഒരു സവിശേഷ സ്ഥാനമുണ്ട്.
സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയാറാക്കുക.

*(സ്കോർ- 4 സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കഥയിലെ പൊതിച്ചോറിന്റെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. (1)

**11. പഠനനേട്ടം**

- കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്തുന്നതിന്.

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം.

മുകളിൽ തന്നിരിക്കുന്ന വരികളിലെ കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുക. (ഏതെങ്കിലും രണ്ടെണ്ണം)

*(സ്കോർ : 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളിലെ കാവ്യപരമായ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

12. **പഠനനേട്ടം**

- കഥാസന്ദർഭം വിശകലനം ചെയ്യുന്നതിന്.

"താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്തനനുഭവിച്ചീടുകെന്നേവരൂ"

ഈ വരികൾ മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ വെളിപ്പെടുത്തുന്നുണ്ടോ? രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

*(സ്കോർ: 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം, മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- അവ ബന്ധപ്പെടുത്തി നിരീക്ഷണങ്ങൾ (രണ്ടെണ്ണം) കുറിച്ചിട്ടുണ്ട്. (1)

13. **പഠനനേട്ടം**

- കവിതയുടെ ആശയം കണ്ടെത്തുന്നതിന്.

"പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ; യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"

- അർഥി എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നതാരെയാണ്?

*(സ്കോർ: 1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദം സൂചിപ്പിക്കുന്ന വ്യക്തിയെ തിരിച്ചറിഞ്ഞിട്ടുണ്ട്. (നളിനി) (1)

14. **പഠനനേട്ടം.**

- കവിതയിലെ പ്രയോഗഭംഗി കണ്ടെത്തുന്നതിന്.

'പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി <u>വല്ലിയായി</u> നീ'

അടിവരയിട്ട പദം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം? രണ്ടെണ്ണം കുറിക്കുക.

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദപ്രയോഗത്തിന്റെ സാമാന്യാർഥവും സവിശേഷാർഥവും തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- രണ്ടു സാധ്യതകൾ കുറിച്ചിട്ടുണ്ട്. (1)

15. പഠനനേട്ടം

- വായനയിലൂടെ ലഭിക്കുന്ന ആശയങ്ങൾ സ്വന്തം നിലപാടിൽ ആവിഷ്കരിക്കുന്നു.

"കടൽത്തീരത്ത് എന്ന കഥയുടെ ഏറ്റവും വലിയ സവിശേഷത അതിലെ മൗനങ്ങളാണ്" - കഥയിലെ ഏറ്റവും പ്രധാനപ്പെട്ട മൗനം ഏതാണ്?

*(സ്കോർ: 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഏറ്റവും പ്രധാനപ്പെട്ട മൗനം കണ്ടെത്തിയിട്ടുണ്ട് (2)

16. പഠനനേട്ടം

- പദപ്രയോഗത്തിന്റെ അർഥതലങ്ങൾ കണ്ടെത്തുന്നതിന്.

'ഒരു <u>പേറ്റിച്ചിയെപ്പോലെ</u> തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.'

അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന ആശയതലം കണ്ടെത്തിയെഴുതുക.

*(സ്കോർ 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദപ്രയോഗത്തിന്റെ ആശയതലം കണ്ടെത്തിയിട്ടുണ്ട്. (2)

## 3

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

1 **പഠനനേട്ടം**

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.
- 'പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.'

കലിയുടെ ഈ സമീപനം 'നിലമറിഞ്ഞ് വിത്തിടുക' എന്ന ചൊല്ലുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.

*(സ്കോർ 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ചൊല്ല് വിശകലനം ചെയ്തിട്ടുണ്ട്. (1)
- കലിയുടെ സമീപനം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- അവ പ്രയോജനപ്പെടുത്തി പ്രതികരണക്കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (2)

2 **പഠനനേട്ടം**

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

'നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും'

പുഷ്കരന്റെ ഈ വാക്കുകൾ കലിയുടെ മനസ്സിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാമായിരിക്കും?

*(സ്കോർ- 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പുഷ്കരന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- അവയുടെ അടിസ്ഥാനത്തിൽ കലിയുടെ ചിന്തകൾ വിശദമാക്കിയിട്ടുണ്ട്.

3. **പഠനനേട്ടം**

- താരതമ്യക്കുറിപ്പുകൾ തയാറാക്കുന്നതിന്.

'ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്.'

- ദസ്തയേവ്സ്കി (ഒരു സങ്കീർത്തനം പോലെ)

'എന്തുവന്നാലുമെനിക്കാസ്വദിക്കണം
മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം.' *(ചങ്ങമ്പുഴ)*

ചങ്ങമ്പുഴയുടെയും ദസ്തയേവ്സ്കിയുടെയും വീക്ഷണങ്ങൾ താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

*(സ്കോർ-4 സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- രണ്ടു സൂചനകളുടെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ ക്രമീകരിച്ച് കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (2)

## 4 പഠനനേട്ടം

- രചനകളിലെ പ്രമേയം കണ്ടെത്തി സമകാലികസംഭവങ്ങളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നതിനും പ്രഭാഷണം തയാറാക്കുന്നതിനും.

'ഭാരതമാകട്ടെ, നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.'

കുട്ടികൃഷ്ണമാരാരുടെ ഈ നിരീക്ഷണം ഇക്കാലത്ത് എത്രമാത്രം പ്രസക്തമാണെന്ന് ആനുകാലികലോകസംഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി യുദ്ധവിരുദ്ധ പ്രഭാഷണം തയാറാക്കുക.

*(സ്കോർ-6 സമയം :14 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പാഠഭാഗത്തുനിന്നുള്ള കൂടുതൽ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആനുകാലികസംഭവങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (1)

## 5. പഠനനേട്ടം

- ഗദ്യപാഠങ്ങളിലെ പ്രമേയം കണ്ടെത്തി വ്യാഖ്യാനിക്കുന്നതിനും കുറിപ്പുകൾ തയാറാക്കുന്നതിനും.

'ഭഗവാൻ കൃഷ്ണദ്വൈപായനനോടൊപ്പം സർവമനുഷ്യരിലും കുടികൊള്ളുന്ന ഈ ദ്രോണപുത്രൻ ആരാണെന്നു നിങ്ങൾ ആലോചിച്ചു നോക്കിയോ? പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ.'

- മാരാരുടെ ഈ നിരീക്ഷണത്തിന്റെ പൊരുൾ കണ്ടെത്തി താഴെ തന്നിരിക്കുന്ന സൂചനയും ലേഖനത്തിലെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

സൂചന- 'ദ്രൗണിയോ' മുന്തിയമുന്തിയ ആളുകളെച്ചെന്നു ചവിട്ടിക്കൊന്നു. തുടർന്നു വാളൂരിപ്പിടിച്ചു കൈക്കൽപ്പെട്ടവരെയെല്ലാം വെട്ടിവീഴ്ത്തുകയായി. അവരുടെ ചോര തെറിച്ച് അയാൾ കൂടുതൽ ഭയങ്കരനായി. അതുകണ്ട് ആളുകൾ അയാളെ രാക്ഷസനെന്നു കരുതി കണ്ണു ചിമ്മി.'

*(സ്കോർ- 6 സമയം : 15 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- മാരാരുടെ നിരീക്ഷണം വിശകലനം ചെയ്തിട്ടുണ്ട്. (1)
- സൂചന പ്രയോജനപ്പെടുത്തിയിട്ടുണ്ട്. (1)

- മനുഷ്യരിൽ പകയുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട്. (2)

**6. പഠനനേട്ടം.**

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

"പഴുതേ ഞാനെന്തേ പലവക പറഞ്ഞു കേൾപ്പിക്കുന്നു?"
പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ."

ഒരേ സമയം നിരാശയും പ്രതീക്ഷയുമാണ് ഈ വരികളിലെ പഴുതേ എന്ന പ്രയോഗം മുന്നോട്ടുവയ്ക്കുന്നത്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

*(സ്കോർ- 4 സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പഴുതേ എന്ന പദത്തിന്റെ വ്യത്യസ്ത അർഥതലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- കണ്ടെത്തലുകൾ പ്രയോജനപ്പെടുത്തി കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (1)

**7. പഠനനേട്ടം**

- ക്ലാസിക് കൃതികളിലെ സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുന്നതിന്.

'ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്.'

ദുര്യോധനന്റെ വാക്കുകളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ- 4 സമയം: 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ദുര്യോധനന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- മനോഭാവം വിശകലനം ചെയ്തിട്ടുണ്ട്. (1)

**8. പഠനനേട്ടം**

- നോവൽ വ്യാഖ്യാനിക്കുന്നതിന്.

'ഞാൻ ഇതുവരെ എഴുതിയതും ഇനി എഴുതാൻ ഇടയുള്ളതുമായ പുസ്തകങ്ങൾ മുഴുവൻ അയാൾക്ക്! എന്നു വച്ചാൽ അതിന്റെ ആദായം അയാളെടുത്തോട്ടെ. എന്നാൽ അയാളാണ് അതെഴുതിയതെന്ന് വരില്ലല്ലോ, ഉവ്വോ?'

ജിവിതപ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ആത്മാഭിമാനവും രചനയുടെ മികവും പ്രധാനമായി കാണുന്ന എഴുത്തുകാരനായ ദസ്തയേവ്സ്കിയെയാണ് ഈ വാക്കുകളിൽ നമ്മൾ കാണുന്നത്. സന്ദർഭം വിശകലനം ചെയ്ത് പ്രസ്താവന വിലയിരുത്തുക

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ദസ്തയേവ്സ്കിയുടെ ജീവിതപ്രതിസന്ധികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- പ്രസ്താവന വിലയിരുത്തിയിട്ടുണ്ട്. (1)

## 9. പഠനനേട്ടം

- താരതമ്യക്കുറിപ്പുകൾ തയാറാക്കുന്നതിന്.

"ആ പ്രായത്തിലാണ്,
എന്നെത്തേടി കവിത വന്നണഞ്ഞത്.
എനിക്കറിയില്ല,
എവിടെനിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തു വിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങനെയാ,ണെപ്പോഴാണെന്നും
എനിക്കറിയില്ല..."

*- (പാബ്ലൊ നെരൂദ)*

'അങ്ങനെ സമയനിബന്ധന വച്ച് എങ്ങനെ നോവലെഴുതും? നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരന് പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ പാറ പൊട്ടിക്കുന്നതുപോലെയോ അല്ല. അത് ആത്മാവിന്റെ ഒരു വെളിപാടാണ്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ ഒരു നിബന്ധനയും എഴുത്തുകാരനെ ബാധിക്കുന്നില്ല."

കവിതയിലെയും സംഭാഷണത്തിലെയും ആശയങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ-6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതയുടെയും സംഭാഷണത്തിന്റെയും ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ആശയങ്ങളുടെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവ പ്രയോജനപ്പെടുത്തി താരതമ്യക്കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (2)

## 10. പഠനനേട്ടം

- ആട്ടക്കഥ വിശകലനം ചെയ്യുന്നതിന്.

'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ.'

- വരികളിൽനിന്നു വ്യക്തമാകുന്ന പുഷ്കരന്റെ മാനസികാവസ്ഥയെന്ത്?

*(സ്കോർ : 2 സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗം വിശകലനം ചെയ്ത് കഥാപാത്രത്തിന്റെ മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (2)

11. പഠനനേട്ടം

- ആട്ടക്കഥ വിശകലനം ചെയ്യുന്നതിന്.

വൈരി വൈരസേനിക്കിഹ ഞാൻ കലി
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ, തരുന്നു, ചൂതുപൊരുക, പോരിക

ഇവിടെ തെളിയുന്ന കലിയുടെ സ്വഭാവവുമായി യോജിക്കാത്തതേത്?

- നീചന്മാരുടെ സംഗത്തേക്കാൾ
  നിന്ദിതമായിട്ടില്ലൊരു വസ്തു.
- ദുർജനങ്ങളോടു ചേർന്നാൽ ദൂഷണം സംഭവിച്ചീടും.
- ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.
- ദുഷ്ടനാമവനെന്നെ സ്നേഹമുണ്ടെന്നാകിലും
  പെട്ടെന്നു പരിത്യജിച്ചീടുകെന്നതേ വരൂ.

*(സ്കോർ:2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അനുയോജ്യമല്ലാത്ത ചൊല്ല് കണ്ടെത്തിയിട്ടുണ്ട്. (ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട) (2)

12. പഠനനേട്ടം

- നിരൂപണം വിശകലനം ചെയ്ത് പദപ്രയോഗത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നതിന്.

'അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്കു
ജയാഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു.'

പാണ്ഡവരുടെ വിജയത്തെ 'വല്ലപാടും' നേടിയ വിജയം എന്നു വിശേഷിപ്പിച്ചതിന്റെ പൊരുളെന്ത്? ഏതെങ്കിലും രണ്ടു കാരണങ്ങൾ സൂചിപ്പിക്കുക.

*(സ്കോർ: 2 സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് കാരണങ്ങൾ കുറിച്ചിട്ടുണ്ട്. (2)

13. പഠനനേട്ടം

- നോവൽ വിശകലനം ചെയ്യുന്നതിന്.

'എനിക്കു ഭീഷ്മരും കർണനും ദ്രോണരും ചെയ്തു തരാത്തതു നിങ്ങൾ മൂന്നുപേരും കൂടി ചെയ്തു തന്നു.'

ദുര്യോധനൻ സൂചിപ്പിക്കുന്നതെന്ത്? സൂചനകളായി കുറിക്കുക.

*(സ്കോർ: 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം കണ്ടെത്തി സൂചനകളായി കുറിച്ചിട്ടുണ്ട്. (2)

14. പഠനനേട്ടം

- വാക്യത്തിന്റെ അർഥസാധ്യത കണ്ടെത്തുന്നതിനും പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നതിനും.

നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?

ഈ ചോദ്യം നൽകുന്ന അർഥസാധ്യതകൾ എന്തെല്ലാം? രണ്ടെണ്ണം കുറിക്കുക.

*(സ്കോർ: 2 സമയം: 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അർഥസാധ്യത കണ്ടെത്തിയിട്ടുണ്ട്. (2)

15. പഠനനേട്ടം

- പദച്ചേരുവകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നതിന്.

ബ്രാഹ്മണൻ <u>രാജാവിന്റെ കല്പന</u> കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂ.

അടിവരയിട്ട പദച്ചേരുവ ഒറ്റപ്പദമാക്കിയെഴുതുക.

*(സ്കോർ: 1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഒറ്റപ്പദമാക്കി എഴുതിയിട്ടുണ്ട്. (1)

16. പഠനനേട്ടം

- ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിന്.

**യുദ്ധം കഴിഞ്ഞ്**

യുദ്ധം കഴിഞ്ഞ് ശവങ്ങളുടെ
കണക്കെടുപ്പ് തുടങ്ങിയപ്പോൾ
കൗരവരും പാണ്ഡവരും
ഒന്നിച്ചു തലയിൽ കൈവച്ചു.
'എന്തിനായിരുന്നു യുദ്ധം?'
പാണ്ഡവർ ചോദിച്ചു.
'എങ്ങനെയായിരുന്നു മരണം?'
കൗരവർ ചോദിച്ചു.
'ആരാണീ കടുംകൈ ചെയ്തത്?'
പാണ്ഡവർ തിരക്കി.
'ആരാണീ കടുംകൈ ചെയ്യിച്ചത്?'
കൗരവർ തിരക്കി.

'നാം ഒരേ കുടുംബക്കാരല്ലേ?'
പാണ്ഡവർ അദ്ഭുതം കൂറി.
'നാം നല്ല അയൽക്കാരല്ലേ?'
കൗരവർ അദ്ഭുതം കൂറി.
'നമ്മുടെ പുഴകൾ ഒന്നുതന്നെ'

പാണ്ഡവർ പറഞ്ഞു.
'നമ്മുടെ ഭാഷകൾ ഒന്നുതന്നെ'-
കൗരവർ പറഞ്ഞു.
'ഞങ്ങളുടെ വീട് അക്കരെയായിരുന്നു.'
പാണ്ഡവർ ഓർമിച്ചു.
'ഞങ്ങളുടെ വീട് അക്കരെയായിരുന്നു'
കൗരവർ ഓർമിച്ചു.
'ഒരേ ഭൂമി ഒരേ ആകാശം
ഒരേ വെള്ളം ഒരേ ആഹാരം'
പാണ്ഡവർ പാടി.
'ഒരേ വൃക്ഷം ഒരേ രക്തം
ഒരേ ദുഃഖം ഒരേ സ്വപ്നം'
കൗരവർ ഏറ്റുപാടി.
എന്നിട്ട് അവർ തോക്കുകൾ തുടച്ചു
വെടിപ്പാക്കി.
വീണ്ടും പരസ്പരം
വെടിവച്ചുതുടങ്ങി.

*(സച്ചിദാനന്ദൻ)*

*(സ്കോർ: 6 സമയം: 14 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ ആസ്വാദനം തയാറാക്കിയിട്ടുണ്ട്. (2)

# 4

# വാക്കുകൾ സർഗതാളങ്ങൾ

## 1. പഠനനേട്ടം

- ''വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ഒരു ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സാന്താമായി. എന്നാൽ സാന്താമായി ഒരു മഹാർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പു നന്നാക്കാൻ കൂട്ടാക്കിയില്ല."

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ"

കുമാരനാശാന്റെ വരികൾ ലിംബാളെയുടെ ജീവിതാനുഭവവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക.

*(സ്കോർ : 6 സമയം :14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കുമാരനാശാന്റെ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- ലിംബാളെയുടെ ജീവിതാനുഭവം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- കുമാരനാശാന്റെ വരികളുടെ ആശയത്തിന്റെ അടിസ്ഥാനത്തിൽ ലിംബാളെയുടെ ജീവിതാവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്. (2)

## 2. പഠനനേട്ടം

- എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ മുതലായവ എഴുത്തിനെ സ്വാധീനിച്ചതെങ്ങനെയെന്നു കണ്ടെത്തുന്നു.

? മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും. എപ്പോഴെങ്കിലും ഒരു നല്ല കടലാസു കണ്ടെത്തിയാൽ എനിക്കു വലിയ സന്തോഷം തോന്നും.

- ശരൺകുമാർ ലിംബാളെയുടെ ഈ മനോഭാവം പുതിയ തലമുറയിലെ കുട്ടികളിൽ പ്രകടമാണോ? നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

*(സ്കോർ : 4 സമയം : 8 മിനിട്ട്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ലിംബാളെയുടെ ജീവിതാനുഭവങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പുതിയ തലമുറയുടെ മനോഭാവം വിശകലനം ചെയ്തിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. (2)

## 3 പഠനനേട്ടം

- എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ മുതലായവ എഴുത്തിനെ സ്വാധീനിച്ചതെങ്ങനെയെന്നു കണ്ടെത്തുന്നു.

"അവന്നു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവന്നു സ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂർപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്ത് പണ്ടുപണ്ടേ കിടന്നിരുന്ന പൊൻപണം തൂക്കിവിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്ന് എഴുതിച്ചോദിക്കൂ..... ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം."

ഇങ്ങനെയെല്ലാം മകനെ വളർത്തിയ അമ്മയെയാണ് ആ മകൻ ഉപേക്ഷിച്ചത്. ഇത്തരം സംഭവങ്ങൾ ഇന്നും കേരളത്തിൽ ആവർത്തിക്കുന്നുണ്ടോ?

പാഠസന്ദർഭങ്ങളും ആനുകാലിക കേരളത്തിലെ സംഭവങ്ങളും പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ആനുകാലിക കേരളത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സംഭവങ്ങൾ ഉദാഹരിച്ചിട്ടുണ്ട്. (1)
- ക്രമപ്പെടുത്തി പ്രതികരണം തയാറാക്കിയിട്ടുണ്ട്. (2)

## 4. പഠനനേട്ടം

- എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ....... മുതലായവ എഴുത്തിനെ സ്വാധീനിച്ചതെങ്ങനെയെന്നു കണ്ടെത്തുന്നു.

പക്ഷേ, എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.

*(ഞാൻ കഥാകാരനായ കഥ)*

- എഴുത്തുകൊണ്ട് ഒരു യുവാവിനെ സ്വാധീനിക്കാൻ കഴിഞ്ഞതിന്റെ അനുഭവമാണല്ലോ എസ്.കെ പൊറ്റെക്കാട്ട് പങ്കുവയ്ക്കുന്നത്. ഇത്തരത്തിൽ നിങ്ങളെ സ്വാധീനിച്ച ഏതെങ്കിലുമൊരു രചനയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വ്യക്തിഗതമായി സ്വാധീനിച്ച രചന കണ്ടെത്തിയിട്ടുണ്ട്. (2)
- അവയുടെ അനുഭവം ചിട്ടയായി എഴുതിയിട്ടുണ്ട്. (1)

## 5. പഠനനേട്ടം

- കവിത വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

'സർഗശക്തി എന്നത് കേവലം വൈയക്തികമായ സിദ്ധിവിശേഷമല്ല. അതൊരു സാമൂഹിക ഉൽപ്പന്നമാണ്. മനുഷ്യന്റെ സാമൂഹികശക്തിയെക്കുറിച്ചുള്ള അവബോധം വയലാറിന്റെ എല്ലാ രചനകളിലും ശക്തമായ സാന്നിധ്യമാകുന്നുണ്ട്.'

തന്നിരിക്കുന്ന പ്രസ്താവന താഴെ തന്നിട്ടുള്ള കവിതാഭാഗവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

- 'ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
  മായുകില്ലെന്റെ ചൈതന്യവീചികൾ
  ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
  പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ'

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കവിതയുമായി ബന്ധപ്പെടുത്തി പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (2)

**6. പഠനനേട്ടം**

- കവിത വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ!
ആഗമതത്ത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ

- മനുഷ്യന്റെ സർഗശക്തിയെ പിടിച്ചുകെട്ടാനുള്ള ശ്രമം മാനവചരിത്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്.

ഇത്തരത്തിലുള്ള എന്തെല്ലാം സൂചനകളാണ് കവിതാഭാഗത്തു കാണാൻ കഴിയുന്നത്? കവിതാഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കാവ്യഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (2)

**7. പഠനനേട്ടം**

- കവിത വിലയിരുത്തി കുറിപ്പുകൾ തയാറാക്കുന്നതിന്.

- ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
  പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ

- സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
  സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും

തന്നിരിക്കുന്ന സൂചനകളും അശ്വമേധം എന്ന കവിതയിലെ ആശയവും പ്രയോജനപ്പെടുത്തി 'വയലാർ- മനുഷ്യപക്ഷത്തു നിൽക്കുന്ന കവി' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം തയാറാക്കുക.

*(സ്കോർ : 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കവിതയിൽനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- വിഷയവുമായി ബന്ധപ്പെടുത്തി ആശയങ്ങൾ ക്രമീകരിച്ച് പ്രഭാഷണം തയാറാക്കിയിട്ടുണ്ട്. (2)

**8. പഠനനേട്ടം**

കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെക്കാട്ടുപുൽ-
ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!
................
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ

*(വയലാർ)*

ജനിച്ചതു കാട്ടിലായിരുന്നു
ഒരു നായാടിയുടെ വായിൽ
വളർന്നതു മുക്കുവത്തിയുടെ കുടിലിലും
എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലും അറിയില്ല
കുറേ കാലം പാട്ടുപാടി കൊട്ടാരങ്ങളിൽ കഴിഞ്ഞു
അന്നു വെളുത്തുകൊഴുത്തിരുന്നു.
ഇപ്പോൾ തെരുവിലാണ് അരവയറിൽ.

*(സച്ചിദാനന്ദൻ)*

- രണ്ടു കവിതാഭാഗങ്ങളുടെയും ആശയം താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- രണ്ടു കവിതാഭാഗങ്ങളുടെയും ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവയിലെ സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- അവ പ്രയോജനപ്പെടുത്തി താരതമ്യക്കുറിപ്പ് തയാറാക്കിയിട്ടുണ്ട്. (2)

**9. പഠനനേട്ടം**

- പ്രയോഗങ്ങളുടെ അർഥതലം കണ്ടെത്തുന്നതിന്, പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നതിന്.

? മണ്ണിൽ നിന്നു പിറന്നവർ <u>മണ്ണിനെ-</u>
<u>പ്പൊന്നണിയിച്ച സംസ്കാരശില്പികൾ</u>

അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നതാരെയാണ്?

(യാഗാശ്വം, കവി, തൊഴിലാളി, രാജാവ്) *(സ്കോർ :1 സമയം: 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയുത്തരം കണ്ടെത്തിയെഴുതിയിട്ടുണ്ട്. (1)

### 10. പഠനനേട്ടം

- വരികളിലെ ഭാവം കണ്ടെത്തുന്നു.

ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?

- തന്നിരിക്കുന്ന വരികളിലെ ഭാവമെന്ത്?

(കോപം, ആത്മവിശ്വാസം, സങ്കടം, പേടി) *(സ്കോർ :1 സമയം 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ശരിയുത്തരം കണ്ടെത്തിയിട്ടുണ്ട്. (1)

### 11. പഠനനേട്ടം

- ആസ്വാദനക്കുറിപ്പ് തയാറാക്കുന്നതിന്.

**ദുരവസ്ഥ**

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാ-
രെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരമാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ, നിൻവയറ്റിൽ.
തേച്ചുമിനുക്കിയാൽ, കാന്തിയും മൂല്യവും
വാച്ചിടും കല്ലുകൾ ഭാരതാംബേ,
താണു കിടക്കുന്നു നിൻകുക്ഷിയിൽ ചാണ-
കാണാതെയാറേഴുകോടിയിന്നും
എന്തിന്നു കേഴുന്നു ദീനയോ നീ ദേവി
എന്തു ഖേദിപ്പാൻ ദരിദ്രയോ നീ?
ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ.
തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!

- *(കുമാരനാശാൻ)*

*(സ്കോർ: 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിത വിശകലനം ചെയ്തിട്ടുണ്ട്. (2)
- ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ ആസ്വാദനം തയാറാക്കിയിട്ടുണ്ട്. (2)

### 12. പഠനനേട്ടം

- പദച്ചേരുവകളുടെ പ്രത്യേകതകൾ കണ്ടെത്തുന്നതിന്.

'ഞങ്ങൾ <u>അങ്ങോട്ടുമിങ്ങോട്ടും</u> നടക്കുകയാണ് പതിവ്.
അടിവരയിട്ട പദം പിരിച്ചെഴുതുന്നതെങ്ങനെ? *(സ്കോർ : 1 സമയം : 2 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- ശരിയായ രീതിയിൽ പിരിച്ചെഴുതിയിട്ടുണ്ട്. (1)

### 13. പഠനനേട്ടം

- എഴുത്തുകാരുടെ അനുഭവങ്ങൾ എഴുത്തിനെ സ്വാധീനിച്ചതെങ്ങനെയെന്നു കണ്ടെത്തുന്നു.

'ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്. ഈ അഭിനന്ദനം ലിംബാളെ ജീവിതത്തിൽ ഏറ്റവും വില പിടിപ്പുള്ളതായി കരുതുന്നു.

ഇത്തരത്തിൽ അഭിനന്ദിക്കപ്പെട്ട ഏതെങ്കിലുമൊരു സന്ദർഭം നിങ്ങളുടെ അനുഭവത്തിൽനിന്ന് കണ്ടെത്തിയെഴുതുക. *(സ്കോർ : 4 സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സമാനമായ അനുഭവം സ്വന്തം ജീവിതത്തിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്. (2)

### 14. പഠനനേട്ടം

- എഴുത്തുകാരുടെ ജീവിതം, ദേശം, ഭാഷ മുതലായവ എഴുത്തിനെ സ്വാധീനിച്ച തെങ്ങനെയെന്നു കണ്ടെത്തുന്നു.

- ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി. എത്ര തൂക്കമുണ്ടാകുമെന്നറിയാമല്ലോ? ഒരുപക്ഷേ ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കി നോക്കണം.

*(അക്കർമാശി)*

- അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദിവസം പത്തായി. കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച.
- അരിയിട്ട് തെളപ്പിച്ച കഞ്ഞി കുടിക്കണം- അവസാനത്തെ ആഗ്രഹം.

*(രണ്ടിടങ്ങഴി - തകഴി)*

വിവിധ കാലങ്ങളിലെ അടിയാളജീവിതത്തിന്റെ അനുഭവങ്ങളാണ് തന്നിരി ക്കുന്നത്. ഇവയോടൊപ്പം ആനുകാലികസംഭവങ്ങളും പ്രയോജന പ്പെടുത്തി 'അടി യാള ജീവിതം അന്നും ഇന്നും' എന്ന ശീർഷകത്തിൽ ഉപന്യാസം തയാറാക്കുക.

*(സ്കോർ : 6 സമയം: 15 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- തന്നിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- അടിയാളജീവിതത്തിന്റെ അവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സമകാലികസംഭവങ്ങളെ വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിഗമനം യുക്തിഭദ്രമായും ക്രമീകരിച്ചും എഴുതിയിട്ടുണ്ട്. (1)

5

# കലകൾ കാവ്യങ്ങൾ

1. പഠനനേട്ടം

- കഥകൾ വായിച്ചാസ്വദിച്ച് രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

“മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂ വച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.” (ഉരുളക്കിഴങ്ങു തിന്നുന്നവർ)

കഥാസന്ദർഭത്തിൽ വാക്കുകൾക്ക് ദൃശ്യചാരുത ലഭിക്കുന്നുണ്ടോ? കഥയിലെ മറ്റുസന്ദർഭങ്ങൾ കൂടി പരിശോധിച്ചു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആഖ്യാനപരമായ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനം സമർഥിച്ചിട്ടുണ്ട്. (2)

2. പഠനനേട്ടം

- കഥകൾ വായിച്ചാസ്വദിച്ച് രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

1. ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.
2. അപ്പോൾ കുരിശിൽനിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു. (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

കഥയെ വികാരതീവ്രമാക്കുന്നതിന് ഇത്തരം ആഖ്യാനരീതി എത്രമാത്രം സഹായകമാണ്? മറ്റു സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്തു ലഘുനിരൂപണം തയാറാക്കുക.

*(സ്കോർ : 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രയോഗങ്ങളുടെ പ്രത്യേകത തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- മറ്റു സന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആഖ്യാനപരമായ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനം സമർഥിച്ചിട്ടുണ്ട്. (1)
- ആശയം ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

**3. പഠനനേട്ടം**

- കഥകൾ വായിച്ചാസ്വദിച്ച് രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.

"എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോരപൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു."

കഥാന്ത്യം നൽകുന്ന സൂചനകൾ വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- കഥാന്ത്യം നൽകുന്ന സൂചനകൾ കണ്ടെത്തിയിട്ടുണ്ട്. (2)

**4. പഠനനേട്ടം**

- ചിത്രകലയും കാവ്യകലയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

"ചിത്രകലയ്ക്കുള്ള സാർവത്രികത്വം യാതൊരു ഭാഷയ്ക്കും ലോകത്തിൽ കൈവന്നിട്ടില്ല."

ലേഖകന്റെ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങൾക്കൂടി വിശകലനം ചെയ്തു കുറിക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- ചിത്രകലയുടെ സവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനം രൂപീകരിച്ചിട്ടുണ്ട്. (1)
- ഉചിതമായി സമർഥിച്ചിട്ടുണ്ട്. (1)

**5. പഠനനേട്ടം**

- പാഠഭാഗം വായിച്ച് ചിത്രകലയും കാവ്യകലയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.

ചിന്നിത്തെറിക്കും നറുമുത്തുപോലെ,
നീളുന്നവെള്ളിത്തെളിനൂലു പോലെ,
ആകാശഗംഗാപ്രസരങ്ങൾ പോലെ-
യാഹാ! പതിപ്പൂ പുതുവർഷതോയം!

*(വർഷാഗമം - വൈലോപ്പിള്ളി)*

ദൃശ്യലോകത്തിന്റെ പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ചിത്രകാരന് കവിയുടെ ഭാവനാലോകത്തിൽ പ്രവേശിക്കുക സാധ്യമല്ല *(കാവ്യദർശനം - എം.പി. പോൾ)*

എം.പി. പോളിന്റെ ഈ അഭിപ്രായം മേലുദ്ധരിച്ച കവിതാഭാഗം വിശകലനം ചെയ്തു സമർഥിക്കുക. *(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനം രൂപീകരിച്ചിട്ടുണ്ട്. (1)
- സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. (1)

**7. പഠനനേട്ടം**

- കവിതകളിലെ ചമത്കാരം, ബിംബകല്പന, പ്രയോഗഭംഗി എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു.

❓ ഒടുവിൽ കുരിശിൽനി
ന്നിറക്കീ ജഡം! - താഴെ
യൊരു ദുഃഖത്തിൻ സൂര്യ-
ശിലയായ്ത്തീർന്നൊരമ്മ

അടിവരയിട്ട പ്രയോഗം കാവ്യസന്ദർഭത്തിനു നൽകുന്ന ഭാവഭംഗി വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ :**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രയോഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ഭാവഭംഗി കണ്ടെത്തിയിട്ടുണ്ട്. (2)

**8. പഠനനേട്ടം**

- കവിതകലിലെ ചമത്കാരം, ബിംബകല്പന എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു.

❓ മൂകസങ്കടം പോലേയമ്മ-
യിരിപ്പൂ; കരയുവാൻ
കണ്ണുനീരില്ലാ, തുരി-
യാടുവാൻ വാക്കില്ലാതെ
കത്താതെ, യുരുകാതെ,
വിങ്ങുമുൾത്താപം പോലെ!...

- നിശ്ചലാവസ്ഥ ചിത്രീകരിക്കാൻ വർണങ്ങൾക്കും രേഖകൾക്കുമാണ് കൂടുതൽ കഴിവുള്ളത്. *(എം.പി. പോൾ)*

കാവ്യഭാഗം വിശകലനം ചെയ്ത് ലേഖകന്റെ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനങ്ങൾ ക്രമപ്പെടുത്തി അവതരിപ്പിച്ചിട്ടുണ്ട്. (2)

**9. പഠനനേട്ടം**

- കവിതയിലെ ചമത്കാരം, ബിംബകല്പന, ധ്വനിഭംഗി എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പു തയാറാക്കുന്നു.

? മൈക്കലാഞ്ജലോയോട് നന്ദിയും മാപ്പും പറയുക വഴി കവി നൽകുന്ന സന്ദേശമെന്താണ്? കവിത വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

*(സ്കോർ : 4 സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിത വിശകലനം ചെയ്തിട്ടുണ്ട്. (1)
- കവിയുടെ നിലപാട് വിശകലനം ചെയ്തിട്ടുണ്ട്. (1)
- കവി ഉയർത്തിപ്പിടിക്കുന്ന സന്ദേശം കണ്ടെത്തിയിട്ടുണ്ട്. (1)
- നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

**10. പഠനനേട്ടം**

- കവിത വിശകലനം ചെയ്യുന്നതിന്.

"നന്ദി! മൈക്കലാഞ്ജലോ!<br>
നിന്റെ സംഗീതം, നിന്റെ<br>
കണ്ണീരുമുറഞ്ഞുയിരാർന്നൊരീ 'പിയത്ത'യെ<br>
എന്നുള്ളിലെടുത്തതി-<br>
ഭദ്രമായിരുത്തി ഞാൻ"

? ശില്പിക്കു മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്ന കവിയെയാണോ 'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയിൽ ദർശിക്കാനാവുന്നത്? കവിത വിശകലനം ചെയ്ത് നിരൂപണം തയാറാക്കുക.

*(സ്കോർ : 6 സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ :**

- കവിയുടെ നിലപാട് വിശകലനം ചെയ്തിട്ടുണ്ട്. (2)
- നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (2)
- ഭാഷ ക്രമീകരിച്ച് നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)

**11. പഠനനേട്ടം**

- വരികളിലെ സാദൃശ്യകല്പനയുടെ ഭംഗി കണ്ടെത്തുന്നതിന്.

? "ഒരു വെൺലില്ലിപ്പൂവിൻ<br>
ശോണരേഖകൾ പോലെ<br>
തിരുശോണിതം വാർന്ന<br>
പാടുകളുടലാകെ"

- വരികളിലെ സാദൃശ്യകല്പനയുടെ ഭംഗി കണ്ടെത്തിയെഴുതുക.

*(സ്കോർ : 2 സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സാദൃശ്യകല്പനയുടെ ഭംഗി തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

## 13. പഠനനേട്ടം

- സർഗാത്മകരചനയിലെ ബിംബകല്പനകൾ ,ചമൽക്കാരം എന്നിവ വിശകലനം ചെയ്യുന്നതിനും താരതമ്യം ചെയ്യുന്നതിനും.

ആവണിപ്പാടം കുളിച്ചുതോർത്തീ മുടി-
യാകെവിടർത്തിയുലർത്തി നിന്നൂ
പെറ്റെഴുന്നേറ്റു വേതിട്ടു കുളിച്ചൊരു
പെൺമണിയെപ്പോൽ തെളിഞ്ഞു നിന്നൂ...

*(ആവണിപ്പാടം- ഒ.എൻ.വി)*

വിളവെടുപ്പു കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങളും പിന്നിട്ട് വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.

*(ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ്ചന്ദ്രൻ)*

- തന്നിരിക്കുന്ന ഭാഗങ്ങളിലെ പാടത്തെക്കുറിച്ചുള്ള വർണനയുടെ ഔചിത്യം വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- പദ്യവും ഗദ്യവും വിശകലനം ചെയ്തിട്ടുണ്ട്. (1)
- ഔചിത്യം കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. (1)

## 14. പഠനനേട്ടം

- സർഗാത്മകരചനയിലെ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ വിശകലനം ചെയ്യുന്നു.

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.

ഈർച്ചമില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവീടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു. ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു. (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഇത്തരം ഭാവതീവ്രമായ കല്പനകൾ കഥാന്തരീക്ഷത്തിന്റെ നിർമ്മിതിയിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- വാക്യങ്ങളിലെ ഭാഷാപ്രയോഗതീവ്രത വ്യക്തമാക്കിയിട്ടുണ്ട്. (2)
- കഥാഗതിയിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാക്കിയിട്ടുണ്ട്. (2)

## 15. പഠനനേട്ടം

- ചിത്രകലയും കാവ്യകലയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്തു കുറിപ്പുകൾ തയാറാക്കുന്നതിന്.

എന്നാൽ കവിതയുടെ സങ്കല്പലോകത്തിൽ ഈ വക പൊരുത്തക്കേടുകളൊന്നുമില്ല. സ്ഥൂലവും സൂക്ഷ്മവും ദൃശ്യവും അദൃശ്യവും മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പരധാരണ കൂടാതെ ഒന്നുചേർന്നു വിഹരിക്കുന്നു. ചിത്രകാരന് ആ ലോകത്തിൽ എത്തിനോക്കാൻ പോലും സാധിക്കുകയില്ല.

- എം.പി. പോളിന്റെ ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- നിഗമനം രൂപീകരിച്ചിട്ടുണ്ട്. (2)
- നിരീക്ഷണങ്ങൾ യുക്തിഭദ്രമായി അവതരിപ്പിച്ചിട്ടുണ്ട്. (1)

# അടിസ്ഥാനപാഠാവലി

## 1

## ജീവിതം പടർത്തുന്ന വേരുകൾ

1. പഠനനേട്ടം

- ഭാഷാപ്രയോഗങ്ങളുടെ സാന്ദർഭികാർഥം തിരിച്ചറിയുന്നതിനും സമാനാശയമുള്ള പ്രയോഗങ്ങൾ കണ്ടെത്തുന്നതിനും.

അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.

അടിവരയിട്ട പ്രയോഗത്തിനു സമാനാർഥമുള്ള മറ്റൊരു പ്രയോഗം കണ്ടെത്തിയെഴുതുക.

*(സ്കോർ : 1, സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സമാനാശയമുള്ള പ്രയോഗം കണ്ടെത്തിയിട്ടുണ്ട്. (1)

(കണ്ണുകുളിർപ്പിക്കുന്ന, സമാനാശയമുള്ള മറ്റു പ്രയോഗങ്ങൾ)

2. പഠനനേട്ടം

- പുതിയകാലത്തെ കാവ്യഭാഷ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുകയും നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.

'അപ്പോ നമ്മുടെ വേരുകളോ?'

'അതും അമ്മയായ ഈ ഭൂമിയിൽത്തന്നെ.'

നമ്മുടെ വേരുകൾ അമ്മയായ ഭൂമിയിൽത്തന്നെയാണെന്ന കാഴ്ചപ്പാടിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പു തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കവി മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാടിന്റെ ഔചിത്യം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

3. പഠനനേട്ടം

- വിവിധ സാഹിത്യകൃതികളിൽ പ്രതിഫലിപ്പിക്കുന്ന സാമൂഹികജീവിതം, ഭാഷ എന്നിവയുടെ പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

- "അവൻ അന്നുച്ചയ്ക്ക് പുഷ്പവേലിൽനിന്ന് കഞ്ഞികുടിച്ചു. ചിരുത അന്ന് അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല."

- "അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം."
(പ്ലാവിലക്കഞ്ഞി)

അക്കാലത്തെ കർഷകത്തൊഴിലാളികളുടെ ജീവിതത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ഈ നോവൽസന്ദർഭത്തിൽനിന്ന് കണ്ടെത്താനാവും? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- മറ്റു സന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (1)
- പ്രകടമാവുന്ന സാമൂഹികജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (2)

**4. പഠനനേട്ടം**

- വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ കഥകൾ, നോവലുകൾ മുതലായവ വായിക്കുന്നു. അവയുടെ പ്രമേയം, രചനാകാലം, രചനാതന്ത്രം, ആഖ്യാനതന്ത്രം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി, ചർച്ച, സംവാദം, കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുന്നു. പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

"ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചു തുടങ്ങി." (പ്ലാവിലക്കഞ്ഞി)

കഥാപാത്രങ്ങൾ തമ്മിലുള്ള ഊഷ്മളമായ ഹൃദയബന്ധം ആവിഷ്കരിക്കുന്നതിൽ നോവലിസ്റ്റ് പുലർത്തുന്ന സൂക്ഷ്മത മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് വിലയിരുത്തുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- മറ്റുസന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (1)
- ആഖ്യാനത്തിലെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)

**5. പഠനനേട്ടം**

- വ്യത്യസ്ത കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ കഥകൾ, നോവലുകൾ മുതലായവ വായിക്കുകയും അവയുടെ പ്രമേയം, രചനാകാലം, രചനാതന്ത്രം, ആഖ്യാനതന്ത്രം എന്നിവയുടെ സവിശേഷതകൾ കണ്ടെത്തി, ചർച്ച, സംവാദം, കുറിപ്പുകൾ എന്നിവയിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു. പ്രത്യേകതകൾ വിശകലനം ചെയ്യുന്നു.

"എത്രയെത്ര കോടി പറ നെല്ല് അയാൾ ഈ അറുപത്തിരണ്ടു വയസ്സിനിടയിൽ ഉണ്ടാക്കിയിരിക്കുന്നു! എത്ര നെല്ലു കൊയ്തു; മെതിച്ചു! എത്ര കോടി ഉദരങ്ങൾ ഈ വൃദ്ധന്റെ പ്രയത്നഫലം കൊണ്ടു നിറഞ്ഞിരിക്കുന്നു!"

"മറ്റുള്ളവരെ ഊട്ടുമ്പോഴും പട്ടിണികിടക്കാൻ വിധിക്കപ്പെടുന്നവരായിരുന്നു കർഷക ത്തൊഴിലാളികൾ. ഈ തിരിച്ചറിവ് കാർഷികരംഗത്തെ പ്രതിരോധങ്ങൾക്കും വിപ്ലവ ങ്ങൾക്കും വഴിമരുന്നായതിന്റെ കഥയാണ് 'രണ്ടിടങ്ങഴി'യിലൂടെ തകഴി വരച്ചുകാട്ടു ന്നത്. നോവൽഭാഗത്തിന്റെ വെളിച്ചത്തിൽ നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക."

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നോവൽ ഭാഗം വിശകലനം ചെയ്തിട്ടുണ്ട്. (1)
- മറ്റു സന്ദർഭങ്ങൾ പരിഗണിച്ചിട്ടുണ്ട്. (1)
- പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്. (1)
- സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. (1)

### 6. പഠനനേട്ടം

- വാക്യഘടന തിരിച്ചറിഞ്ഞ് അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുന്നതിന്.

താഴെക്കൊടുത്തിരിക്കുന്ന വാക്യം അർഥവ്യത്യാസം വരാതെ രണ്ടോ മൂന്നോ വാക്യങ്ങളാക്കി മാറ്റിയെഴുതുക.

'കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റങ്ങളും കമുകിൻതോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ചയും കിടന്നുകൊണ്ടുതന്നെ അച്ഛൻ അറിയുമായിരുന്നു'.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കിയിട്ടുണ്ട്. (2)

### 7. പഠനനേട്ടം

- കഥയിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപെടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു.

- അച്ഛന്റെ മരണത്തോടെ വീട്ടിൽനിന്ന് എന്തെല്ലാമോ ചോർന്നുപോയതുപോലെ..
- . അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്നു വീട്. ഇപ്പോൾ ഇതൊരു വീടല്ല.

(ഓരോ വിളിയും കാത്ത്)

വീടിനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ അച്ഛനിൽ പരിമിതപ്പെടുത്തുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കഥാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. (1)

8. **പഠനനേട്ടം**

- കഥയിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപെടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു.

- 'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ.'
- 'കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നേടത്തും പറേന്നടത്തും ഞാൻ എത്തുന്നുണ്ടല്ലോ. അതുതന്നെ വല്യ കാര്യം!'

(ഓരോ വിളിയും കാത്ത്)

കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുടുംബബന്ധത്തിന്റെ സൂക്ഷ്മതലം കഥയിൽ എങ്ങനെ തെളിയുന്നുവെന്നു പരിശോധിച്ചു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- കുടുംബബന്ധത്തിന്റെ സൂക്ഷ്മതലം കണ്ടെത്തിയിട്ടുണ്ട്. (2)

9. **പഠനനേട്ടം**

- കഥയിലെ ശ്രദ്ധേയരായ കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ, മറ്റുള്ളവരോടുള്ള ഇടപെടൽ, കഥയിലെ സ്ഥാനം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കുന്നു.

"ഞാനെങ്ങന്യാ മോനേ വര്വാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ....." വരികളിൽ തെളിയുന്ന അമ്മയുടെ മാനസികാവസ്ഥ വിശകലനം ചെയ്തു കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥാസന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സവിശേഷത കണ്ടെത്തിയിട്ടുണ്ട്. (2)
- മാനസികാവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്. (1)

10. **പഠനനേട്ടം**

- കവിതകൾ വായിച്ച് അവയിലെ ചമത്കാരം, ബിംബകല്പനകൾ,സവിശേഷ പ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു.

"പക്ഷേ, കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്"

കണ്ണുകൾ, കണ്ണുകൾ എന്ന ആവർത്തനം കവിതയുടെ ഭാവതലത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെ? വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റ അവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (1)
- ഭാവതലത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. (2)

11. **പഠനനേട്ടം**

- കവിതകൾ വായിച്ച് അവയിലെ ചമത്കാരം, ബിംബകല്പനകൾ,സവിശേഷ പ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു.

"പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത് ചാടിക്കുതിക്കുന്നു."

കാവ്യസന്ദർഭം കവിതയുടെ പ്രമേയത്തെ വികാരതീവ്രമാക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ആശയം വിശകലനം ചെയ്തിട്ടുണ്ട്. (1)
- പ്രമേയത്തെ വികാരതീവ്രമാക്കുന്നതെങ്ങനെയെന്നു കണ്ടെത്തിയിട്ടുണ്ട്. (2)

12. **പഠനനേട്ടം**

- കവിതകൾ വായിച്ച് അവയിലെ ചമത്കാരം, ബിംബകല്പനകൾ,സവിശേഷ പ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു.

"എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയീടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ?"

'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ പ്രമേയം വിശകലനം ചെയ്ത് വാർധക്യത്തോടുള്ള സമകാലികസമൂഹത്തിന്റെ മനോഭാവത്തെ കുറിച്ച് ഒരു പ്രഭാഷണം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാസന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (2)
- വൃദ്ധരോടുള്ള സമകാലികസമൂഹത്തിന്റെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- നിഗമനം യുക്തിസഹമായി സമർഥിച്ചിട്ടുണ്ട്. (1)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

13. പഠനനേട്ടം

- കവിതകൾ വായിച്ച് അവയിലെ ചമത്കാരം, ബിംബകല്പനകൾ,സവിശേഷ പ്രയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. ആസ്വാദനക്കുറിപ്പുകൾ, വിശകലനക്കുറിപ്പുകൾ എന്നിവ തയാറാക്കി അവതരിപ്പിക്കുന്നു.

"പിറകിലെ സീറ്റിലുണ്ടമ്മ വലത്തോട്ടു പൂർണമായ്
ചാഞ്ഞ്, മടങ്ങി മയങ്ങിക്കിടക്കുന്നു.
പീളയടിഞ്ഞ് നിറം പോയ കണ്ണുക-
ളെന്തേയടയ്ക്കാതെ വച്ചമ്മ നിർദയം?"

'അമ്മത്തൊട്ടിൽ' എന്ന കവിത വായനക്കാരനു മുമ്പിൽ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നുണ്ടല്ലോ. നിങ്ങളുടെ വായനാനുഭവം കവിയെ അറിയിക്കുന്നതിനുള്ള കത്തു തയാറാക്കുക

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കവിതയിലുടനീളം പ്രകടമാവുന്ന അമ്മയുടെ ദൈന്യത തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- കാവ്യപരമായ സൗന്ദര്യം, വൈകാരിക തീവ്രത എന്നിവ കണ്ടെത്തിയിട്ടുണ്ട്.(1)
- വായനാനുഭവം മികച്ച ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (2)
- വ്യവഹാരരൂപത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (1)

14. പഠനനേട്ടം

- പദ -വാക്യതലങ്ങളിലുള്ള അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തുന്നു. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.

പദ - വാക്യതലങ്ങളിലുള്ള അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതുക.

ഞങ്ങളുടെ കലാലയജീവിതത്തിനുശേഷം അനേകവർഷങ്ങൾ കഴിഞ്ഞശേഷമാണ് ഞങ്ങൾ തമ്മിൽ പരസ്പരം കണ്ടതെങ്കിലും പഴയ സ്നേഹവും സുഹൃത്തും അതു പോലെ തന്നെ ഞങ്ങൾക്ക് അനുഭവപ്പെട്ടു.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതിയിട്ടുണ്ട്. (2)

## 2

# നിലാവുപെയ്യുന്ന നാട്ടുവഴികൾ

### 1. പഠനനേട്ടം

- പദപ്രയോഗങ്ങളുടെ സാന്ദർഭികാർഥം കണ്ടെത്തുന്നതിന്.

ഞാനെന്റെ പാട്ടിനു പോയി.

ഞാൻ പാട്ടിനു താളം പിടിച്ചു.

അടിവരയിട്ട പ്രയോഗത്തിന് രണ്ടു വാക്യങ്ങളിലും ഒരേ അർഥമാണോ? വ്യക്തമാക്കുക.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. (2)

### 2. പഠനനേട്ടം

- പദച്ചേരുവയുടെ അർഥം കണ്ടെത്തുന്നു.

മഞ്ഞാലീറനുടുത്തൊരു പാവനഭാവം

അടിവരയിട്ട പദം വിഗ്രഹിച്ചാൽ

പാവനവും ഭാവവും
പാവനം കൊണ്ടുള്ള ഭാവം
പാവനമായ ഭാവം
പാവനത്തിന്റെ ഭാവം

*(സ്കോർ : 1, സമയം : 2 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- വിഗ്രഹാർഥം കണ്ടെത്തിയിട്ടുണ്ട് (പാവനമായ ഭാവം). (1)

### 3. പഠനനേട്ടം

- കഥയിലെ പ്രയോഗങ്ങളുടെ സാന്ദർഭികാർഥം കണ്ടെത്തുന്നു.

'മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരുപിടിക്കുക എന്നത് മത്തായിയുടെ വ്രതമായി'

അടിവരയിട്ട പ്രയോഗത്തിന്റെ സന്ദർഭത്തിലെ അർഥം ?

- എപ്പോഴും കുറ്റപ്പെടുത്തുക.

- ചിലപ്പോൾ എതിർക്കുക.
- എപ്പോഴും എതിർക്കുക.
- എതിരഭിപ്രായം പറയുക.

*(സ്കോർ : 1, സമയം : 2 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- പ്രയോഗത്തിന്റെ സാന്ദർഭികാർഥം കണ്ടെത്തിയിട്ടുണ്ട് (എപ്പോഴും എതിർക്കുക). (1)

## 4. പഠനനേട്ടം

- കഥാഭാഗം വിശകലനം ചെയ്ത് ജീവിതസന്ദേശം കണ്ടെത്തുന്നു.

'നീ കരഞ്ഞതുകൊണ്ട് ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലേ ഞാനും തിന്നുകൊള്ളൂ.'

അവളുടെ മുഖം തെളിഞ്ഞു. (കോഴിയും കിഴവിയും)

ഈ കഥയിലെ കുട്ടികൾ മുതിർന്നവർക്കു നൽകുന്ന ജീവിതസന്ദേശമെന്ത്? കണ്ടെത്തി കുറിപ്പു തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്. (1)
- ജീവിതസന്ദേശം കണ്ടെത്തിയിട്ടുണ്ട്. 1)
- മുതിർന്നവരും കുട്ടികളും തമ്മിലുള്ള വ്യത്യാസം കണ്ടെത്തിയിട്ടുണ്ട്. (2)

## 5. പഠനനേട്ടം

- കഥയിലെ ആഖ്യാനശൈലിയുടെ സവിശേഷതകൾ കണ്ടെത്തുന്നു.

1. "ആ പൂവൻകോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു. ആ രാത്രി അത് മത്തായിയുടെ തലച്ചോറിനകത്ത് ചിക്കുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗേണ കൂകി: "നോക്കീക്കോ"
2. മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചുതുടങ്ങി.

തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് 'കോഴിയും കിഴവിയുമെന്ന കഥയിലെ ആഖ്യാനശൈലിയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സന്ദർഭത്തിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥപറയുന്ന ശൈലിയുടെ സവിശേഷത കണ്ടെത്തിയിട്ടുണ്ട്. (2)
- സ്വന്തം നിരീക്ഷണം സമർഥിച്ചിട്ടുണ്ട്. (1)

## 6. പഠനനേട്ടം

- മഹാന്മാരുടെ ജീവിതദർശനം തിരിച്ചറിയുന്നു. അതിന്റെ അടിസ്ഥാനത്തിൽ മറ്റു രചനകൾ വിലയിരുത്തുന്നു.

- "ലോകമേ തറവാടു തനിക്കീച്ചെടികളും
  പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ"

  (വള്ളത്തോൾ)

- ''കൊച്ചുചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല'. എന്ന ഉറച്ച നിലയായിരുന്നു അമ്മയ്ക്ക."

വള്ളത്തോളിന്റെ വരികളിൽ തെളിയുന്ന ജീവിതദർശനമാണോ 'കൊച്ചുചക്കരച്ചി' യുടെ കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിച്ച് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- വള്ളത്തോളിന്റെ വരികളിലെ ദർശനം കണ്ടെത്തിയിട്ടുണ്ട്. (1)
- ഈ ദർശനത്തിന്റെ വെളിച്ചത്തിൽ കൊച്ചു ചക്കരച്ചിയെ വിലയിരുത്തിയിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

## 7. പഠനനേട്ടം

- കവിത വായിച്ചാസ്വദിക്കുന്നു. ആവിഷ്കാരരീതിയുടെ സവിശേഷത കണ്ടെത്തുന്നു.

"ആർപ്പുവിളിക്കുവിനുണ്ണികളേ,യല-
കടലേ,മേന്മേൽ കുരവയിടൂ കൊ-
ച്ചരുവികളേ, ചെറുകന്യകളേ,ന-
ല്ലതിഥി നമുക്കിനിയാരിതുപോലെ?"

(ഓണമുറ്റത്ത്)

ഓണത്തെ വരവേൽക്കുന്ന മലയാളനാടിന്റെ ആഹ്ലാദത്തിമർപ്പ് കവി ആവിഷ്കരിക്കുന്നതെങ്ങനെ? ഉചിതമായ മറ്റു സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

**■ മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- ഉചിതമായ മറ്റു സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ആവിഷ്കാരരീതിയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (2)

8. പഠനനേട്ടം

- ലേഖനങ്ങളിലെ ഭാഷാപ്രയോഗങ്ങൾ വിശകലനം ചെയ്തു ജീവിതാവസ്ഥ കണ്ടെത്തുന്നു.

ബഹുലക്ഷം ജനങ്ങളുടെ അന്ധകാരജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി ശ്രീനാരായണഗുരു.

അടിവരയിട്ട പ്രയോഗത്തിൽ തെളിയുന്ന അക്കാലത്തെ ജീവിതാവസ്ഥ കണ്ടെത്തുക.

(സ്കോർ : 2, സമയം : 4 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- ജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്(അയിത്തം, അടിമത്തം, തൊട്ടുകൂടായ്മ...). (2)

9. പഠനനേട്ടം

- കൃതികളിലെ ജീവിതാവസ്ഥ കണ്ടെത്തുന്നു. താരതമ്യം ചെയ്യുന്നു.

- "മാങ്ങ പഴുത്തുകഴിയുമ്പോഴാണല്ലോ രസം അതിന്റെ പരമോച്ചനില പ്രാപിക്കുന്നത്. കൈയിൽ വച്ചൊന്നു കശക്കി ഊറിക്കുടിച്ചാലുള്ള അമൃതരസത്തിനു മീതെ മറ്റൊന്നില്ല." (എ.പി. ഉദയഭാനു)
- "പറയൂ, നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി ഈ 'മാംഗോഫ്രൂട്ടി'ക്കുള്ള പോലാണോ?" (പി.പി. രാമചന്ദ്രൻ)

രണ്ടു തലമുറകളുടെ ജീവിതാനുഭവങ്ങളിലുള്ള വ്യത്യാസമാണോ ഈ വരികളിൽ തെളിയുന്നത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

(സ്കോർ : 4, സമയം : 8 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- രണ്ടു ഭാഗങ്ങളിലെയും ജീവിതാവസ്ഥ കണ്ടെത്തിയിട്ടുണ്ട്. (1)
- ജീവിതാനുഭവങ്ങളിലുള്ള വ്യത്യാസം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

10. പഠനനേട്ടം

- കഥയിലെ സവിശേഷപ്രയോഗങ്ങളുടെ അർഥസാധ്യതകൾ കണ്ടെത്തുന്നു.

അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി മത്തായിമാർഗേണ കൂകി: "നോക്കീക്കോ."

അടിവരയിട്ട പദത്തിന്റെ കഥാസന്ദർഭത്തിലെ അർഥസാധ്യതകൾ എന്തെല്ലാം? കണ്ടെത്തിയെഴുതുക.

(സ്കോർ : 2, സമയം : 4 മിനിറ്റ്)

■ **മൂല്യനിർണയ സൂചകങ്ങൾ**

- പദത്തിന്റെ അർഥസാധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
(മർക്കോസിനുള്ള മുന്നറിയിപ്പ്, മത്തായിയുടെ പ്രതികാരബുദ്ധി തുടങ്ങിയവ).

### 11. പഠനനേട്ടം

- ഉപന്യാസങ്ങൾ വായിച്ച് അവയിലെ പ്രമേയം, ഭാഷ, അവതരണരീതി എന്നിവ വിശകലനം ചെയ്യുന്നു. സ്വന്തം നിഗമനങ്ങൾ ഉപന്യാസരൂപത്തിൽ അവതരിപ്പിക്കുന്നു.

എ.പി. ഉദയഭാനുവിന്റെ ഉപന്യാസങ്ങളുടെ സവിശേഷതകൾ സൂചനകളായി ചുവടെ കൊടുത്തിരിക്കുന്നു.

- സ്വന്തം ജീവിതകഥയോടു ചേർത്ത് അനുഭവരസികതയോടെയുള്ള അവതരണം.
- വ്യക്തിബന്ധങ്ങളുടെയും കുടുംബബന്ധങ്ങളുടെയും ഹൃദയസ്പർശിയായ ചിത്രങ്ങൾ.
- രചനാശൈലിയിലെ ലാളിത്യം, ആർജവം, നാടൻമട്ട്.

ഈ സവിശേഷതകൾ 'കൊച്ചുചക്കരച്ചി'യിൽ എത്രത്തോളം ദൃശ്യമാണ്? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിച്ച് ലഘൂപന്യാസം തയാറാക്കുക (ഒരുപുറം).

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ സൂചനകൾ വികസിപ്പിച്ചിട്ടുണ്ട്. (2)
- ലേഖനത്തിൽ നിന്നു തെളിവുകളും ഉദാഹരണങ്ങളും കണ്ടെത്തിയിട്ടുണ്ട്.(2)
- സ്വന്തം നിരീക്ഷണങ്ങൾ സമർഥിച്ചിട്ടുണ്ട്. (1)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

### 12. പഠനനേട്ടം

- രചനകളിലെ ചമത്കാരപ്രയോഗങ്ങൾ ആസ്വദിക്കുന്നു, ഔചിത്യം കണ്ടെത്തുന്നു.

" നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തൊരുഷസ്സേ....."

(ഓണമുറ്റത്ത്)

- പ്രഭാതത്തെ മനുഷ്യഭാവത്തിലവതരിപ്പിച്ചതിന്റെ സൗന്ദര്യം വിശകലനം ചെയ്യുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രഭാതത്തെ വർണിച്ചിരിക്കുന്നത് വിശകലനം ചെയ്തിട്ടുണ്ട്. (1)
- മനുഷ്യഭാവം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സൗന്ദര്യം വിശകലനം ചെയ്തിട്ടുണ്ട്. (1)

### 13. പഠനനേട്ടം

- കഥകൾ വായിച്ച് പ്രമേയസവിശേഷതകൾ തിരിച്ചറിയുന്നു, വിലയിരുത്തി കുറിപ്പു തയാറാക്കുന്നു.

രണ്ടയൽപക്ക കുടുംബങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കുമപ്പുറം സമ്പത്തിന്റെയും മൂല്യങ്ങളുടെയും സംഘർഷമണ് 'കോഴിയും കിഴവിയും' എന്ന കഥ പറയുന്നത്.

- ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥയുടെ പ്രമേയം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥയിൽനിന്ന് തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

**14. പഠനനേട്ടം**

- പ്രയോഗങ്ങളുടെ അർഥസാധ്യതകൾ കണ്ടെത്തുന്നു.

'മത്തായിയുടെ' വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്.'

അടിവരയിട്ട പ്രയോഗം നൽകുന്ന രണ്ടു സൂചനകൾ കണ്ടെത്തി എഴുതുക.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- സൂചനകൾ കണ്ടെത്തിയെഴുതിയിട്ടുണ്ട് (രണ്ടെണ്ണം). (2)

**15. പഠനനേട്ടം**

- കവിതയുടെ പ്രമേയപരമായ സവിശേഷതകൾ കണ്ടെത്തുന്നു.

"കേരളത്തിന്റെ പ്രകൃതിയേക്കാൾ കേരളത്തിന്റെ സംസ്കാരം വൈലോപ്പിള്ളിയിൽ സ്വാധീനത ചെലുത്തി. കേരളീയസംസ്കാരത്തോട്, കരുതിക്കൂട്ടിയല്ലാതെ തന്നെ, ഇത്രയും കൂറു ഞാൻ മറ്റൊരു മലയാളകവിയിലും കണ്ടിട്ടില്ല."

(എം.എൻ. വിജയൻ)

- ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, ഓണമുറ്റത്ത് എന്ന കവിത വിശകലനം ചെയ്ത് 'വൈലോപ്പിള്ളിക്കവിതയിലെ കേരളീയത'യെ കുറിച്ച് ലഘുനിരൂപണം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നിരീക്ഷണത്തിന്റെ പൊരുൾ ഉൾക്കൊണ്ടിട്ടുണ്ട്. (1)
- വിഷയവുമായി ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.(2)
- കവിതയിൽ നിന്ന് ഉചിതമായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

**16. പഠനനേട്ടം**

- കാവ്യഭാഗം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണങ്ങൾ സമർഥിക്കുന്നു.

- പഴയൊരു പുള്ളുവനാണല്ലോ ഞാൻ.
- ഓണക്കാലത്തുണരും ഞാൻ,തിരു-
  വോണപ്പാട്ടുകളെൻ പാട്ടുകൾ
- ഇവരറിയുന്നീലെന്നഭിമാനം!

മഹത്തായ ഒരു കാവ്യപാരമ്പര്യത്തിലെ കണ്ണിയാണ് താനെന്ന് അഭിമാനിക്കുന്ന കവിയെ 'ഓണമുറ്റത്ത്' എന്ന കവിതയിൽ കാണാം. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

മുകളിൽ തന്നിരിക്കുന്ന കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവന ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്തിട്ടുണ്ട്. (2)
- സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. (1)

**17. പഠനനേട്ടം**

- പഴഞ്ചൊല്ലുകളുടെ ആശയവുമായി ബന്ധിപ്പിച്ച് കഥാപാത്രസ്വഭാവം നിരൂപണം ചെയ്യുന്നു.

? 'ഉണ്ട ചോറു മറക്കരുത്' - പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് കോഴിയും കിഴവിയും എന്ന കഥയിലെ മത്തായി എന്ന കഥാപാത്രത്തിന്റെ മനോഭാവം വിലയിരുത്തുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പഴഞ്ചൊല്ലിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- 'മത്തായി'യുടെ മനോഭാവവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (2)
- യുക്തിപൂർവം വിലയിരുത്തിയിട്ടുണ്ട്. (1)

**18. പഠനനേട്ടം**

- മഹാന്മാരുടെ ജീവിതസന്ദേശങ്ങൾ തിരിച്ചറിയുന്നു, സമകാലികപ്രസക്തി കണ്ടെത്തുന്നു.

? "ശ്രീനാരായണസന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു."

(കുറ്റിപ്പുഴ കൃഷ്ണപിള്ള)

ഈ അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട് ? യുക്തിപൂർവം സമർഥിക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കുറ്റിപ്പുഴയുടെ അഭിപ്രായത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സ്വന്തം അഭിപ്രായം അവതരിപ്പിച്ചിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

**19. പഠനനേട്ടം**

- മഹാന്മാരുടെ ജീവിതദർശനം തിരിച്ചറിയുന്നു. സമകാലിക വിഷയങ്ങളുമായി ബന്ധിപ്പിച്ച് മുഖപ്രസംഗം തയാറാക്കുന്നു.

? "ജാതി ഒന്നാണെന്നതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെ കണ്ടാൽ അതിന്റെ സ്വന്തം ജാതിയാണെന്നു മനസ്സിലാക്കുന്നു. എല്ലാ മൃഗങ്ങൾക്കും

ഈ വകതിരിവുണ്ട്. അതനുസരിച്ച് ജീവിക്കുന്നുമുണ്ട്. മനുഷ്യർക്കു മാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം.”

(ശ്രീനാരായണഗുരു)

- ഗുരുവിന്റെ ഈ വിമർശനം ഇക്കാലത്തും പ്രസക്തമാണോ? വർത്തമാനകാല സംഭവങ്ങൾ വിശകലനം ചെയ്ത് ‘മനുഷ്യന്റെ ജാതി മനുഷ്യത്വം’ എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- ഗുരുവിന്റെ വിമർശനത്തിന്റെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. (2)
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- ഉചിതമായ സംഭവങ്ങൾ ഉദാഹരിച്ചിട്ടുണ്ട്. (1)
- സ്വന്തം നിലപാടുകൾ സമർഥിച്ചിട്ടുണ്ട്. (1)
- ആശയം ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

## 20. പഠനനേട്ടം

- മഹാന്മാരുടെ ജീവിതസന്ദേശം സംബന്ധിച്ച നിരീക്ഷണങ്ങൾ വിലയിരുത്തുന്നു. സ്വാംശീകരിച്ച ആശയങ്ങളും സ്വന്തം നിലപാടും വിശദമാക്കി പ്രഭാഷണം തയാറാക്കുന്നു.

“ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്. ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം. ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു.”

(ശ്രീനാരായണഗുരുവിനെക്കുറിച്ച് എം.എൻ. വിജയൻ)

തന്നിരിക്കുന്ന ഭാഗവും കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണങ്ങളും വിശകലനം ചെയ്ത്, ‘ശ്രീനാരായണഗുരു – ആധുനികകേരളത്തിന്റെ സ്രഷ്ടാവ്’ എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- എം.എൻ. വിജയന്റെ നിരീക്ഷണത്തിലെ ആശയങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. (1)
- പാഠഭാഗത്തെ നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (1)
- വിഷയവുമായി ബന്ധപ്പെട്ട പ്രസക്തമായ ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.(2)
- സ്വന്തം നിഗമനം സ്ഥാപിച്ചിട്ടുണ്ട്. (1)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

## 21. പഠനനേട്ടം

- കഥയുടെ പ്രമേയം വിശകലനം ചെയ്തു നിരൂപണങ്ങൾ തയാറാക്കുന്നു.

നിസ്സാര പ്രശ്നങ്ങളുടെ പേരിൽ പരസ്പരം കലഹിക്കുന്ന രണ്ടാം തലമുറയ്ക്കിടയിലേക്ക് നന്മയുടെ വെളിച്ചം പകർന്നുകൊണ്ട് പഴയതലമുറയും സ്നേഹത്തിന്റെ വിത്തുകൾ പാകിക്കൊണ്ട് പുതിയ തലമുറയും കടന്നുവരുന്ന കാഴ്ച ‘കോഴിയും കിഴവിയും’ എന്ന കഥയിൽ കാണാം.

ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥ നിരൂപണം ചെയ്യുക

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥയിൽ നിന്നും ഉചിതമായ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- യുക്തിപൂർവം നിരൂപണം ചെയ്തിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

## 22. പഠനനേട്ടം

- കവിത വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ കണ്ടെത്തുന്നതിന്.

"ഏതുമുറങ്ങാതെമ്പാടും വയ-
ലേലകൾ തോറും നടുവിൽ പൊൽക്കിഴി-
യെരിയും വെള്ളിത്താലമെടുത്തു നി-
രന്നു ലസിപ്പൂ നെയ്യാമ്പലുകൾ"

(ഓണമുറ്റത്ത്)

വരികളിൽ തെളിയുന്ന കാവ്യപരമായ സവിശേഷതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കവിതാഭാഗത്തിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (2)
- ഉചിതമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)

3

# വാക്കുകൾ വിടരുന്ന പുലരികൾ

## 1. പഠനനേട്ടം

- കാവ്യഭാഗങ്ങളിലെ ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും സ്വന്തം നിലപാടുകൾ അവതരിപ്പിക്കുന്നതിനും.

"അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയൊതുങ്ങിയിരിക്കട്ടെ
നമ്മൾ വിദേശത്തു നിർമിച്ചൊരമ്മതൻ
ബിംബമീയാതിഥ്യശാലയിൽ ശോഭനം."

(വി. മധുസൂദനൻനായർ)

"അമ്മ മമ്മിയായന്നേ മരിച്ചു മലയാളം
ഇന്നുള്ളതതിൻ ഡാഡീജഡമാം മലയാലം"

(കുഞ്ഞുണ്ണി)

കാവ്യഭാഗങ്ങളിൽ തെളിയുന്ന മലയാളികളുടെ മാതൃഭാഷയോടുള്ള സമീപനം വിലയിരുത്തി, മാതൃഭാഷ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ലഘുപ്രഭാഷണം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- കാവ്യഭാഗങ്ങളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കവികളുടെ പ്രതികരണങ്ങൾ വിലയിരുത്തിയിട്ടുണ്ട്. (2)
- സ്വന്തം നിലപാടുകൾ സമർഥിച്ചിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

## 2. പഠനനേട്ടം

- രചനകളിലെ ആശയം കണ്ടെത്തുന്നതിന്.

"താരാട്ടിലോലുന്ന മാധുര്യമെങ്ങനെ?
താൻ തന്നെ വന്നു പിറന്നതുമെങ്ങനെ?"

വരികൾ വിശകലനം ചെയ്ത് പുതുതലമുറയെക്കുറിച്ചുള്ള കവിയുടെ വിമർശനം കണ്ടെത്തിയെഴുതുക. (രണ്ടെണ്ണം)

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- വിമർശനം കണ്ടെത്തിയിട്ടുണ്ട്(താരാട്ടിന്റെ മാധുര്യം മറക്കുന്നു, ജന്മം നൽകിയ അമ്മയെപ്പോലും മറക്കുന്നു. സമാനമായ മറ്റ് ഉത്തരങ്ങൾക്ക്).

## 3. പഠനനേട്ടം

- കൃതികളിലെ ജീവിതമുഹൂർത്തങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുന്നു.

"എങ്കിലുമമ്മയൊരോർമ്മയായ്, ആദിമ-
സംഗീതമായ് വന്നു മൂളുന്നിടയ്ക്കിടെ"

ഭാഷയുടെയും പാരമ്പര്യത്തിന്റെയും എന്തൊക്കെ സവിശേഷതകളാണ് ഈ വരികളിൽ തെളിയുന്നത്? കാവ്യസന്ദർഭവുമായി ബന്ധിപ്പിച്ച് വിശദമാക്കുക. (അരപ്പുറം)

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്. (2)
- സവിശേഷതകൾ കാവ്യസന്ദർഭവുമായി ബന്ധിപ്പിച്ച് വിശദമാക്കിയിട്ടുണ്ട്. (2)

## 4. പഠനനേട്ടം

- കാവ്യഭാഗങ്ങളിലെ ആശയം, കാഴ്ചപ്പാട് എന്നിവ കണ്ടെത്തുന്നതിനും താരതമ്യം ചെയ്ത് രചനകളിൽ ഏർപ്പെടുന്നതിനും.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ"

(വള്ളത്തോൾ)

"അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ്ത്തന്നെയിരിക്കട്ടെയെപ്പൊഴും"

(വി. മധുസൂദനൻനായർ)

മാതൃഭാഷയെക്കുറിച്ച് വള്ളത്തോൾ അവതരിപ്പിക്കുന്ന കാഴ്ചപ്പാടും വി. മധുസൂദനൻ നായരുടെ കഥാപാത്രത്തിന്റെ വാക്കുകളും താരതമ്യം ചെയ്യുക

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- കാവ്യഭാഗങ്ങളിലെ ആശയം, കാഴ്ചപ്പാട് എന്നിവ കണ്ടെത്തിയിട്ടുണ്ട്. (1)
- കവിതയുടെ ആശയതലം കണ്ടെത്തിയിട്ടുണ്ട്. (1)
- കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. (2)

## 5. പഠനനേട്ടം

- പത്രമാധ്യമങ്ങളെ വിലയിരുത്തി സ്വന്തം നിഗമനങ്ങൾ സമർഥിക്കുന്നതിന്.

"എന്റെ വിസ്മയം പത്തൊമ്പതാം നൂറ്റാണ്ടുകാരനായ ബട്‌ലർ ഇരുപതാം നൂറ്റാണ്ടിന്റെ ഈ വൈകിയ ഘട്ടത്തിൽ നമ്മുടെ പത്രങ്ങൾ എത്തിച്ചേർന്ന അസൂയാവഹമല്ലാത്ത അവസ്ഥാവിശേഷം അപ്പാടെ കണ്ടറിഞ്ഞ് വിളിച്ചു പറഞ്ഞത് എങ്ങനെയെന്ന് ചിന്തിച്ചാണ്."

- "പത്രം അസത്യമാണെന്നറിഞ്ഞു കൊണ്ട് ഒരു കാര്യം പറയുകയും അത് സത്യ മായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു."

(സുകുമാർ അഴീക്കോട്)

പത്രമാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

*(സ്കോർ : 4, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- മാധ്യമങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. (1)
- സ്വന്തം നിഗമനങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (2)
- യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. (1)

## 6. പഠനനേട്ടം

- രചനകളിലെ ആശയം വിശകലനം ചെയ്യുന്നതിനും സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിനും.

? "അദ്ദേഹം ഉദ്യോഗസ്ഥന്മാരെ വിമർശിച്ചു. അവരുടെ അഴിമതികൾ തുറന്നു കാട്ടി. കൊട്ടാരം സേവകരെ അധിക്ഷേപിച്ചു. അവരുടെ ദുരാർജിത വിത്തത്തിന്റെ കഥകൾ വെളിച്ചത്തു കൊണ്ടുവന്നു. ചുരുക്കത്തിൽ, ജനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി അധികാരികളോടു പൊരുതുവാൻ തൂലിക പടവാളാക്കി."

(കെ. രാമകൃഷ്ണപിള്ള- ചിന്തകനും പത്രപ്രവർത്തകനും - പവനൻ)

പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്. (പത്രനീതി)

തന്നിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് പത്രപ്രവർത്തനരംഗത്തുണ്ടായ മൂല്യത്തകർച്ചയെ കുറിച്ച് ലഘൂപന്യാസം തയാറാക്കുക.

*(സ്കോർ : 6, സമയം : 12 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നൽകിയ ഭാഗത്തെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- പത്രപ്രവർത്തകന്റെ കടമകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- പത്രമാധ്യമരംഗത്തുണ്ടായ മൂല്യത്തകർച്ച തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. (1)

## 7. പഠനനേട്ടം

- നവമാധ്യമരംഗത്തെ പ്രവണതകൾ മനസ്സിലാക്കി അവ സാമൂഹിക-സാംസ്കാരിക രംഗത്ത് ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുന്നതിനും ആവിഷ്കരിക്കുന്നതിനും.

? "കൗമാരമനസ്സുകളെ ചഞ്ചലപ്പെടുത്തുകയും അവരുടെ പഠനത്തെ തടസ്സപ്പെടുത്തുകയും കുടുംബാന്തരീക്ഷത്തെ മരവിപ്പിക്കുകയും മലീമസമാക്കുകയും ചെയ്യുന്ന അപകടമായി ടെലിവിഷൻ മാറിയിട്ടുണ്ട്. വ്യക്തിബന്ധങ്ങളിലും സാമൂഹികക്കൂട്ടായ്മക

ളിലും അത് അനാശാസ്യമായ വിള്ളലുകൾ സൃഷ്ടിക്കുന്നു."

ഈ നിരീക്ഷണം വിശകലനം ചെയ്ത് ടെലിവിഷൻ പരിപാടികളുടെ ഗുണമേന്മ ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സാംസ്കാരിക വകുപ്പു മന്ത്രിക്കു നൽകാനുള്ള ഒരു നിവേദനം തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പ്രസ്താവനയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- ടെലിവിഷൻ പരിപാടികളുടെ ഗുണദോഷങ്ങൾ വിലയിരുത്തിയിട്ടുണ്ട്. (2)
- സ്വന്തം അഭിപ്രായം സമർഥിച്ച് നിവേദനം തയാറാക്കിയിട്ടുണ്ട്. (1)

**8. പഠനനേട്ടം**

- രചനകളിലെ ആശയങ്ങൾ വിശകലനം ചെയ്യുന്നതിനും താരതമ്യം ചെയ്തു സ്വന്തം നിഗമനങ്ങൾ അവതരിപ്പിക്കുന്നതിനും.

"നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ"

(അയ്യപ്പപ്പണിക്കർ)

"നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം
സത്യം പറയുവാൻ ശക്തിയുണ്ടാകണം"

(കടമ്മനിട്ട)

രണ്ടു കാവ്യഭാഗങ്ങളിലെയും സന്ദേശം താരതമ്യം ചെയ്തു കുറിപ്പു തയാറാക്കുക.

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കാവ്യഭാഗങ്ങളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- സന്ദേശം താരതമ്യം ചെയ്തിട്ടുണ്ട്. (2)

**9. പഠനനേട്ടം**

- പഴഞ്ചൊല്ലുകൾ വ്യാഖ്യാനിക്കുന്നതിനും പാഠസന്ദർഭവുമായി ബന്ധിപ്പിച്ച് ആശയരൂപീകരണം നടത്തുന്നതിന്നും.

"അല്ലാ, നീയ്  പലിശേം അടച്ചിട്ടില്ല്യല്ലോടാ. ഇദെന്താ കഥ? ഞാൻ കൊറച്ചു കൂടി കാക്കും. പിന്നെ റേഡിയോയാണോ സിനിമ്യാണോന്നൊന്നും നോക്കില്ല്യ. അങ്ങട് കിട്ട്യ കാശിന് വിൽക്കും. അതാ ഇബടത്തെ ഒരു രീതി".

(ചെമ്പുമത്തായി- പണയം)

'അറ്റ കൈക്ക് ഉപ്പു തേക്കാത്തവൻ' എന്ന പഴഞ്ചൊല്ലിന്റെ ആശയവുമായി ബന്ധിപ്പിച്ച് ചെമ്പുമത്തായിയുടെ സ്വഭാവനിരൂപണം തയാറാക്കുക. (അരപ്പുറം)

*(സ്കോർ : 4, സമയം : 8 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- പഴഞ്ചൊല്ലിന്റെ ആശയം കണ്ടെത്തിയിട്ടുണ്ട്. (1)
- കഥാപാത്രസ്വഭാവവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. (2)
- സ്വന്തം നിഗമനം സമർഥിച്ചിട്ടുണ്ട്. (1)

## 10. പഠനനേട്ടം

- നവമാധ്യമങ്ങൾ ദൈനംദിനജീവിതത്തെ എങ്ങനെ സ്വാധീക്കുന്നുവെന്ന് വിലയിരുത്തി രചനകളിൽ ഏർപ്പെടുന്നതിന്.

റേഡിയോ എന്ന മാധ്യമത്തിന്റെ സാന്നിധ്യം ഗ്രാമീണജീവിതത്തിലുണ്ടാക്കിയ സ്വാധീനം 'പണയം' എന്ന കഥയിൽ അവതരിപ്പിക്കുന്നുണ്ടല്ലോ.

- ടെലിവിഷനും നവമാധ്യമങ്ങളും (വാട്സ്ആപ്പ്, ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയവ) ഇന്ന് സമൂഹത്തിൽ ഏതുതരത്തിലുള്ള സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്? സ്വാനുഭവത്തിന്റെ കൂടി വെളിച്ചത്തിൽ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

*(സ്കോർ : 4, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- കഥയിൽനിന്ന് മാധ്യമസ്വാധീനത്തിന്റെ തെളിവുകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ടെലിവിഷനും നവമാധ്യമങ്ങളും ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞിട്ടുണ്ട്. (2)
- സ്വാനുഭവങ്ങളുടെ വെളിച്ചത്തിൽ ഗുണദോഷങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)

## 11. പഠനനേട്ടം

- മാധ്യമരംഗത്തെ പ്രവണതകൾ വിലയിരുത്തുന്നതിനും സ്വന്തം നിലപാടുകൾ സമർഥിച്ച് രചനകളിൽ ഏർപ്പെടുന്നതിനും.

"അരാജകമായ അവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു."

"പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്." - (പത്രനീതി)

പത്രമാധ്യമങ്ങളെ സംബന്ധിച്ച ഈ രണ്ടു നിരീക്ഷണങ്ങളും വിശകലനം ചെയ്തു പത്രങ്ങൾ ധാർമ്മികമൂല്യങ്ങൾ പുലർത്തേണ്ടതിന്റെ പ്രാധാന്യം വിവരിച്ച് പത്രാധിപർക്കുള്ള കത്ത് തയാറാക്കുക.

*(സ്കോർ : 4, സമയം : 10 മിനിറ്റ്)*

■ **മൂല്യനിർണയ സൂചകങ്ങൾ**

- നിരീക്ഷണങ്ങളുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്. (1)
- പത്രധർമ്മത്തെക്കുറിച്ചുള്ള സ്വന്തം നിലപാടുകൾ സമർഥിച്ചിട്ടുണ്ട്. (2)
- വ്യവഹാരരൂപത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്. (1)

## 12. പഠനനേട്ടം

- കവിതകൾ വായിച്ച് ആശയം ഉൾക്കൊള്ളുന്നതിനും സമാനകവിതകളുമായി ബന്ധിപ്പിച്ച് വിവിധ രചനകളിൽ ഏർപ്പെടുന്നതിനും.

അമ്മ

"വിറച്ചു വിതുമ്പി വീട്ടാലയിൽ
ചത്താ മതി എന്നു പ്രാകി ചായ്പിൽ
വേദന കടിച്ചമർത്തി പൊന്തക്കാട്ടിൽ
ചില അമ്മമാർ.

വഴിവക്കിൽത്തള്ളി മക്കൾ കടന്നുകളഞ്ഞു.
ഓർമ നഷ്ടമായ ആയമ്മ ഓടിക്കൂടിയവരോട്
സ്വന്തം പേരുമാത്രം ആവർത്തിച്ചു:
"മലയാളം ...മലയാളം!"

(സോമൻ കടലൂർ)

അമ്മത്തൊട്ടിൽ, അമ്മയുടെ എഴുത്തുകൾ എന്നീ കവിതകളുടെ പ്രമേയവുമായി ബന്ധിപ്പിച്ച് 'അമ്മ' എന്ന കവിതയുടെ സമകാലിക പ്രസക്തി വിലയിരുത്തി 'അമ്മയെ വീണ്ടെടുക്കുക എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- കവിതയുടെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (2)
- നിർദേശിച്ച കവിതകളുടെ പ്രമേയം കണ്ടെത്തിയിട്ടുണ്ട്. (1)
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
- സ്വന്തം നിലപാടുകൾ സമർഥിച്ചിട്ടുണ്ട്. (1)
- ആശയക്രമീകരണം. (1)

## 13. പഠനനേട്ടം

- ശീർഷകവുമായി ബന്ധിപ്പിച്ച് കഥ വ്യാഖ്യാനിക്കുന്നതിന്.

"തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു. ചക്രം ചവിട്ടുമ്പോഴും സൂചി ഉയർന്നു താഴുമ്പോഴും അയാൾ അജ്ഞാതമായൊരു പാട്ടിനു വേണ്ടി കാതോർത്തു. മനസ്സിലെ നാടകത്തിൽ നിന്ന് ഏതെല്ലാമോ കഥാപാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു."

- റേഡിയോ പണയം വച്ചതിനുശേഷമുള്ള ചാക്കുണ്ണിയുടെ അവസ്ഥയാണിത്. ചാക്കുണ്ണി പണയം വച്ചത് റേഡിയോ മാത്രമാണോ? പണയം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക.

*(സ്കോർ : 6, സമയം : 14 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- കഥാസന്ദർഭത്തിന്റെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്. (1)
- കഥാപാത്രത്തിന്റെ സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്. (1)
- ശീർഷകം വിശകലനം ചെയ്ത് ഔചിത്യം വ്യക്തമാക്കിയിട്ടുണ്ട്. (2)

## 14. പഠനനേട്ടം

- പദ - വാക്യതലങ്ങളിലുള്ള അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തുന്നു. പുതിയ സന്ദർഭത്തിൽ പ്രയോഗിക്കുന്നു.

? പദ - വാക്യതലങ്ങളിലുള്ള അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതുക.

പഠനം മാതൃഭാഷയിലാകുമ്പോഴാണ് പഠനം എളുപ്പവും രസകരവുമായി അനുഭവപ്പെടുകയെന്നത് ഏതൊരു വിദ്യാർഥികൾക്കും തിരിയുന്ന കാര്യമാണ്. എന്നാൽ ഇംഗ്ലീഷ് ഭ്രമം മൂത്ത രക്ഷിതാക്കൾ ഇതിനെപ്പറ്റി ബോധവതികളല്ല.

*(സ്കോർ : 2, സമയം : 4 മിനിറ്റ്)*

### ■ മൂല്യനിർണയ സൂചകങ്ങൾ

- അഭംഗി കണ്ടെത്തി വാക്യം മെച്ചപ്പെടുത്തിയെഴുതിയിട്ടുണ്ട്. 2

SET- I

# മാതൃകാചോദ്യപേപ്പർ 2016 -17
# മലയാളം
## കേരളപാഠാവലി

**സ്റ്റാന്റേർഡ്: X** **സമയം: 90** മിനിറ്റ്
**സ്കോർ: 40**

**പൊതുനിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. താഴെ തന്നിരിക്കുന്നവയിൽനിന്ന് കഥകളിയുമായി ബന്ധപ്പെടാത്ത ശൈലി കണ്ടെത്തിയെഴുതുക.

   എ) കഥയറിയാതെ ആട്ടം കാണുക. ബി) ധനാശി പാടുക. സി) ശ്ലോകത്തിൽ കഴിക്കുക

   ഡി) അങ്കവും കാണാം താളിയും ഒടിക്കാം. 1

2. അയാൾ മുറിക്കകത്തേക്ക് സാവധാനം <u>കടന്നിരുന്നു</u>
   നാട്ടുകാർ ഓടിക്കൂടിയപ്പോഴേക്കും അക്രമി അവിടെ നിന്നു <u>കടന്നിരുന്നു</u>.

   അടിവരയിട്ട പദത്തിന് വരുന്ന അർത്ഥവ്യത്യാസം കണ്ടെത്തി എഴുതുക 1

3. "എയ്ക്കി പിടിയില്ല"-വെള്ളായിയപ്പൻ പറഞ്ഞു. "കടലാശില് എന്താണ് എഷ്തിക്കെട്ക്ക്ണത്, ആവോ?"
   വരികളിൽ തെളിയുന്ന വെള്ളായിയപ്പന്റെ അവസ്ഥ എന്ത്?
   എ. നിർമമത, ബി. നിരക്ഷരത, സി. നിസ്സംഗത ഡി. നിസ്സഹായത 1

4. എഴുത്തുകാരുടെ <u>ജീവിതനിരീക്ഷണം</u> അവരുടെ കൃതികളിൽ തെളിഞ്ഞു കാണാം.

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് എടുത്ത് എഴുതുക.

   എ. ജീവിതവും നിരീക്ഷണവും ബി. ജീവിതത്തിലെ നിരീക്ഷണം
   സി. ജീവിതമാകുന്ന നിരീക്ഷണം ഡി. ജീവിതത്തെക്കുറിച്ചുള്ള നിരീക്ഷണം 1

5 "നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"

ഈവരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം കണ്ടെത്തുക. 2

6 " വൈരി വൈരസേനിക്കിഹ ഞാൻ കലി,
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ തരുന്നു..."
പ്രലോഭനം എന്ന ശീർഷകത്തിന് ഈ വരികൾ എത്രമാത്രം ഇണങ്ങുന്നുണ്ടെന്ന് പരിശോധിക്കുക. 2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക ഓരോന്നിനും 4 സ്കോർ വീതം**

7. "ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം?"
   ദുര്യോധനന്റെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവമെന്ത്?
   വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

8. "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ"

-പൂന്താനം

"വഹ്നിസന്തപ്തലോഹസ്താംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

-എഴുത്തച്ഛൻ

വരികളിലെ ആശയം, ഭാഷ മുതലായവ പരിഗണിച്ച് താരതമ്യക്കുറിപ്പ് തയാറാക്കുക.

9. "ധീരനായ യതി നോക്കി തന്വിതൻ-
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം"

വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം പരിശോധിക്കുക.

10. "കവിക്ക് കാലപാരതന്ത്ര്യമില്ലാത്തതുകൊണ്ട്, ഒരു കഥ ആദ്യം മുതൽ അവസാനം വരെ കാലക്രമത്തിലോ മറിച്ചോ പ്രതിപാദിക്കുവാൻ അയാൾക്ക് പൂർണസ്വാതന്ത്ര്യമുണ്ട്. എന്നാൽ ചിത്രകാരന് ആ കഥയിലുള്ള ഒരു വിശിഷ്ടനിമിഷത്തിലെ അനുഭവം മാത്രം തിരഞ്ഞെടുക്കുകയേ നിർവാഹമുള്ളൂ.'' എം.പി. പോളിന്റെ ഈ പ്രസ്താവനയെ 'മൈക്കലാഞ്ചലോ, മാപ്പ്' എന്ന കവിത സാധൂകരിക്കുന്നുണ്ടോ? വിശകലനക്കുറിപ്പ് തയാറാക്കുക.

11. ''മഹാന്മാരായ എല്ലാ കവികളെയും പോലെ കാളിദാസനും പ്രണയഗായകനാണ്. പരസ്പരസ്നേഹത്തിന്റെ മഹിമയാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളിലെയും പ്രതിപാദ്യം. പക്ഷേ, സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും അദ്ദേഹം വിശ്വസിച്ചു."

എൻ.വി. കൃഷ്ണവാരിയരുടെ ഈ നിരീക്ഷണം കുമാരനാശാനെ സംബന്ധിച്ച് എത്രമാത്രം പ്രസക്തമാണെന്ന് 'പ്രിയദർശനം'എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

12 " ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ'

ഈ വരികളിൽ തെളിയുന്ന കവിയുടെ ജീവിതദർശനം പാഠഭാഗവുമായി ബന്ധപ്പെടുത്തി ലഘുകുറിപ്പ് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 6 സ്കോർ വീതം.)**

13. "അവനു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവനു സ്കൂളിലേക്ക് ഒരു വരക്കോലും സ്കൂൾപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു പൊൻപണം തൂക്കി വിറ്റതും മറ്റും അവന് ഓർമ്മയുണ്ടോ എന്നൊന്നെഴുതിച്ചോദിക്കൂ"- അമ്മ.

*(ഞാൻ കഥാകാരനായ കഥ)*

"പക്ഷേ, ഒന്നോർക്കണം.നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോടു പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഭാഗവും കുട്ടികൾ അമ്മയുടെ ഒരുഭാഗവുമായിത്തീരുകയുള്ളൂ." - മിസ്സിസ് തലത്ത് *(വിശ്വരൂപം)*

രണ്ടു സന്ദർഭങ്ങളിലെയും അമ്മമാരുടെ വാക്കുകളും അനുഭവങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. 6

14. “നാലു പാളികളുള്ള കതകിന്റെ ചേർപ്പുരേഖകൾ, വാതിൽച്ചട്ടത്തിന്റെ ചതുരത്തിനകത്ത് മെലിഞ്ഞ ഒരു കുരിശ് തീർത്തിരുന്നു. അതു പിളർന്നു നീങ്ങിയപ്പോൾ അയാളുടെ മകന്റെ ഭാര്യ ജൂലിയാനയുടെ, അമിതാകാംക്ഷകൊണ്ട് വിളർത്ത നിഴൽമുഖം തെളിഞ്ഞു.”

“വില്യംമൂന്നാമൻ രാജാവിന്റെ ഛായയെ ദാരിദ്ര്യവും വാർധക്യവും ചേർന്ന് പുകച്ചു മങ്ങിച്ചതു പോലെയായിരുന്നു അയാളുടെ മുഖം.”

“ഉപകരണവിശേഷംകൊണ്ട് ചിത്രകലയ്ക്കു സംഭവിച്ചിട്ടുള്ള ന്യൂനത കാലപരിമിതിയാണ് ”

എന്ന് എം.പി. പോൾ, അഭിപ്രായപ്പെടുന്നു.

- ചിത്രത്തിൽനിന്നു ജനിച്ച ‘ഉരുളക്കിഴങ്ങ് തിന്നുന്നവർ’ എന്ന കഥയിൽ ചിത്രകലയുടെ സ്വഭാവം കടന്നുവന്നിട്ടുണ്ടോ? സൂചനകളുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ നിഗമനങ്ങൾ അവതരിപ്പിക്കുക.

15. **ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക** 6

- **ഇനിയെന്ത് വിൽക്കും?**

പുഴയെ, കാറ്റിനെ, വെയിലിനെ വിൽക്കാൻ
മഴയെ മണ്ണിന്റെ തരികളെ വിൽക്കാൻ
പതിനാലാംരാവിന്റെയഴകിനെ വിൽക്കാൻ
പുലരിതൻ സപ്തസ്വരങ്ങളെ വിൽക്കാൻ
അവർ വിളിക്കയായ്.. വരിക, ലോകത്തിൻ
പെരുമടീശ്ശീലതലവരേ ..നീല-
മലകൾ നിങ്ങൾക്കു കുഴിച്ചെടുക്കുവാൻ
ഹരിതവൃക്ഷങ്ങൾ പിഴുതെടുക്കുവാൻ
മകരവും മഞ്ഞും കുളിരും നിങ്ങൾക്കു
മറന്നുപോകാതെ പൊതിഞ്ഞെടുക്കുവാൻ
അലക്കിത്തേച്ച വെൺചിരിയുമായ് നാടു
മുറിച്ചു വിൽക്കുവാൻ കൊതിച്ചു നിൽപ്പവർ
വിളിച്ചു കൂവുന്നു.. നുറുക്കു കേരളം..
മുറിച്ചെടുക്കുകീ കശാപ്പുകത്തിയാൽ
ഇനി വിൽക്കാനുണ്ട്, തിരിച്ചറിയലിൻ
തുറുപ്പുചീട്ടൊന്നു കഴുത്തിലിട്ടവർ
ഇറച്ചിക്കും വേണ്ടാത്തവർ.. ശതകോടി
അവരെ താങ്ങുവാൻ വരുവതാരിനി?

*വിജയലക്ഷ്മി*

SET- II

# മാതൃകാചോദ്യപേപ്പർ 2016 -17
# മലയാളം
## കേരളപാഠാവലി

സ്റ്റാന്റേർഡ്: X

സമയം : 90 മിനിറ്റ്
സ്കോർ : 40

**പൊതു നിർദേശങ്ങൾ**

- *ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.*
- *ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.*
- *ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*

1. താഴെ നൽകിയിരിക്കുന്നവയിൽ തെറ്റായി പിരിച്ചെഴുതിയ പദം കണ്ടെത്തുക. (1)

   എ) മന്ത്ര, ഉച്ചാരണം - മന്ത്രോച്ചാരണം
   ബി ചവർ, ക്കൂമ്പാരം - ചവർക്കൂമ്പാരം
   സി) വൈകി, ആണ് - വൈകിയാണ്
   ഡി) പഠനം, അല്ലാതെ - പഠനമല്ലാതെ

2. "ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പെട്ടെന്നു കനിവുറ്റതായി." (1)
   പാറാവുകാരന്റെ ഭാവം മാറാൻ കാരണമെന്ത്?

   എ) വൃദ്ധന്റെ പെരുമാറ്റം കണ്ടിട്ട്. ബി) ഗ്രാമീണനായതുകൊണ്ട്.

   സി) വൃദ്ധൻ ക്ഷീണിതനാണെന്നറിഞ്ഞ്. ഡി) കണ്ടുണ്ണിയുടെപിതാവാണെന്നറിഞ്ഞ്.

3. പകൽ മുഴുവനും എവിടെ കറങ്ങി നടക്കുകയാണെന്നാർക്കറിയാം? താഴെ തന്നിരിക്കുന്നവയിൽനിന്ന് ഈ വാക്യത്തിന് ഏറ്റവും യോജിച്ചത് എടുത്തെഴുതുക. (1)

   എ) പകൽ മുഴുവനും എവിടെയൊക്കെയോ കറങ്ങിനടക്കുകയാണെന്നാർക്കോ അറിയാം.

   ബി) പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്നാർക്കും അറിയില്ല.

   സി) പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്ന് ഒരാൾക്കേ അറിയൂ.

   ഡി) പകൽ മുഴുവനും ആർക്കെല്ലാമോ വേണ്ടി കറങ്ങിനടക്കുകയായിരുന്നു.

4. <u>യുദ്ധധർമ്മം</u> അറിയുന്ന അവരോടു ഞാൻ പറഞ്ഞതായി പറയണം. അടിവരയിട്ട പദത്തിന് യോജിച്ച അർഥം കണ്ടെത്തുക. (1)

   എ) യുദ്ധത്തിനോടുള്ള ധർമ്മം ബി) യുദ്ധത്തിലെ ധർമ്മം
   സി) യുദ്ധമാകുന്ന ധർമ്മം ഡി) യുദ്ധം മൂലമുള്ള ധർമ്മം

5. "ഏവമോതിയിടരാർന്നു കണ്ണുനീർ
   തൂവിനാൾ <u>മൊഴി കുഴങ്ങി നിന്നവൾ</u>"

   അടിവരയിട്ട പദങ്ങളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തി ലഘുകുറിപ്പ് തയാറാക്കുക. (മൂന്നോ നാലോ വാക്യങ്ങൾ) (2)

6 ''അദ്വിതീയമായ രൂപഭംഗിയിലും അന്യാദൃശമായ ആശയസൗഷ്ഠവത്തിലും കാളിദാസകൃതികളെ മുട്ടിനിൽക്കുവാൻ വിശ്വസാഹിത്യത്തിൽ ദുർലഭം രചനകളേ ഉള്ളൂ."

   ആശയച്ചോർച്ച വരാതെ 'വിശ്വസാഹിത്യത്തിൽ' എന്ന പദംകൊണ്ടു തുടങ്ങുന്ന വിധത്തിൽ വാക്യം മാറ്റിയെഴുതുക. (2)

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം)**

7. " മാഡം തലത്ത് മരിച്ചു പോയി മോനേ; ഡോക്ടർ തലത്തിനൊപ്പം അവരും പോയി."

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടു കൂടിയുണ്ടാകുമല്ലോ. ഓർമ്മകൾ...അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ."

വാർധക്യത്തിന്റെ എന്തെല്ലാം പ്രശ്നങ്ങളാണ് കഥാകാരി മിസ്സിസ്സ് തലത്തിലൂടെ അവതരിപ്പിക്കുന്നത്? വിശകലനക്കുറിപ്പ് തയാറാക്കുക.

8. "ഗാന്ധിജി എന്തു സാധനമാണെന്നറിയാത്ത എന്റെ മാതാവു പേടിച്ചമ്പരന്നുപോയി.
'ഹോ... എന്റെ മകനേ!...'
"ഓ... ചോറും കറിയും വെച്ച് എല്ലാ രാത്രിയിലും ഞാൻ കാത്തിരിക്കും."

ഈ സംഭാഷണങ്ങളിൽനിന്നു വ്യക്തമാകുന്ന ഉമ്മയുടെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക.

9. "ആകയാൽ മോക്ഷാർഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്കവേണ്ടുന്നതും
തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ"

മനസ്സിന്റെ ഏകാഗ്രത നഷ്ടപ്പെടുത്തുന്ന ശത്രുക്കളെക്കുറിച്ചുള്ള എഴുത്തച്ഛന്റെ ഉപദേശം ഇന്നും പ്രസക്തമാണോ? വിശകലനം ചെയ്ത് പ്രതികരണക്കുറിപ്പ് തയാറാക്കുക.

10. "ദൂരത്തുന്നാരും വരികയില്ല നമ്മെക്കാൺമാൻ"
"നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും"

ചുരുങ്ങിയ വാക്കുകൾകൊണ്ട് പുഷ്കരൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം മുഴുവൻ വ്യക്തമാക്കാൻ ഉണ്ണായിവാര്യർക്കു കഴിഞ്ഞിരിക്കുന്നു.-

വരികളിലെ സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്താവനയോടു പ്രതികരിക്കുക.

11. "തന്നിൽനിന്നടർന്നൊരു
മുത്തിനെ, യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേൽക്കും
പാഴ്ച്ചിപ്പിയുടെ മൂക-
സങ്കടം പോലേയമ്മ-
യിരിപ്പൂ; കരയുവാൻ
കണ്ണുനീരില്ലാ, തുരി-
യാടുവാൻ വാക്കില്ലാതെ
കത്താതെ,യുരുകാതെ,
വിങ്ങുമുൾത്താപം പോലെ!"

*- മൈക്കലാഞ്ജലോ മാപ്പ്*

കവിതാഭാഗം വിശകലനം ചെയ്ത് അതിലെ കാവ്യപരമായ സവിശേഷതകൾ എഴുതുക

12 "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?"
"എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചുകഴിഞ്ഞു."

ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതകാഴ്ചപ്പാടുകൾ നിങ്ങൾക്കു നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? കുറിപ്പ് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക. (ഓരോന്നിനും 6 സ്കോർ വീതം)**

13. "ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി."
*- അക്കർമാശി*

"അവൻ എന്നെ കുഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു."

*- ഞാൻ കഥാകാരനായ കഥ*

തീവ്രമായ അനുഭവങ്ങളും പച്ചയായ ജീവിതയാഥാർഥ്യങ്ങളുമാണ് സാഹിത്യകൃതികളെ ജീവനുള്ളതാക്കിത്തീർക്കുന്നത്. ഈ പ്രസ്താവനയുടെയും സൂചനകളുടെയും അടിസ്ഥാനത്തിൽ അക്കർമാശി, ഞാൻ കഥാകാരനായ കഥ എന്നീ പാഠഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന വിഖ്യാതചിത്രത്തെ അടിസ്ഥാനമാക്കിയാണ് അതേ പേരിൽ കഥയെഴുതിയിരിക്കുന്നത്. പിയത്ത എന്ന ശില്പത്തെ അടിസ്ഥാനമാക്കിയാണ് 'മൈക്കലാഞ്ജലോ, മാപ്പ്' എന്ന കവിത. ഇവ വിലയിരുത്തി 'കലകളും സാഹിത്യവും തമ്മിലുള്ള പരസ്പരബന്ധം' എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക

15. **ആസ്വാദനക്കുറിപ്പ് തയാറാക്കുക**

**വേര്**

ഇതു കലാമണ്ഡലം, ഇതു കേരളീയം-തിര
ത്തളിരിലകൾ കോട്ടിയതിലൊരു പിടിക്കുളിരുമായ്
നിളയൊഴുകിയെത്തുന്നിവിടെയിടവേളയിൽ
ചെറുതുരുത്തിക്കടവിലോർക്ക മലയാളമേ!
ഇതുവഴി നടന്നിരിക്കാം പഴയ പാണനാർ
തിരുവരങ്കത്തെ തുയിലുണർത്തും പാണനാർ
നെയ്തലും മരുതവും കുറിഞ്ഞിയും പാടും പാണനാർ
ഇതുവഴി കടന്നിരിക്കാം തെരുവുഗായകർ
ഇതുവഴി കടന്നിരിക്കാം കിളിപ്പൊൻമകൾ
ഇതുവഴി പറയാനും ശീതങ്കനോട്ടനും
പലകഥകൾ തുള്ളിപ്പറഞ്ഞുനടക്കെയി-
പ്പടികളിലിരുന്നു കാൽ നീരിലിട്ടാട്ടിടാം.

*രാവേ, നീ പോകരുതേ! (അല്ല, പോയിവരൂ!)* *അയ്യപ്പപ്പണിക്കർ*

**A**

# മലയാളം - I

## (കേരളപാഠാവലി)

**സ്റ്റാൻേറർഡ് : X** **സമയം : 1½ മണിക്കൂർ**
**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. അടിവരയിട്ട പദങ്ങൾ വാക്യത്തിന് നൽകുന്ന അർഥവ്യത്യാസം കുറിക്കുക.
   എങ്ങനെയെങ്കിലും നാളെ യാത്രതിരിക്കണം.
   വേഗത്തിൽ ചക്രം തിരിക്കണം. 1
2. മാതൃകപോലെ മാറ്റിയെഴുതുക.
   ആരെന്നതിനെപ്പറ്റിയും - ആര്, എന്നതിനെ, പറ്റിയും
   അതങ്ങനെത്തന്നെ - 1
3. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമായി എഴുതുക.
   കാളിദാസകൃതികളിൽ വച്ച് ഏറ്റവും അഴകുള്ളത് 'കുമാരസംഭവ'മാണ്. പാർവതീപരമേശ്വരന്മാരുടെ പ്രണയമാണ് 'കുമാരസംഭവ'ത്തിലെ കഥാവസ്തു. 2
4. "അമ്മ പറഞ്ഞു: ഓ.... ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും"- ഈ വരികളിൽ തെളിയുന്ന അമ്മയുടെ രണ്ടു സവിശേഷതകൾ എഴുതുക. 2
5. "ഏവമോതിയിടരാർന്നു കണ്ണുനീർ
   തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"
   - അടിവരയിട്ട പ്രയോഗത്തിന്റെ ഭാവഭംഗി കണ്ടെത്തി എഴുതുക. 2

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(5 x 4 = 20)**

6. - "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു." (വിശ്വരൂപം)
   - "പുത്രമിത്രാർഥകളത്രാദിസംഗമ-
     മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ"
   - എഴുത്തച്ഛന്റെ ഈ വരികളുടെ അടിസ്ഥാനത്തിൽ മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥ വിശകലനം ചെയ്യുക.
7. "ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി."
   - ഈ വരികളിലെ സാദൃശ്യകൽപ്പന കഥാസന്ദർഭത്തിന് നൽകുന്ന അർഥവ്യാപ്തി വിശദീകരിച്ച് കുറിപ്പ് തയാറാക്കുക.
8. "അന്യജീവനുതകി സ്വജീവിതം
   ധന്യമാക്കുമമലേ! വിവേകികൾ' - *(കുമാരനാശാൻ)*
   - ഈ കാഴ്ചപ്പാടിന്റെ സമകാലികപ്രസക്തി വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക

9. “വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ”
– ക്രോധാവിഷ്ടനായ ലക്ഷ്മണനെ ശാന്തചിത്തനാക്കാൻ ശ്രീരാമന്റെ വാക്കുകൾ എത്ര മാത്രം പര്യാപ്തമാണ്? പാഠസന്ദർഭം മുൻനിർത്തി വിശകലനം ചെയ്യുക.

10. “ഇന്ത്യ എന്റെ അമ്മയല്ലേ? എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതു പോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?”
– ഇന്ത്യയെ അമ്മയായി കാണുന്ന എഴുത്തുകാരനെയാണ് ഈ രചനയിൽ കാണാൻ കഴിയുന്നത്. ഈയൊരു നിലപാട്, ‘അമ്മ’ എന്ന കഥയ്ക്കു നൽകുന്ന സവിശേഷതകൾ എന്തെല്ലാമാണ്? ലഘുകുറിപ്പ് തയാറാക്കുക.

11. • “ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന പരിവർത്തനങ്ങളെയും മനുഷ്യമനസ്സിൽ ഈ പരിവർത്തനങ്ങളുടെ ഫലമായി ഉദയംകൊള്ളുന്ന സുഖതൃഷ്ണകളെയും ലളിതഭാഷയിൽ ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു.”
• “മൂന്നോ നാലോ ചതുരയടി കാൻവാസ് മതിയല്ലോ മഹാനായ ഒരു ചിത്രകാരന്നു വിശ്വോത്തരമായ ഒരു ചിത്രം നിർമ്മിക്കുവാൻ.” – *എൻ.വി. കൃഷ്ണവാരിയർ*

– കാളിദാസകാവ്യങ്ങളുടെ സവിശേഷതകളെക്കുറിച്ചുള്ള ലേഖകന്റെ ഈ നിരീക്ഷണങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

**12 മുതൽ 14 വരെ ചോദ്യങ്ങളിൽ രണ്ടെണ്ണത്തിനു മാത്രം ഉത്തരം എഴുതുക (2 x 6 = 12)**

12. • “അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി.”
• “സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.”
• “മണ്ണു മൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.” – (കടൽത്തീരത്ത്)
– തന്നിരിക്കുന്ന കഥാഭാഗങ്ങളും കഥയിൽ നിന്നുള്ള ഉചിതമായ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

13. • “എന്റെ രണ്ടു കരണത്തും ‘പടപടേ’ന്നു രണ്ടെണ്ണം! എന്നിട്ടു പിടലിക്കു പിടിച്ച് കുനിച്ചു നിർത്തി ഇടി തുടങ്ങി.”
• “ബ്രിട്ടീഷ് ഗവൺമെന്റും ഇന്ത്യക്കാരായ നാട്ടുരാജാക്കന്മാരും അവരുടെ സർവശക്തികളുമുപയോഗിച്ച് നിരായുധരായ ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യാനി, പാർസി, സിഖ് സത്യഗ്രഹികളോടെതിർത്തു. പട്ടാളം, പോലീസ്, ജയിൽ, തൂക്കുമരം – ഇതായി ഭരണം.”
– നാമിന്നനുഭവിക്കുന്ന സ്വാതന്ത്ര്യം ധീരരായ സ്വാതന്ത്ര്യസമരസേനാനികളുടെ ത്യാഗനിർഭരമായ പോരാട്ടങ്ങളുടെ ഫലമാണ്. ഈ തിരിച്ചറിവ് വർത്തമാനകാലസമൂഹത്തിനുണ്ടോ? മുകളിൽ കൊടുത്ത പാഠഭാഗങ്ങളും സമകാലികസാഹചര്യങ്ങളും വിലയിരുത്തി ലഘുപ്രഭാഷണം തയാറാക്കുക.

14. ആശയം, സമകാലികപ്രസക്തി, മറ്റ് ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**ആശംസ**

മകനേ, നിൻ കൈയെന്നും നീളുക
കരയും കണ്ണു തുടയ്ക്കാൻ മാത്രം
ഇരുളിൽ വിളക്കു കൊളുത്താൻ മാത്രം
കനിവിന്നമൃതു പുരട്ടാൻ മാത്രം
അരുതേ - പകയുടെ കത്തി നിവർത്താൻ
അരുതേ നിൻ കൈയരുതെൻ മകനേ!
കളിയായ് തുമ്പിച്ചിറകുകൾ നുള്ളാൻ
എളിയ തലയ്ക്കു കിഴുക്കിയമർത്താൻ
ചതിയുടെ ചരടു കുരുക്കിമുറുക്കാൻ
പെരുവഴി നടുവേ മുള്ളുവിതയ്ക്കാൻ
തെളിനീരുറവയിൽ നഞ്ചു കലർത്താൻ
അരുതേ നിൻ കൈയരുതെൻ മകനേ!
മകനേ, നിൻ കൈയെന്നും നീളുക
നെറിയുടെ നേർവഴി ചൂണ്ടാൻ മാത്രം
അയലിനു താങ്ങു കൊടുക്കാൻ മാത്രം
ദയയുടെ ചാലുതെളിക്കാൻ മാത്രം. — *ജി. കുമാരപിള്ള* 6

(*അയൽ - അയൽപക്കം*)

**A**

# കേരളപാഠാവലി
## മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട് (പുറപ്പെടണം, കറക്കണം സമാനാർഥമുള്ളവയ്ക്ക്). | 1 | 1 |
| 2 | അത്, അങ്ങനെ, തന്നെ | 1 | 1 |
| 3 | അർഥവ്യത്യാസം വരാതെ ഒറ്റവാക്യമായി എഴുതിയിട്ടുണ്ട്. | 2 | 2 |
| 4 | ഉചിതമായ ഓരോ സവിശേഷതയ്ക്കും ഓരോ സ്കോർ വീതം. | 1 + 1 | 2 |
| 5 | നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട്.<br>ഭാവഭംഗി വ്യക്തമാക്കിയിട്ടുണ്ട് | 1<br>1 | 2 |
| 6 | – വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>– മിസ്സിസ് തലത്തിന്റെ രണ്ട് ജീവിതാവസ്ഥകളും തിരിച്ചറിഞ്ഞിട്ടുണ്ട്. | 1<br>2 | |
| | – ബന്ധിപ്പിച്ച് വ്യക്തമാക്കിയിട്ടുണ്ട്. | 1 | |
| 7 | – സാദൃശ്യകല്പന കണ്ടെത്തിയിട്ടുണ്ട്.<br>– സാദൃശ്യകല്പനയുടെ അർഥവ്യാപ്തി വിശദീകരിച്ചിട്ടുണ്ട്. | 2<br>2 | |
| 8 | വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട് | 1 | |
| 9 | കവിയുടെ കാഴ്ചപ്പാട് തിരിച്ചറിഞ്ഞിട്ടുണ്ട്<br>സമകാലിക പ്രസക്തി അവതരിപ്പിച്ചിട്ടുണ്ട്.<br>പാഠസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ഓരോ സംബോധനയുടെയും പ്രത്യേകതകൾ വിശകലനം | 1<br>2<br>1<br>2 | 20 |
| 10 | ചെയ്തിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്<br>– മാതൃഭൂമിയെ മാതാവായി സങ്കല്പിച്ചതിന്റെ ഔചിത്യം തിരിച്ചറിഞ്ഞിട്ടുണ്ട്. | <br>1<br>2 | |
| 11 | – എഴുത്തുകാരന്റെ ദേശീയബോധം, സമർപ്പണസന്നദ്ധത എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.<br>– നൽകിയിരിക്കുന്ന പ്രസ്താവനകളിലെ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>– നിരീക്ഷണങ്ങൾ യുക്തിപൂർവം വിലയിരുത്തിയിട്ടുണ്ട്. | 2<br>2<br>2 | |
| 12 | നൽകിയിരിക്കുന്ന കഥാഭാഗങ്ങൾ വിശകലനം ചെയ്തു കഥാപാത്രത്തിന്റെ പ്രത്യേകതകൾ കണ്ടെത്തിയിട്ടുണ്ട്.<br>കൂടുതൽ ഉചിതസന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട് | 2<br>2 | |
| 13 | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.<br>നൽകിയിരിക്കുന്ന സൂചനകളിലെ ആശയം ഉൾക്കൊണ്ടിട്ടുണ്ട്.<br>വർത്തമാനകാല യാഥാർഥ്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1<br>1<br>2<br>2 | 12 |
| 14 | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.<br>കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (പ്രയോഗഭംഗി, ചമത്കാരഭംഗി, ശബ്ദഭംഗി തുടങ്ങിയവ).<br>കാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ഉചിത ഭാഷയിൽ ആവിഷ്കരിച്ചിട്ടുണ്ട്. | 1<br>1<br>2<br>2<br>1<br>1 | |

**B**

# മലയാളം - I

## (കേരളപാഠാവലി)

സ്റ്റാന്റേർഡ് : X

സമയം : 1½ മണിക്കൂർ
സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. **പട്ടിക ക്രമപ്പെടുത്തുക** 4

| വരികൾ/സന്ദർഭം | കഥാപാത്രം | കൃതി |
|---|---|---|
| "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം വേഗേന നഷ്ടമാമായുസ്സുമോർക്ക നീ." | കണ്ടുണ്ണി | .............................. |
| "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?" | സുധീർ | അമ്മ |
| "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു." | ശ്രീരാമൻ | കടൽത്തീരത്ത് |
| "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ....." | .......................... | അധ്യാത്മരാമായണം കിളിപ്പാട്ട് |

2. അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം കുറിക്കുക.
   മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u>
   അയാൾ പുഴയിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u> 1

3. രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്ന <u>ഉജ്ജ്വലാദർശങ്ങൾ</u> ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചു നിൽക്കുന്നു.

   അടിവരയിട്ടിരിക്കുന്ന പദം വിഗ്രഹിച്ചെഴുതുക. 1

4. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."
   ഈ പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക. 2

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(5 x 4 = 20)**

5. "വാളും ബയണറ്റും കൈവിലങ്ങുകളും ഭിത്തിയിൽ കിടന്ന് ഭീകരതയോടെ മിന്നുന്നുണ്ടായിരുന്നു. അതിന്റെ കഠിനമായ തിളക്കവും സ്റ്റേഷനിൽ നിന്നിരുന്ന പോലീസുകാരുടെ ക്രൂരമുഖഭാവവും എന്നെ വല്ലാതെ പേടിപ്പെടുത്തി. നരകത്തിന്റെ ഒരു ഓർമ്മയാണ് എനിക്ക് വന്നത്."
   'നരകത്തിന്റെ ഒരു ഓർമ്മ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വിലയിരുത്തുക.
   (അരപ്പുറം)

6. "കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല................."
   സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും ഉന്മേഷഭരിതയായി പറന്നുനടന്ന മിസ്സിസ് തലത്തിന് വന്നുചേർന്ന എന്തെല്ലാം മാറ്റങ്ങളാണ് മുകളിൽ കൊടുത്ത അവരുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നത്? കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

7. ചുവടെ കൊടുത്ത വരികൾ വിശകലനം ചെയ്തു ജീവിതദർശനങ്ങൾ അവതരിപ്പിക്കുന്നതിന് കവി സ്വീകരിച്ച സാദൃശ്യകല്പനകൾ എത്രമാത്രം സമർഥമാണ് എന്നു വിലയിരുത്തുക.
   - വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
     സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
   - നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
     മെത്രയും ചഞ്ചലമാലയസംഗമം

8. "പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ; യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."
- നളിനിക്ക് ദിവാകരനോടുള്ള സ്നേഹത്തിന്റെ സ്ഥിരത വെളിവാക്കുന്ന സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക. (അരപ്പുറം)

9. 
   - "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം."
   - "എങ്ങട്ടാ ഈ രാവിലെ?"
     വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.
   - വെള്ളായിയപ്പനോടുള്ള നാഗരികസമൂഹത്തിന്റെ ഈ മനോഭാവത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? കുറിപ്പ് തയാറാക്കുക. (അരപ്പുറം)

10. "<u>അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ</u>, ഈ ചെറുകാവ്യത്തിന് ലഭിച്ചത്ര അഭിനന്ദനം കാളിദാസന്റെയെന്നല്ല, മറ്റൊരു കവിയുടെയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടുണ്ടാവില്ല." (മേഘസന്ദേശത്തെക്കുറിച്ച് എൻ.വി. കൃഷ്ണവാരിയർ)
    - ഈ വാക്യത്തിലെ അടിവരയിട്ട പ്രയോഗം നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി കുറിപ്പു തയാറാക്കുക. (അരപ്പുറം)

11. 
   - പക്ഷേ, സ്നേഹം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും ഭോഗത്തിലല്ല, ത്യാഗത്തി ലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും അദ്ദേഹം വിശ്വസിച്ചു."
     (കാളിദാസൻ - ഡോ.എൻ.വി. കൃഷ്ണവാരിയർ)
   - "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
     മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ." - (ലക്ഷ്മണസാന്ത്വനം)
   - "ഞാൻ ചെല്ലാതിരുന്ന ഓരോ രാത്രിയും അമ്മ ഉറക്കമിളച്ച് എന്റെ വരവും കാത്തിരുന്നു!"
     - (അമ്മ)

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളും പാഠഭാഗത്തിൽ നിന്നുള്ള പ്രസക്തമായ ആശയങ്ങളും ഉൾപ്പെടുത്തി 'ത്യാഗവും സ്നേഹവും - മലയാള സാഹിത്യകൃതികളിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. (ഒരുപുറം)

**അല്ലെങ്കിൽ**

- നീയോ സുധീർ ! നീ.......... നീ......... ഇവിടെ....... ഇപ്പോൾ.
- മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.
- രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ അച്ഛനും മകനും അറിവുകൾ കൈമാറി.
- അൻപുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ
  നൺപെന്ന മഹിതസൗഭാഗ്യം

ഈ സൂചനകളുടെ കൂടി അടിസ്ഥാനത്തിൽ 'കുടുംബബന്ധങ്ങളിലെ ഊഷ്മളത' എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക. (ഒരുപുറം)

6

12. കവിതയുടെ ആശയം, സമകാലികപ്രസക്തി, മറ്റ് ആസ്വാദനാംശങ്ങൾ മുതലായവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക. (ഒരുപുറം)

**പാഠം ഒന്ന് - സ്വാതന്ത്ര്യം**

തെളിച്ചമുള്ള ഒരു മുഖമെങ്കിലും കാണണേ
ഉശിരുള്ള ഒരു ചലനമെങ്കിലും ഉണ്ടാവണേ
എന്നു കരുതിയാണ്
ഓരോ വട്ടവും മൃഗശാല കാണാൻ പോവുക
എങ്കിലും,
അതേ മന്ദിച്ച കിടപ്പുകൾ
എവിടേക്കുമല്ലാത്ത ചില കുറുകിയ നടത്തകൾ,
മിക്കവാറും നിലച്ച ചില ഇഴച്ചിലുകൾ
ഉയരം കുറഞ്ഞ പറക്കങ്ങൾ
പഴക്കം വന്ന വീർപ്പുകൾ
ചത്ത നോട്ടങ്ങൾ
കണ്ട് തിരിച്ചു പോരും.

ഇത്തവണയാണ് ശ്രദ്ധിച്ചത്
മൃഗശാലയിൽ
മറ്റു ചിലർകൂടിയുണ്ട്,
അവിടത്തെ രജിസ്റ്ററിൽ
ഇല്ലാത്തവ:
കൊമ്പിൽനിന്നു
കൊമ്പിലേക്കു കുതിക്കുന്ന
അണ്ണാൻ
ആകാശത്തോളം ചെല്ലുന്ന
കാക്ക
പാട്ടെറിഞ്ഞ് പോകും
കുയിൽ
ഊയലാടുന്ന
പച്ചിലപ്പാമ്പുകൾ.........
അവർ
കൂട്ടിലെ സിംഹത്തിനും
കമ്പിവേലിക്കകത്തെ കിളികൾക്കും
പാഠം ഒന്ന് - സ്വാതന്ത്ര്യം എന്നു
സോദാഹരണം
ക്ലാസെടുക്കുന്നത്
കണ്ടുനിന്നു.

- വീരാൻകുട്ടി (6)

# മൂല്യനിർണയ സൂചിക

**B**

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | ഭോഗങ്ങളെല്ലാം.... ശ്രീരാമൻ. അധ്യാത്മരാമായണം<br>ഞാൻ ഇന്ന് ........ ബഷീർ അമ്മ<br>ഞാൻ മുൻകൂട്ടി.... സുധീർ വിശ്വരൂപം<br>അപ്പാ, എന്നെ ...... കണ്ടുണ്ണി കടൽത്തീരത്ത് | 1<br>1<br>1<br>1 | 4 |
| 2 | അർഥവ്യത്യാസം കണ്ടെത്തി എഴുതിയിട്ടുണ്ട്.<br>കഴിഞ്ഞ കാലത്തെക്കുറിച്ച് ഓർത്തു. (മാനസികവ്യാപാരം)<br>യഥാർഥത്തിലുള്ള വീഴ്ച (ഭൗതികവ്യാപാരം)<br>(സമാനാർഥമുള്ള ഉത്തരങ്ങൾക്ക് സ്കോർ നൽകണം). | 1 | 1 |
| 3 | ഉജ്ജ്വലമായ ആദർശങ്ങൾ | 1 | 1 |
| 4 | വെള്ളായിയപ്പന്റെ മാനസികസംഘർഷം തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | 2 |
| 5 | സന്ദർഭത്തിന്റെ വൈകാരികതീവ്രത തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പ്രയോഗത്തിന്റെ അർഥം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ഔചിത്യം വിലയിരുത്തിയിട്ടുണ്ട്. | 1<br>1<br>2 | |
| 6 | കഥാസന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>കഥാപാത്രത്തിന്റെ രണ്ടു ജീവിതാവസ്ഥകൾ വ്യക്തമാക്കിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1<br>2<br>1 | |
| 7 | കവിതാഭാഗങ്ങളിലെ ജീവിതദർശനം കണ്ടെത്തിയിട്ടുണ്ട്.<br>സാദൃശ്യകല്പനകൾ കണ്ടെത്തിയിട്ടുണ്ട്.<br>ഔചിത്യം വിലയിരുത്തിയിട്ടുണ്ട്. | 1<br>2<br>1 | 20 |
| 8 | കവിതാഭാഗത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സവിശേഷപ്രയോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>കണ്ടെത്തിയ പ്രയോഗങ്ങൾ വിശദമാക്കിയിട്ടുണ്ട്. | 1<br>2<br>1 | |
| 9 | സന്ദർഭങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>നാഗരികസമൂഹത്തിന്റെ മനോഭാവം കണ്ടെത്തിയിട്ടുണ്ട്. | 1<br>1 | |
| 10 | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>സന്ദർഭത്തിന്റെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പ്രയോഗത്തിന്റെ അർഥസാധ്യതകൾ വ്യക്തമാക്കിയിട്ടുണ്ട്.<br>യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | |
| 11 | നൽകിയിരിക്കുന്ന സന്ദർഭങ്ങളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പാഠഭാഗങ്ങളിൽ നിന്നു കൂടുതൽ ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.<br>*അല്ലെങ്കിൽ*<br>നൽകിയ വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>വിഷയവുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>2<br>1<br>1<br><br>2<br>2<br>1<br>1 | 6 |
| 12 | കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>(കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്. പ്രയോഗഭംഗി, വാങ്മയചിത്രം)<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>2<br>2<br>1 | 6 |

# മലയാളം - I

## (കേരളപാഠാവലി)

C

**സ്റ്റാന്റേർഡ് : X**

**സമയം : 1½ മണിക്കൂർ**

**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. പ്രകൃതിസ്നേഹം ഇല്ലാത്ത മനുഷ്യർ, പ്രകൃതിസ്നേഹ കാരുണ്യങ്ങൾക്ക് അനർഹരാകുന്നു. അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം?
   - പ്രകൃതിയുടെ സ്നേഹം
   - പ്രകൃതിയും സ്നേഹവും
   - പ്രകൃതിയാകുന്ന സ്നേഹം
   - പ്രകൃതിയോടുള്ള സ്നേഹം

   1

2. മാഡം തലത്ത് മരിച്ചുപോയി മോനേ.
   ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി.
   അടിവരയിട്ടിരിക്കുന്ന പദങ്ങൾ ധ്വനിപ്പിക്കുന്നതെന്ത്?
   - മരണപ്പെട്ടു
   - വിട്ടുപോയി
   - മറ്റൊരാളായി
   - അകലേക്കു പോയി 1

3. "രാഗാദിസങ്കുലമായുള്ള സംസാര-
   മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ"
   ഈ വരികളുടെ താളത്തിലുള്ള വരികൾ കണ്ടെത്തി എഴുതുക.
   - അദ്ദേവനെസ്സപദി പാർത്തു വിയർത്തുകൊണ്ടു-
     നീങ്ങാനെടുത്തൊരടിയൂഴിയിലൂന്നിടാതെ
   - ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
     ലക്ഷണാ നീയും ചതിച്ചിതോ ഞങ്ങളെ
   - ആരതെന്നുടനറിഞ്ഞു കൗതുകം
     പാരമാർന്നു കരുതിപ്പുരാഗതം 1

4. 'സംസാരകാരിണിയായതവിദ്യയും' - ആശയത്തോട് യോജിക്കുന്ന വാക്യമേത്?
   - ആളുകളുടെ സംസാരം നിയന്ത്രിക്കുന്നത് അവിദ്യയാണ്.
   - ആളുകൾ സംസാരിക്കുന്നതിനു കാരണം അവിദ്യയാണ്.
   - ലൗകികസുഖങ്ങൾ ഇല്ലാതാക്കുന്നത് അവിദ്യയാണ്.
   - ലൗകികജീവിതദുഃഖങ്ങൾക്കു കാരണം അവിദ്യയാണ്. 1

5. "രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു" - കഥയിലെ ഈ വാക്യം നൽകുന്ന രണ്ടു സൂചനകൾ എഴുതുക.

   2

6. "കാളിദാസൻ തികച്ചും മനുഷ്യകഥാനുഗായിയാകുന്നത് തന്റെ നാടകങ്ങളിലാണ്."
   - അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കി എഴുതുക. 2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക.** **(5 x 4 = 20)**

7. "മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ് വരും........"

ക്രോധാവിഷ്ടനായ ലക്ഷ്മണനെ സമചിത്തനാക്കാൻ ശ്രീരാമൻ നടത്തുന്ന ഉപദേശങ്ങൾ ശ്രദ്ധിച്ചല്ലോ. അവയ്ക്ക് ഇന്നും പ്രസക്തിയുണ്ടോ? വർത്തമാനകാല സംഭവങ്ങൾകൂടി വിശകലനം ചെയ്ത് നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

8. "അതേ, അമ്മ. അവിടുത്തെ കണ്ടില്ലെങ്കിൽ ജീവിതത്തിൽ വലിയൊരു ഭാഗ്യം നഷ്ടപ്പെടുമായിരുന്നു!"

മിസ്സിസ് തലത്തിൽനിന്നു ലഭിച്ച എന്തെല്ലാം പാഠങ്ങളാണ് ഇങ്ങനെ പറയാൻ സുധീറിനെ പ്രേരിപ്പിച്ചത്? വിശദമാക്കുക.

9. "ഒരു കണ്ണീർക്കണം ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം
ഒരു പുഞ്ചിരി ഞാൻ മറ്റുള്ളവർക്കായ് ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു നിത്യനിർമ്മല പൗർണമി." - അക്കിത്തം

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ" - കുമാരനാശാൻ

തന്നിരിക്കുന്ന വരികളിലെ ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

10. "എന്റെ രണ്ടു കരണത്തും പടപടേന്നു രണ്ടെണ്ണം. എന്റെ പിടലിക്കു പിടിച്ചു കുനിച്ചു നിർത്തി ഇടി തുടങ്ങി. ചെമ്പുകലത്തിന്മേൽ ഇടിച്ചാലെന്ന പോലെ ശബ്ദം കേട്ടു. പതിനേഴുവരെ, അതോ ഇരുപത്തേഴു വരെയോ, ഞാൻ എണ്ണി. പിന്നെ ഞാൻ എണ്ണിയില്ല. എന്തിനെണ്ണുന്നു?"

കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് ബഷീറിന്റെ രചനാരീതിയുടെ സവിശേഷതകൾ വിശകലനം ചെയ്യുക.

11. "എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു."
"പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."
<u>കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി."</u>

അടിവരയിട്ട വാക്യം കഥയ്ക്ക് നൽകുന്ന ഭാവഭംഗി വിശദമാക്കുക.

12. "കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ." - എഴുത്തച്ഛൻ

"എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും" - പൂന്താനം

മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള രണ്ടു കവികളുടെയും വീക്ഷണങ്ങൾ ശ്രദ്ധിച്ചല്ലോ. വരികൾ വിശകലനം ചെയ്ത് നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

13. "മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതിമധുരങ്ങളായ ചിത്രങ്ങൾ 'ശാകുന്തള' ത്തിൽ ചിതറിക്കിടക്കുന്നു." - ഡോ. എൻ.വി. കൃഷ്ണവാരിയർ

"താനേ തൊണ്ട നനയ്ക്കയില്ലെവൾ
നനച്ചീടാതെയീ നിങ്ങളെ
താവും കൗതുകമെങ്കിലും
കരുണയാൽ പൊട്ടിച്ചിടാ പല്ലവം" - (അഭിജ്ഞാനശാകുന്തളം)

തന്നിരിക്കുന്ന വരികളും എൻ.വി. കൃഷ്ണവാരിയരുടെ പ്രസ്താവനയും പരിഗണിച്ച് 'കാളിദാസകൃതികളിലെ പ്രകൃതി- മനുഷ്യബന്ധം' എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസം തയാറാക്കുക (കാളിദാസൻ എന്ന ലേഖനത്തിലെ ആശയങ്ങളും പ്രയോജനപ്പെടുത്തണം).

**അല്ലെങ്കിൽ**

"കാരണവർക്കു താൽപ്പര്യമുള്ള പോലെ ശവം സംസ്കരിക്കാം."

"വേണ്ട, എനിക്കു താൽപ്പര്യമില്ല."

"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

"യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല." (കടൽത്തീരത്ത്)

കഥയിൽനിന്നു കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. 6

14. **ആസ്വാദനം തയാറാക്കുക**

- കവിത -

**അച്ഛനോട്**

മുത്തശ്ശിക്കഥ കേൾപ്പിച്ചില്ല
പൊട്ടൻതെയ്യം കാണിച്ചില്ല
മണ്ണിലിറക്കിയില്ല
മലയാളം തൊടീച്ചില്ല
വേരുകളും കന്നിക്കൊയ്ത്തും
പാവങ്ങളും അയൽക്കാരും
കൺവെട്ടത്തേ വന്നില്ല.

കുറുന്തോട്ടിയും ശതാവരിയും
തിരിച്ചറിഞ്ഞില്ല
ആഴവും ഒഴുക്കും അനുഭവിച്ചില്ല
മത്സരങ്ങളിൽ ഞാൻ ആർത്തിപുരണ്ട അമ്പ്
ഉത്സവങ്ങളിൽ
ആർക്കും കൈയെത്താത്തിടമ്പ്
ചെറുപ്പത്തിലേ തന്നത്
വാഷിങ്ടണിലേക്കുള്ള
സ്വപ്നവിമാനത്തിന്റെ ടിക്കറ്റ്
സിലിക്കൺതാഴ്‌വരയിൽ
അമ്പതുനില ഫ്ളാറ്റിന്റെ തീറാധാരം....
എന്നിട്ടിപ്പോൾ നിലവിളിക്കുന്നു.
മക്കൾ വൃദ്ധസദനത്തിലടച്ചെന്ന് ....

- ജിനേഷ്കുമാർ എരമം

(സിലിക്കൺ താഴ്‌വര - അമേരിക്കയിലെ ഐ.ടി. കേന്ദ്രം) 6

# മൂല്യനിർണയ സൂചിക

**C**

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | പ്രകൃതിയോടുള്ള സ്നേഹം | 1 | 1 |
| 2 | മറ്റൊരാളായി | 1 | 1 |
| 3 | ലക്ഷണമുള്ളൊരു പൈതലാ... | 1 | 1 |
| 4 | ലൗകികജീവിത ദുഃഖങ്ങൾക്ക് കാരണം അവിദ്യയാണ്. | 1 | 1 |
| 5 | ശരിയായ സൂചനകൾക്ക് ഓരോ സ്കോർ | 1 +1 | 2 |
| 6 | അർഥവ്യത്യാസം വരാതെ രണ്ടു ചെറുവാക്യങ്ങളായി എഴുതുന്നതിന് (ഉദാ: കാളിദാസൻ മനുഷ്യകഥാനുഗായിയാണ്. ഇത് തികച്ചും ദൃശ്യമാകുന്നത് അദ്ദേഹത്തിന്റെ നാടകങ്ങളിലാണ്.) | 2 | 2 |
| 7 | വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>അഭിപ്രായം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 1<br>2<br>1 | 20 |
| 8 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>– മിസ്സിസ് തലത്തിന്റെ ജീവിതാവസ്ഥയിലെ മാറ്റം/വാക്കുകളുടെ പൊരുൾ കണ്ടെത്തിയിട്ടുണ്ട്.<br>– സ്വന്തം നിരീക്ഷണം നടത്തിയിട്ടുണ്ട്. | 1<br>2<br>1 | |
| 9 | – നൽകിയിട്ടുള്ള വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>– രണ്ടു കവികളുടെയും ജീവിതദർശനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>– യുക്തിപൂർവം താരതമ്യം ചെയ്തിട്ടുണ്ട്. | 1<br>2<br>1 | |
| 10 | സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്.<br>കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>1 | |
| 11 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>കഥാപാത്രങ്ങളുടെ മാനസികസംഘർഷങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ഭാവഭംഗി വ്യക്തമാക്കിയിട്ടുണ്ട്. | 1<br>1<br>2 | |
| 12 | നൽകിയ വരികളിലെ ആശയങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>രണ്ടു കവികളുടെയും നിരീക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 1<br>1<br>2 | |
| 13 | പ്രസ്താവന വിശകലനം ചെയ്തിട്ടുണ്ട്.<br>വരികളിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>വിഷയവുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.<br>ഘടന, ഉചിതഭാഷ പാലിച്ചിട്ടുണ്ട്.<br>*അല്ലെങ്കിൽ* | 1<br>1<br>1<br>2<br><br>1 | 6 |
| – | സന്ദർഭം വിശകലനം ചെയ്തിട്ടുണ്ട്.<br>– കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തിയിട്ടുണ്ട്.<br>– സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.<br>– ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | |
| 14 | കവിതയുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. (പ്രയോഗഭംഗി)<br>കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | 6 |

SET- I

# മാതൃകാചോദ്യപേപ്പർ 2016 -17

# മലയാളം

## അടിസ്ഥാനപാഠാവലി

**സ്റ്റാന്റേർഡ്: X** | **സമയം : 90** മിനിറ്റ് | **സ്കോർ: 40**

**പൊതു നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. നാദമായ് വന്നന്റെ നാവിലെത്തേനായി,
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ

അടിവരയിട്ട പ്രയോഗത്തിന്റെ കാവ്യസന്ദർഭത്തിലെ ഏറ്റവും ഉചിതമായ അർഥം ചുവടെ കൊടുത്തിരിക്കുന്നവയിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക. (1)

- സ്പന്ദിച്ചത് ഈ ഉള്ള എഴുത്തുകൾ
- സ്പന്ദിച്ചത് ഈ ഉള്ളെഴുത്തുകൾ
- സ്പന്ദിച്ചതീയുള്ള എഴുത്തുകൾ
- സ്പന്ദിച്ച തീയുള്ള എഴുത്തുകൾ

2. "കെട്ടിയോൻ കള്ളപ്പുകല ചുമടിനുപോയി ഇടികൊണ്ടു ചത്തതുകൊണ്ട് അവൾക്കു വന്ന ഭാഗ്യം" (കോഴിയും കിഴവിയും) - ഈ വാക്യത്തിൽ തെളിയുന്ന ഭാവമെന്ത്?

(സന്തോഷം, അസൂയ, പരിഹാസം, ആശ്വാസം) (1)

3. നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോടു ചേർത്തുവച്ചിട്ടുണ്ട്. (അമ്മത്തൊട്ടിൽ)

അടിവരയിട്ട പ്രയോഗം അമ്മയുടെ ജീവിതാവസ്ഥ പ്രതിഫലിപ്പിക്കാൻ എത്രമാത്രം സഹായകമാണ്? നിങ്ങളുടെ നിരീക്ഷണം എഴുതുക. (2)

4. ചുവടെ നൽകിയിരിക്കുന്ന ക്ഷണക്കത്തിലെ പദ, വാക്യതലങ്ങളിലുള്ള അഭംഗി പരിഹരിച്ച് മാറ്റി എഴുതുക. (2)

സാഹിത്യസമാജയോഗങ്ങൾ ചേരുന്നു

സുഹൃത്തുക്കളേ,

നമ്മുടെ സ്കൂൾ സാഹിത്യസമാജയോഗങ്ങൾ എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരംനാലു മണിക്ക് സ്കൂൾ ഹാളിൽ യോഗം ചേരുന്നു ദയവായി ഇതുവരെ പങ്കെടുക്കാതിരുന്ന അംഗങ്ങളും കൃത്യസമയത്ത് തന്നെ എത്തിച്ചേരണമെന്ന് അപേക്ഷിക്കുന്നു.

*സെക്രട്ടറി*

5 തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിലൂടെ വിരലോടിച്ചുപോവുക മാത്രം ചെയ്തു.

*(കൊച്ചുചക്കരച്ചി)*

തന്നിരിക്കുന്ന വാക്യത്തിലെ പ്രയോഗഭംഗി വ്യക്തമാക്കുക.

**ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക**

6. "നിനക്കറിയാലോ, കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല. നമ്മടെ നല്ലകാലത്ത് അവറ്റെയൊക്കെ നല്ല പെടപെടച്ചിട്ടാ ഞാൻ വളർത്തീരിക്കണത്... എന്താ കാരണം ? തല്ലിവളർത്തണം കുട്ടികളെ." *(പണയം)*

ചെമ്പുമത്തായിയുടെ ഈ നിലപാടിനോടുള്ള പ്രതികരണം കുറിക്കുക. (4)

7. പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോഴാണെന്ന പ്രസ്താവനയെപ്പറ്റി ഇന്ന് വായനക്കാർ തെറ്റുപറയുമോ?
*(പത്രനീതി- സുകുമാർ അഴീക്കോട്)*

ഈ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സമകാലിക മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ വിലയിരുത്തി കുറിപ്പു തയാറാക്കുക. (4)

8. “ആരുവായിക്കുമീ,മായുമെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമിച്ചൊല്ലുകൾ
നാളെയീക്കുട്ടികൾ ചോദിക്കുമോ, നമ്മ-
ളാരുടെ കുട്ടികൾ ? ആരുടെ നോവുകൾ? ’ (അമ്മയുടെ എഴുത്തുകൾ)

കുട്ടികൾ ഉയർത്താനിടയുള്ള ഈ ചോദ്യങ്ങൾ ആരുടെ നേർക്കായിരിക്കാം നീളുന്നത്? നിങ്ങളുടെ നിഗമനം സമർഥിക്കുക. (4)

9. ‘നെല്ലില്ല. പിശാശുക്കള് ! നെല്ലു കൊണ്ടു ചെന്നു വല്ല പീടികയിലും പെട്ടവിലയ്ക്കു വിൽക്കാനാണ്’ (പ്ലാവിലക്കഞ്ഞി). തന്നിരിക്കുന്ന സംഭാഷണം വിശകലനം ചെയ്ത് ആ കാലഘട്ടത്തിലെ സാമൂഹിക ജീവിതാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുക. (4)

10. ‘തിരികൾ തെറുത്തു കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ’

വരികളിലെ വാങ്മയചിത്രത്തിന്റെ ഭംഗി വിശദമാക്കുക. (4)

11. “അതേ നിമിഷത്തിൽ അമ്മയുടെ മറുപടിയുണ്ടായില്ലെങ്കിൽ അച്ഛൻ കോപം കൊണ്ടു തുടുക്കും.”

കഥയിൽനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി ‘ഓരോ വിളിയും കാത്ത്’ എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക. (4)

**ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക**

12.
- രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ലു കൂലികിട്ടിയില്ലെങ്കിൽ ജോലിക്കു പോകാതിരുന്നാലെന്ത് ?
- പിതാവിനെ നോക്കിക്കൊണ്ടിരിക്കവേ കോരന്റെ കണ്ണുകൾ നിറഞ്ഞു.
- അവളു മറ്റുള്ളോരെ തീറ്റുകാ.. എന്നിട്ട് അവള് ഒണങ്ങുകേം. ഏനു ചീത്തപ്പേരുണ്ടാക്കരുതെന്ന് ഏനും പറയും. (പ്ലാവിലക്കഞ്ഞി)

നൽകിയിരിക്കുന്ന സന്ദർഭങ്ങൾ വിശകലനം ചെയ്തു കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക. (6)

13
- അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം
- ഒരുജാതി ഒരുമതം ഒരു ദൈവം മനുഷ്യന്

മുകളിൽ കൊടുത്തിരിക്കുന്ന ഗുരുവചനങ്ങളിലെയും ‘ശ്രീനാരായണഗുരു’ എന്ന പാഠഭാഗത്തെയും ആശയങ്ങൾ പ്രയോജനപ്പെടുത്തി ‘ശ്രീനാരായണദർശനവും ഇന്നത്തെ ലോകവും’ എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനുള്ള ലഘുപ്രഭാഷണം തയാറാക്കുക. (6)

14 “എന്നുവച്ചാൽ താൻ വളർത്തിയ ഒന്നിനെ കൊല്ലാനുള്ള പ്രയാസം. അതു കിടന്നു പിടക്കുന്നതു കാണുക അസഹനീയമാണ്. എന്നു വച്ചു കൊല്ലാതൊക്കുമോ? അതിന്റെ ജീവൻ പോകുന്നതു കാണുമ്പോൾ കണ്ണുനിറയാത്തത് കണ്ണിൽക്കൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതുകൊണ്ടാണ്, ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്.” *(കോഴിയും കിഴവിയും)*

- മനുഷ്യസ്വഭാവത്തെ സംബന്ധിച്ച കഥാകൃത്തിന്റെ ഈ നിരീക്ഷണം വർത്തമാനകാല സമൂഹത്തിനും ബാധകമാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിച്ച് ലഘുനിരൂപണം തയാറാക്കുക. (6)

SET- II

# മാതൃകാചോദ്യപേപ്പർ 2016 -17

# മലയാളം

## അടിസ്ഥാനപാഠാവലി

**സ്റ്റാന്റേർഡ്: X** | **സമയം : 90** മിനിറ്റ്
**സ്കോർ: 40**

**പൊതു നിർദേശങ്ങൾ**

- *ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.*
- *ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.*
- *ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.*

1. ചുവടെക്കൊടുത്തിരിക്കുന്നവയിൽ 'അറ്റകൈക്ക് ഉപ്പുതേയ്ക്കാത്തവൻ' എന്ന പഴഞ്ചൊല്ലിന്റെ ആശയത്തിന് ഏറ്റവും യോജിച്ച കഥാപാത്രം ഏത്?
(ചെമ്പുമത്തായി, അമ്മത്തൊട്ടിലിലെ മകൻ, പുഷ്പവേലിൽ ഔസേപ്പ്, മർക്കോസ്)
(1)

2. "അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
തന്മകന്നായിപ്പകർന്ന പാൽമുത്തുകൾ"
താഴെ കൊടുത്തിരിക്കുന്നവയിൽ പാൽമുത്തുകൾ എന്ന പ്രയോഗത്തിന്റെ ആശയത്തിനു ചേരാത്തത് ഏത്? (1)
   - അമ്മ പകർന്ന പാലും മുത്തും.
   - അമ്മ ചൊരിഞ്ഞ സ്നേഹവാത്സല്യം.
   - അമ്മ പകർന്ന മുലപ്പാലിന്റെ വെണ്മ.
   - അമ്മ നൽകിയ ഭാഷയുടെ ഭംഗി.

3. "മൂന്നു പതിറ്റാണ്ടായി <u>നൂലുകോർത്ത് കുഴിഞ്ഞുപോയ കണ്ണുകൾ</u> കൊണ്ട് അയാൾ ചുറ്റു പാടും നോക്കുന്നത് മത്തായി ശ്രദ്ധിച്ചു." *(പണയം)*
അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക. (2)

4. ആ <u>സ്വാദുള്ള</u> ശവം അവരുടെ പറമ്പിനരികിൽ കിടന്നു. (കോഴിയും കിഴവിയും)
അടിവരയിട്ടിരിക്കുന്ന വിശേഷണം സന്ദർഭത്തിനു നൽകുന്ന സവിശേഷമായ അർഥം കുറിക്കുക. (2)

5. വിളിക്കാനും ആരുമില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോവുന്നതിൽ മകന് നന്നേ വിഷമമുണ്ടായിരുന്നു.
അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക. (2)

**ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക (അരപ്പുറം വീതം)**

6. "ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്." *(ശ്രീനാരായണഗുരു)*
   - നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപ്പെട്ടുകിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു. *(കുറ്റിപ്പുഴ കൃഷ്ണപിള്ള).*

   ശ്രീനാരായണഗുരുവിന്റെ ദർശനം കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണത്തെ സാധൂകരിക്കുന്നുണ്ടോ? പരിശോധിക്കുക. (4)

7. "ഒരു ചട്ടിയുടെ ഇരുവശമായി ഭാര്യയും ഭർത്താവും ഇരുന്നു. അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞി കുടിച്ചുതുടങ്ങി."
ഇത്തരത്തിലുള്ള ജീവിതചിത്രങ്ങൾ 'പ്ലാവിലക്കഞ്ഞി'യെ ഹൃദ്യമാക്കുന്നത് എങ്ങനെ ? സ്വന്തം നിരീക്ഷണം എഴുതുക. (4)

8. • ഇത്രയും കാലം അച്ഛന്റെ ഓരോ വിളിക്കുപിന്നാലെയും അമ്മ ഓടുകയായിരുന്നു.

• ഇന്നലേം വിളിച്ചു, വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വച്ചാൽ.. *(ഓരോ വിളിയും കാത്ത്)* ഈ കഥയിൽ ആവിഷ്കരിക്കപ്പെടുന്ന സമകാലിക കേരളീയ കുടുംബത്തിലെ സ്ത്രീജീവിതാവസ്ഥ വിമർശനാത്മകമായി വിലയിരുത്തുക. (4)

9. "കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി."

വിദ്യാലയജീവിതത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ഈ കാവ്യസന്ദർഭത്തെ വികാരതീവ്രമാക്കുന്നത്? കുറിപ്പു തയാറാക്കുക. (4)

10. "പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം, അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നതാണ്" *(പത്രനീതി- സുകുമാർ അഴീക്കോട്)*

പത്രങ്ങളെക്കുറിച്ചുള്ള ലേഖകന്റെ വിമർശനത്തിലടങ്ങിയ പരിഹാസം വിശകലനം ചെയ്യുക. (4)

11. "പോയകാലത്തിൻ മധുരങ്ങളിൽ കൊതി-
യൂറുന്ന ശീലം മറന്നു തുടങ്ങി ഞാൻ." *(അമ്മയുടെ എഴുത്തുകൾ)*

• "ഉണ്ണീ മറക്കായ്ക പക്ഷേ ഒരമ്മതൻ
നെഞ്ഞിൽനിന്നുണ്ട മധുരമൊരിക്കലും" *(ചോറൂണ് - ഒ എൻ വി )*

ഇരു കാവ്യഭാഗങ്ങളിലും തെളിയുന്ന ജീവിതനിരീക്ഷണം കണ്ടെത്തി കുറിപ്പു തയാറാക്കുക. (4)

**ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക (ഒരു പുറം വീതം)**

12. • "ഈ മലനാട്ടിൻ വായുവിലുണ്ടൊരു
മധുരോദാരവികാരം, മഞ്ഞാ-
ലീറനുടുത്തൊരു പാവനഭാവം"

• "മലയാളത്തറവാട്ടിന്നങ്കണ-
മണിപീഠത്തിലിരുത്തൂ ഞങ്ങടെ
കൊച്ചുകിനാവുകൾ തേടിയലഞ്ഞൂ മ-
ലർക്കളമെഴുതിക്കാത്തോരരചനെ"

'ഓണമുറ്റത്ത്' എന്ന കവിതയിൽ അവതരിപ്പിച്ചിരിക്കുന്ന ഓണസങ്കല്പത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക. (6)

13. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴി കൂകിയപ്പോൾ, ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി, മത്തായി മാർഗേണ കൂകി: "നോക്കീക്കോ."

• അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ട് വളരുന്ന മത്തായിയും അയൽക്കാരായിപ്പാർത്തു.

• മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്. *(കോഴിയും കിഴവിയും)*

കഥ വിശകലനം ചെയ്ത് ഹാസ്യാത്മകമായ ആഖ്യാനത്തിന്റെ സവിശേഷതകൾ വിശദമാക്കി കഥയ്ക്കു ലഘുനിരൂപണം തയാറാക്കുക. (6)

14. പ്രകൃതിയും മനുഷ്യനും പരസ്പരം ഇണങ്ങി ജീവിച്ചിരുന്ന ഒരു കാലത്തിന്റെ മധുരമായ ഓർമ്മകളാണല്ലോ 'കൊച്ചു ചക്കരച്ചി'.

ഇത്തരത്തിലുള്ളൊരു ബന്ധം ഇന്ന് നിലനിൽക്കുന്നുണ്ടോ? പ്രകൃതിയുമായി ബന്ധപ്പെട്ട സമകാലിക പ്രശ്നങ്ങൾ കൂടി പരിഗണിച്ച് പ്രകൃതിയും മനുഷ്യരും എന്ന വിഷയത്തിൽ ഒരു മുഖപ്രസംഗം തയാറാക്കുക. (6)

A

# മലയാളം

## (അടിസ്ഥാനപാഠാവലി)

**സ്റ്റാന്റേർഡ് : X** | **സമയം : 1½ മണിക്കൂർ**
**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. "എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?" (പ്ലാവിലക്കഞ്ഞി)
   ഈ വരിയിൽ തെളിയുന്ന ഭാവം എന്ത്?
   (കോപം, പരിഹാസം, വാത്സല്യം, വെറുപ്പ്) 1

2. "ഞാനിവിടെ ഒറ്റയ്ക്കാണെന്ന് എനിക്കു തോന്നിയിട്ടില്ല." (ഓരോ വിളിയും കാത്ത്)
   അമ്മയുടെ വാക്കുകളിലെ സൂചനയെന്ത്?
   - വീട് നിറയെ ആളുകളുണ്ട്.
   - ഒറ്റയ്ക്കാണെന്നത് എന്റെ തോന്നലാണ്.
   - ഒറ്റയ്ക്ക് ജീവിക്കുന്നതിനുള്ള തന്റേടമുണ്ട്.
   - അച്ഛന്റെ സാന്നിധ്യം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. 1

3. 'കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും 'കൊതിയസമാജ'ത്തിൽ അംഗങ്ങൾ ആയിരിക്കണം.' അടിവരയിട്ട പദത്തിന്റെ ഏറ്റവും ശരിയായ അർഥം?
   (കൊതിയുള്ള സമാജം, കൊതിപൂണ്ട സമാജം, കൊതിയരുടെ സമാജം, സമാജത്തിന്റെ കൊതി) 1

4. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായ പദച്ചേരുവ കണ്ടെത്തുക. 1
   - അരിയിട്ട് - അരി, ഇട്ട്
   - തിരുവോണം - തിരു, വോണം
   - അണുവിട - അണു, വിട
   - കഞ്ഞിയിൽ - കഞ്ഞി, യിൽ

5. 'അങ്ങനെ എന്തെല്ലാം മന്ത്രതന്ത്രങ്ങൾ – ഉപാസനകൾ – മാവിൻചോട്ടിൽ നടന്നിരുന്നു!'
   – കുട്ടിക്കാലത്തെ ഇത്തരം പ്രവൃത്തികളെ 'അപരിഷ്കൃതമട്ടുകൾ' എന്നു ലേഖകൻ വിശേഷിപ്പിച്ചിരിക്കുന്നതിന്റെ യുക്തി എഴുതുക. 2

6. "ഏതോ ദിശയിൽനിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു." (ഓരോ വിളിയും കാത്ത്) അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന സവിശേഷാർഥം കണ്ടെത്തി എഴുതുക. 2

**7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക – നാലു സ്കോർ വീതം – അരപ്പുറം (5 x 4 = 20)**

. "തിമിരപ്പടർപ്പുകൾ നിറഞ്ഞ കണ്ണുകൾ ചിമ്മാതെ ഉറക്കൊഴിക്കാൻ ഇനി ആരാണുള്ളതെന്ന നിരാശ അമ്മയിൽ." (ഓരോ വിളിയും കാത്ത്)

"... മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ ..." (അമ്മത്തൊട്ടിൽ)

- കഥാപാത്രങ്ങളുടെ ജീവിതാവസ്ഥകൾ പ്രതിഫലിപ്പിക്കാൻ ഈ വരികൾ എത്രത്തോളം സഹായിക്കുന്നുണ്ട്? താരതമ്യം ചെയ്തു കുറിപ്പ് തയാറാക്കുക.

9. • 'പറയൂ, നാട്ടിൻപുറത്തുള്ള മാങ്ങകൾക്കെല്ലാം രുചി
ഈ 'മാംഗോഫ്രൂട്ടി'ക്കുള്ള പോലാണോ?' - (മാമ്പഴക്കാലം)

• "എന്തൊരു നൂറും മധുരവുമാണ്! പത്തുനാൽപ്പത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തുനിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു..... അങ്ങനെ പലപല മാവുകൾ അവരുടെ പ്രത്യേകസ്വാദുകളുമായി ഓടി എത്തുന്നു." (കൊച്ചുചക്കരച്ചി)

- കവിതാഭാഗത്തിലെ പുതിയകാലത്തെ കുട്ടിയുടെയും 'കൊച്ചുചക്കരച്ചി'യിലെ ലേഖകന്റെയും അനുഭവങ്ങൾ രണ്ടു തലമുറയുടേതാണ്. ഇവ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

10. കുട്ടി അമ്മയോട് ചോദിച്ചു: "ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ".... അവയ്ക്കു ഭൂമിയിൽ വേരുണ്ട്. അതുകൊണ്ട് ഉറപ്പു നിൽക്കുന്നു. അമ്മ പറഞ്ഞു.

- ഡി.വിനയചന്ദ്രൻ

"വൃക്ഷമെത്ര വളർന്നാലും വേരറ്റാൽ

വീണുതന്നെ പോം" (ഉള്ളൂർ)

രണ്ടു കവികളും നൽകുന്ന ജീവിതദർശനം താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

11. വൃക്ഷങ്ങളെ കുടുംബാംഗങ്ങളായി കണ്ടിരുന്ന ഒരു തലമുറ ഇവിടെ ജീവിച്ചിരുന്നു എന്ന് ഓർമ്മിപ്പിക്കുന്ന ലേഖനമാണ് 'കൊച്ചുചക്കരച്ചി.'

പ്രസ്താവന വിശകലനം ചെയ്ത് സ്വാഭിപ്രായം കുറിക്കുക.

12. 'അമ്മത്തൊട്ടിൽ' എന്ന കവിതയുടെ വായനാനുഭവം സുഹൃത്തിനെ അറിയിക്കുന്നതിന് ഒരു കത്ത് തയാറാക്കുക.

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക - ആറുസ്കോർ വീതം - ഒരുപുറം**
**(2 x 6 = 12)**

13. "തെരുവിലുപേക്ഷിക്കപ്പെടുന്ന വാർധക്യത്തെക്കുറിച്ചുള്ള വ്യാകുലചിന്തകളാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത."

- കവിതയിലെ ആശയവും സമകാലികസംഭവങ്ങളും വിശകലനം ചെയ്ത് 'തെരുവിലുപേക്ഷിക്കപ്പെടുന്ന വാർധക്യം' എന്ന വിഷയത്തെക്കുറിച്ച് എഡിറ്റോറിയൽ തയാറാക്കുക.(ഒരുപുറം)

14. • "അന്നു പാതിരാവരെ കോരൻ ആ ചക്രവും മടിയിലിട്ട് അരി അന്വേഷിച്ച് ഊന്നി നടന്നു."

• "ആ വലിയ വീട്ടിൽനിന്ന് ചാക്കുകളായി നെല്ലു വള്ളത്തിലേക്കു പോകുന്നുണ്ട്."

• "പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ലു മറ്റാരുടേയോ വകയായിരുന്നു."

- 'പ്ലാവിലക്കഞ്ഞി' എന്ന നോവൽഭാഗത്ത് പ്രകടമാവുന്ന സാമൂഹികജീവിതം വിശകലനം ചെയ്ത് 'അടിയാളജീവിതം കേരളത്തിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. (ഒരുപുറം)

15. "ഞാനെങ്ങന്യാ മോനേ വരാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ...."

അച്ഛനും അമ്മയും തമ്മിലുള്ള ശക്തമായ ഹൃദയബന്ധമാണ് 'ഓരോ വിളിയും കാത്ത്' എന്ന കഥയെ വികാരതീവ്രമാക്കുന്നത്.

- കഥ വിശകലനം ചെയ്ത് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക. (ഒരുപുറം)

## അടിസ്ഥാനപാഠാവലി

A

### മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | വാത്സല്യം | 1 | 1 |
| 2 | അച്ഛന്റെ സാന്നിധ്യം ഇപ്പോഴും അനുഭവപ്പെടുന്നുണ്ട്. | 1 | 1 |
| 3 | കൊതിയരുടെ സമാജം | 1 | 1 |
| 4 | അരിയിട്ട് - അരി, ഇട്ട് | 1 | 1 |
| 5 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>യുക്തി കണ്ടെത്തിയിട്ടുണ്ട്. | 1<br>1 | 2 |
| 6 | സവിശേഷാർഥം കണ്ടെത്തിയിട്ടുണ്ട് | 2 | 2 |
| 7 | സന്ദർഭം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സാമൂഹികസാഹചര്യം കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. | 1<br>2<br>1 | |
| 8 | വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>കഥാപാത്രങ്ങളുടെ ജീവിതാവസ്ഥകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പ്രയോഗഭംഗികൾ വ്യക്തമാക്കിയിട്ടുണ്ട്.<br>താരതമ്യം നടത്തിയിട്ടുണ്ട്. | 1<br>1<br>1<br>1 | |
| 9 | വ്യത്യസ്ത കാലഘട്ടങ്ങളിലെ ബാല്യകാലാവസ്ഥകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>പരിസ്ഥിതിയോടുള്ള മനോഭാവത്തിൽ വന്ന മാറ്റം തിരിച്ചറി-ഞ്ഞിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. | 1 + 1<br>1<br>1 | 20 |
| 10 | ഉള്ളൂരിന്റെ വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>വേരുകളിലെ ആശയവുമായി താരതമ്യം ചെയ്തിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം യുക്തിപൂർവം സമർഥിക്കുന്നു. | 1<br>2<br>1 | |
| 11 | നൽകിയിട്ടുള്ള പ്രസ്താവനയിലെ ആശയം കണ്ടെത്തിയിട്ടുണ്ട്.<br>പാഠഭാഗത്തെ ആശയവുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിച്ചിട്ടുണ്ട്. | 1<br>2<br>1 | |
| 12 | കവിതയിലെ ആശയം അവതരിപ്പിച്ചിട്ടുണ്ട്.<br>അനുഭവവിവരണത്തിൽ വൈകാരികത പുലർത്തിയിട്ടുണ്ട്.<br>രചനയെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1<br>2<br>1 | |
| 13 | കവിതയിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സമകാലിക സംഭവങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.<br>നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1<br>2<br>2<br>1 | |
| 14 | പാഠഭാഗത്തെ (നോവൽഭാഗത്തെ) സാമൂഹികജീവിതം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>യുക്തിപൂർവം വിശകലനം ചെയ്തിട്ടുണ്ട്.<br>കൂടുതൽ ഉദാഹരണങ്ങൾ കൊണ്ട് സമർഥിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>1<br>2<br>1 | 12 |
| 15 | കഥയിലെ വൈകാരിക മുഹൂർത്തങ്ങൾ കണ്ടെത്തി വിശകലനം ചെയ്തിട്ടുണ്ട്.<br>കഥാപാത്രത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 2<br>2<br>1<br>1 | |

**B**

# മലയാളം - II
## (അടിസ്ഥാനപാഠാവലി)

സ്റ്റാൻഡേർഡ് : X

സമയം : 1½ മണിക്കൂർ

സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. എന്റെ ചങ്ങാതി എത്തിപ്പോയി. 1

അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്ന ഭാവം എന്ത്?

(ആശങ്ക, സഹഭാവം, ആഹ്ലാദം, സഹതാപം)

2. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക. 1

അപ്പനും മകനും കെട്ടിപ്പിടിച്ചു.

ആ കാഴ്ച നോക്കി നിന്ന് ചിരുത ആനന്ദിച്ചു.

3. ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ?) - (അമ്മത്തൊട്ടിൽ)

ഈ വരിയിലെ ചോദ്യച്ചിഹ്നം ധ്വനിപ്പിക്കുന്നതെന്തെല്ലാം?

2

4. 'അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.'

ഈ വരികളിൽ തെളിയുന്ന മകന്റെ മാനസികാവസ്ഥ എഴുതുക. 2

5. 'പൂത്തിരി കത്തിച്ചതുപോലുള്ള മാമ്പൂക്കുല'-

ഈ വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം സമർഥിക്കുക.

2

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് മാത്രം ഉത്തരം എഴുതുക - നാലുസ്കോർ വീതം - അരപ്പുറം**
**(5 x 4 = 20)**

6. "എടീ കള്ളീ! നീയത് ഒളിച്ചുമച്ചിരുന്നോ?" 'രണ്ടിടങ്ങഴി'യെ വികാരതീവ്രമായ വായനാനുഭവമാക്കുന്നത് തനിമയാർന്ന വാമൊഴിപ്രയോഗങ്ങളാണ്. ഈ നിരീക്ഷണം യുക്തിപൂർവം സമർഥിക്കുക.

7. "തൊട്ടിലിൽ താരാട്ടുമ്പോൾ നീ പഠിച്ചൊരാപ്പാഠം

വിട്ടുപോകില്ല നിന്നെയന്ത്യകാലത്തോളവും" - (ഉള്ളൂർ)

കവിയുടെ ഈ പ്രതീക്ഷയെ 'അമ്മത്തൊട്ടി'ലിലെ മകന്റെ പ്രവൃത്തിയുമായി ബന്ധിപ്പിച്ച് വിലയിരുത്തുക.

8. "നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്?"

ഏതോ വിഷാദസ്വരത്തിൽ അവൻ പറഞ്ഞു:

"ഇല്ലച്ഛമ്മേ, ഒന്നും കേൾക്കില്ല. ടീവിന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ."

- അമ്മ ആഗ്രഹിക്കുന്ന ജീവിതത്തെക്കുറിച്ചുള്ള എന്തെല്ലാം സൂചനകൾ സന്ദർഭത്തിൽ തെളിയുന്നുണ്ട്?
- കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിശോധിച്ച് സ്വന്തം നിരീക്ഷണം അവതരിപ്പിക്കുക.

9. ''വീടിനെ വീടാക്കി മാറ്റുന്നത് അതിലെ സ്നേഹത്തിന്റെ കെട്ടുറപ്പാണ്.'' (യു.കെ. കുമാരൻ)

ഈ നിരീക്ഷണത്തെ അടിസ്ഥാനമാക്കി 'ഓരോ വിളിയും കാത്ത്' എന്ന കഥയുടെ വായനാനുഭവം കഥാകൃത്തിനെ അറിയിക്കുന്നതിനുള്ള കത്ത് തയാറാക്കുക.

10. "മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ"
അമ്മയുടെ ദൈന്യം വായനക്കാരന്റെ മനസ്സിനെ നൊമ്പരപ്പെടുത്തുന്ന വാങ്മയചിത്രമായാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. മങ്ങിപ്പഴകിയ പിഞ്ഞാണവും അമ്മയുടെ കണ്ണുകളും തമ്മിലുള്ള സാദൃശ്യകല്പനയുടെ ഔചിത്യം വ്യക്തമാക്കുക.

11. "കർക്കടകമാസത്തിലെ കറുത്തവാവിൻനാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്, മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു."

- മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'കൊച്ചുചക്കരച്ചി.' പ്രസ്താവന വിലയിരുത്തി കുറിപ്പു തയാറാക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക - ആറു സ്കോർ വീതം**
**(2 x 6 = 12)**

12. "ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ." (ഓരോ വിളിയും കാത്ത്).

"എങ്ങിനിക്കൊണ്ടിരക്കേണ്ടു സ്വയം ബുദ്ധി -
കെട്ടു കരിന്തിരിയാളും വരെയവർ ......" (അമ്മത്തൊട്ടിൽ)
രണ്ടു രചനകളിലെയും മക്കൾക്ക് അമ്മയോടുള്ള സമീപനം ഒന്നാണോ? താരതമ്യം ചെയ്ത് വാർധക്യത്തോടുള്ള പുതുതലമുറയുടെ മനോഭാവത്തെക്കുറിച്ച് ലഘുപ്രഭാഷണം തയാറാക്കുക.

13. • രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?

• എന്തിനായിത്? നാഴി അരി അല്ല്യോ മച്ചുള്ളൂ? നീ കുടി.

• അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു.

മുകളിൽ കൊടുത്ത സൂചനകളും ഉചിതമായ കഥാസന്ദർഭങ്ങളും പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

14. 'ജീവിതം പടർത്തുന്ന വേരുകൾ' എന്ന യൂണിറ്റിലെ രചനകൾ മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചകളാണല്ലോ നൽകുന്നത്. രചനകൾ വിശകലനം ചെയ്ത് 'മനുഷ്യബന്ധങ്ങൾ സാഹിത്യകൃതികളിൽ' എന്ന വിഷയത്തെക്കുറിച്ച് ലഘൂപന്യാസം തയാറാക്കുക. (ഒരുപുറം)

**B**

# മൂല്യനിർണയ സൂചിക

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | ആഹ്ലാദം | 1 | 1 |
| 2 | അർഥവ്യത്യാസം വരാതെ ഉചിതമായ രീതിയിൽ വാക്യങ്ങൾ ചേർത്തെഴുതിയിട്ടുണ്ട്. | 1 | 1 |
| 3 | ചിഹ്നം ധ്വനിപ്പിക്കുന്ന ഉചിതമായ ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | 2 | 2 |
| 4 | മാനസികാവസ്ഥ കണ്ടെത്തിയിട്ടുണ്ട് (മാതൃസ്നേഹവും മകന്റെ കുറ്റബോധവും അവതരിപ്പിച്ചിട്ടുണ്ട്). | 2 | 2 |
| 5 | സാദൃശ്യകല്പനയുടെ ഔചിത്യം കണ്ടെത്തി സമർഥിച്ചിട്ടുണ്ട്. | 2 | 2 |
| 6 | സവിശേഷതയാർന്ന വാമൊഴി പ്രയോഗങ്ങൾ കൂടുതലായി കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | പ്രയോഗസവിശേഷതകൾ വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | സ്വന്തം നിരീക്ഷണം യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 2 | |
| 7 | നൽകിയിരിക്കുന്ന വരികളുടെ ആശയം കണ്ടെത്തിയിട്ടുണ്ട്. | 1 | |
| | 'അമ്മത്തൊട്ടിലി'ലെ മകന്റെ പ്രവൃത്തിയുമായി താരതമ്യം ചെയ്തിട്ടുണ്ട്. | 2 | |
| | സ്വന്തം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. | 1 | |
| 8 | അമ്മയുടെ ജീവിതകാഴ്ചപ്പാട് തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | 20 |
| | കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| 9 | സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | നൽകിയിരിക്കുന്ന നിരീക്ഷണം വിശകലനം ചെയ്തിട്ടുണ്ട് | 1 | |
| | കഥയിലെ സന്ദർഭങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട് | 1 | |
| | അനുഭവവിവരണത്തിന്റെ വൈകാരികത പുലർത്തിയിട്ടുണ്ട്. | 2 | |
| 10 | പ്രയോഗസവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | 2 | |
| 11 | നൽകിയിട്ടുള്ള സന്ദർഭത്തിന്റെ ആശയഭംഗി വ്യക്തമാക്കിയിട്ടുണ്ട്. | 2 | |
| | പ്രസ്താവനയുമായി യുക്തിപൂർവം ബന്ധിപ്പിച്ചിട്ടുണ്ട്. | 2 | |
| 12 | രണ്ടു രചനകളിലെയും മക്കളുടെ മനോഭാവം തിരിച്ചറിഞ്ഞിട്ടുണ്ട് | 2 | |
| | താരതമ്യം ചെയ്തിട്ടുണ്ട്. | 1 | |
| | പുതുതലമുറയുടെ മനോഭാവം തിരിച്ചറിയുന്ന തരത്തിലുള്ള | 2 | |
| 13 | ഉദാഹരണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | | |
| | നൽകിയിട്ടുള്ള സൂചനകൾ വിശകലനം ചെയ്തിട്ടുണ്ട്. | 1 | |
| | കഥാപാത്രത്തിന്റെ സവിശേഷത തിരിച്ചറിഞ്ഞിട്ടുണ്ട്. | 2 | |
| | കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി യുക്തിപൂർവം | | |
| 14 | അവതരിപ്പിച്ചിട്ടുണ്ട്. | 2 | 12 |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ പാഠഭാഗങ്ങളിൽ നിന്നു കണ്ടെത്തിയിട്ടുണ്ട്. | 2 | |
| | വിശകലനം ചെയ്ത് യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട്. | 1 | |
| | സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. | 2 | |
| | ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1 | |

C

# മലയാളം - III

## (അടിസ്ഥാനപാഠാവലി)

**സ്റ്റാന്റേർഡ് : X** | **സമയം : 1½ മണിക്കൂർ**
**സ്കോർ : 40**

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. ഞാൻ ഉറങ്ങിപ്പോയി.
   ഞാൻ സിനിമയ്ക്കു പോയി.

   അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം എഴുതുക. 1

2. പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല.
   മാമ്പൂക്കുല എന്ന പദത്തിന്റെ വിഗ്രഹാർഥം കണ്ടെത്തുക.

   (മാമ്പൂവും കുലയും, മാമ്പൂവിന്റെ കുല, മാവിലെ പൂക്കുല, മാമ്പൂവാകുന്ന കുല) 1

3. "അപ്പോൾ നമ്മുടെ വേരുകളോ?"
   "അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ."

   – വേരുകൾ എന്ന പ്രയോഗത്തിന്റെ സൂചിതാർഥം വിശദമാക്കുക. 2

4. ചുവടെക്കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ശരിയായ വാക്യം കണ്ടെത്തി എഴുതുക.

   ഓരോ പൗരന്മാരും നിയമം അനുസരിക്കാൻ ബാധ്യസ്ഥനാണ്. 2

   ഓരോ പൗരന്മാരും നിയമം അനുസരിച്ച് ബാധ്യസ്ഥരാണ്.

   ഓരോ പൗരനും നിയമം അനുസരിക്കാൻ ബാധ്യസ്ഥനാണ്.

   ഓരോ പൗരന്മാരും നിയമം അനുസരിക്കാൻ ബാധ്യസ്ഥരാണ്.

5. "പിന്നെയും മുന്നോട്ട്, വെട്ടമില്ലാളില്ല 2
   കുട്ടിയേകാന്തത കണ്ണുപൊത്തിക്കളി-
   ക്കുന്ന വിദ്യാലയമുറ്റമുണ്ടൊന്നിനി"

   അടിവരയിട്ട പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവപ്പൊലിമ കണ്ടെത്തി എഴുതുക.

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക – നാലു സ്കോർ വീതം – അരപ്പുറം**
**(5 x 4 = 20)**

6. "പച്ചമാങ്ങ അൽപ്പം ഉപ്പുചേർത്ത് കറുമുറാ ചവച്ചു തിന്നാൽ, കുത്തിയൊലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊണ്ട് അണകൾ കോച്ചിപ്പോകും – അത്ര രസമാണ്."

   ലേഖകന്റെ ബാല്യകാലാനുഭൂതികൾ വായനക്കാരന്റേതുകൂടിയായി മാറുന്ന ഭാഷാശൈലിയാണ് 'കൊച്ചുചക്കരച്ചി'യുടെ സവിശേഷത. ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ലേഖനത്തിൽനിന്നു തെളിവുകൾ കണ്ടെത്തി സമർഥിക്കുക.

7. "നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല. പിന്നെ എന്താ ആടെ ഉള്ളത്?" അമ്മ തമാശയോടെ ചോദിച്ചു." (ഓരോ വിളിയും കാത്ത്)

ഗ്രാമ-നഗരജീവിതങ്ങളോടുള്ള അമ്മയുടെ എന്തു മനോഭാവമാണ് ഈ വരികളിൽ തെളിയുന്നത്?

വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

8. 'അരിയിട്ടു തിളപ്പിച്ച കഞ്ഞി കുടിക്കണം - അവസാനത്തെ ആഗ്രഹം' - (രണ്ടിടങ്ങഴി)

കേരളത്തിലെ അടിയാളജീവിതദൈന്യത്തിന്റെ നേർച്ചിത്രമാണോ 'പ്ലാവിലക്കഞ്ഞി'? വിലയിരുത്തി കുറിപ്പു തയാറാക്കുക.

9. "അച്ഛന്റെ വിളികൾക്കു പിന്നാലെ പോവുമ്പോൾ ഏതവസ്ഥയിലും അമ്മ ചെറുപ്പത്തി ലേക്കു മടങ്ങുകയായിരുന്നു." (ഓരോ വിളിയും കാത്ത്)

അച്ഛനും അമ്മയും തമ്മിലുള്ള ഹൃദയബന്ധം തിരിച്ചറിയാൻ മകനു കഴിയുന്നുണ്ടോ? മറ്റു കഥാസന്ദർഭങ്ങൾകൂടി പരിശോധിച്ച് സ്വന്തം നിരീക്ഷണം കുറിക്കുക.

10. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴിപറഞ്ഞേക്കും, മടങ്ങാതെ
വയ്യാ, തലയ്ക്കകത്തെന്തോ പെരുക്കുന്നു."
ചെയ്യരുതാത്തത് ചെയ്യുന്നതിന്റെ ഫലമാണ് മകൻ അനുഭവിക്കുന്ന മാനസികസംഘർഷ ങ്ങൾ. 'അമ്മത്തൊട്ടിൽ' എന്ന കവിത വർത്തമാനകാല കേരളീയസമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്? വിശകലനം ചെയ്തു കുറിപ്പു തയാറാക്കുക.

11. "എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?" അവൾ ചിരിച്ചു. അവളുടെ താടിയിൽ വാത്സ ല്യപൂർവം ഒന്നു കുത്തിയിട്ട് അവൻ ചോദിച്ചു.

'പ്ലാവിലക്കഞ്ഞി'യിലെ കോരന്റെയും ചിരുതയുടെയും ജീവിതം വർത്തമാനകാല സമൂ ഹത്തിനു നൽകുന്ന ജീവിതപാഠമെന്ത്? ലഘുപ്രഭാഷണം തയാറാക്കുക.

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിനു മാത്രം ഉത്തരമെഴുതുക - ആറുസ്കോർ വീതം - ഒരുപുറം**
**(2 x 6 = 12)**

12. "മാതൃവാക്കൊന്നാകണം നമുക്കു സാക്ഷാൽ വേദം
മാതൃശുശ്രൂഷായത്നമാകണം മഹായജ്ഞം
മാതാവിന്നുഴിഞ്ഞീടുകാത്മജീവിതം
ഭ്രാതാക്കന്മാരേ, പാരിൽ ദൈവമേതുള്ളൂ വേറെ?" (വള്ളത്തോൾ)
(ഭ്രാതാവ് - സഹോദരൻ, പാര് - ഭൂമി)

'അമ്മത്തൊട്ടിലി'ലെ മകന്റെ മനോഭാവത്തെ ഈ വരികളുടെ ആശയവുമായി ബന്ധി പ്പിച്ച് വിമർശനാത്മകമായി വിലയിരുത്തുക.

13.
- 'പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങിവരുന്നു.'
- 'എനീപ്പം എന്നെക്കൊണ്ട് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ.'
- 'ജര ബാധിച്ച സമയത്തെക്കുറിച്ച് അമ്മ ഓർക്കും.'
- 'ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ .....'

– തന്നിരിക്കുന്ന സൂചനകളും പ്രസക്തമായ സന്ദർഭങ്ങളും വിശകലനം ചെയ്ത് ഓരോ വിളിയും കാത്ത് എന്ന കഥയ്ക്ക് നിരൂപണം തയാറാക്കുക (പ്രമേയം, ആഖ്യാനരീതി, ഭാഷാശൈലി, സമകാലികപ്രസക്തി എന്നിവ പരിഗണിക്കണം).

14. 'കൊച്ചുചക്കരച്ചി'യിൽ ആവിഷ്കരിച്ചിരിക്കുന്നതുപോലെയുള്ള ആഹ്ലാദകരമായ ബാല്യ മാണോ ഇന്നത്തെ കുട്ടികൾക്കുള്ളത്? എന്തെല്ലാം പ്രശ്നങ്ങളാണ് ഇന്ന് കുട്ടികൾ അഭിമു ഖീകരിക്കുന്നത്?

കുട്ടികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ വിശകലനം ചെയ്ത് 'നഷ്ടപ്പെടുന്ന ബാല്യകാലം' എന്ന ശീർഷകത്തിൽ മുഖപ്രസംഗം തയാറാക്കുക.

# മൂല്യനിർണയ സൂചിക

**C**

| ചോദ്യ നമ്പർ | മൂല്യനിർണയ സൂചകങ്ങൾ | സ്കോർ വിശദാംശങ്ങൾ | ആകെ |
|---|---|---|---|
| 1 | അർഥവ്യത്യാസം കണ്ടെത്തിയിട്ടുണ്ട്.<br>അപ്രതീക്ഷിതം, ബോധപൂർവം (അനുപ്രയോഗം, ക്രിയാരൂപം) | <br>1 | <br>1 |
| 2 | മാമ്പൂവിന്റെ കുല | 2 | 2 |
| 3 | സൂചിതാർഥം കണ്ടെത്തിയിട്ടുണ്ട്. | 1 | 1 |
| 4 | ഓരോ പൗരനും നിയമം അനുസരിക്കാൻ ബാധ്യസ്ഥനാണ്. | 2 | 2 |
| 5 | പ്രയോഗഭംഗി കണ്ടെത്തിയിട്ടുണ്ട്. | 2 | 2 |
| 6 | പ്രസ്താവനയ്ക്ക് യോജിച്ച തെളിവുകൾ<br>കണ്ടെത്തിയിട്ടുണ്ട്.<br>അവയെ പ്രസ്താവനയുമായി ബന്ധിപ്പിച്ച് വിശകലനം<br>ചെയ്തിട്ടുണ്ട്.<br>യുക്തിപൂർവം സമർഥിച്ചിട്ടുണ്ട്. | <br>1<br>2<br><br>1 | |
| 7 | പ്രസ്താവനയുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകൾ<br>കണ്ടെത്തിയിട്ടുണ്ട്.<br>അമ്മയുടെ മനോഭാവം വിശകലനം ചെയ്തിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. | <br>1<br>2<br>1 | |
| 8 | പ്രസ്താവനയുടെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>കഥയിലെ സന്ദർഭങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്. | 1<br>2<br>1 | 20 |
| 9 | പ്രസ്താവനയുമായി ബന്ധപ്പെട്ട കൂടുതൽ തെളിവുകൾ<br>കണ്ടെത്തിയിട്ടുണ്ട്.<br>മകന്റെ മാനസികാവസ്ഥ വിശകലനം ചെയ്തിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. | <br>1<br>2<br>1 | |
| 10 | കവിതാഭാഗവുമായി പ്രസ്താവനയെ ബന്ധിപ്പിച്ച് വിശകലനം<br>ചെയ്തിട്ടുണ്ട്.<br>വർത്തമാനകാല കേരളീയാവസ്ഥ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>യുക്തിപൂർവം വിശകലനം ചെയ്തിട്ടുണ്ട് | <br>2<br>1<br>1 | |
| 11 | കോരന്റെയും ചിരുതയുടെയും ജീവിതസവിശേഷതകൾ<br>തിരിച്ചറിഞ്ഞിട്ടുണ്ട്.<br>വർത്തമാനകാലസമൂഹത്തിന് നൽകുന്ന പാഠം<br>എന്തെന്ന് വ്യക്തമാക്കിയിട്ടുണ്ട്. | 2<br><br>2 | |
| 12 | നൽകിയിട്ടുള്ള വരികളിലെ ആശയം തിരിച്ചറിഞ്ഞിട്ടുണ്ട്.<br>മകന്റെ മനോഭാവം കണ്ടെത്തിയിട്ടുണ്ട്.<br>ഇവയെ താരതമ്യം ചെയ്തിട്ടുണ്ട്.<br>വിമർശനാത്മകമായി വിലയിരുത്തിയിട്ടുണ്ട്. | 2<br>2<br>1<br>1 | |
| 13 | കഥയുടെ ആശയം ഗ്രഹിച്ചിട്ടുണ്ട്.<br>ആഖ്യാനരീതിയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്.<br>സമകാലിക പ്രസക്തി കണ്ടെത്തിയിട്ടുണ്ട്.<br>സ്വന്തം നിരീക്ഷണം അവതരിപ്പിച്ചിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | 1<br>2<br>1<br>1<br>1 | 12 |
| 14 | 'കൊച്ചുചക്കരച്ചി'യിലെ ബാല്യകാല സവിശേഷതകൾ<br>കണ്ടെത്തിയിട്ടുണ്ട്.<br>വർത്തമാനകാലത്തെ കുട്ടികളുടെ ജീവിതപ്രശ്നങ്ങൾ<br>തിരിച്ചറിഞ്ഞിട്ടുണ്ട്.<br>താരതമ്യം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്.<br>നിലപാടുകൾ വ്യക്തമാക്കിയിട്ടുണ്ട്.<br>ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | <br>1<br><br>1<br>2<br>1<br>1 | |